കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2021 മേയ്
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00





സ്റ്റീഫൻ ഹോക്കിങ്
(ശാസ്ത്രം)
**ഡോ. ജോർജ് വർഗീസ്**
വില ₹100.00




ഖസാക്കിലെ തുമ്പികൾ
(വൈജ്ഞാനികം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹70





തച്ചനാർ
(കഥ)
**സി രാധാകൃഷ്ണൻ**
വില ₹90



പഴമ മലയാളം
(വൈജ്ഞാനികം)
**പള്ളിയറ ശ്രീധരൻ**
വില ₹90



ചിന്നുവിന്റെ ചിരിക്കാലം (നോവൽ)
**അഖില എം**
വില ₹60





കാണാപ്പുറങ്ങൾ
(കഥ)
**ബ്രിജി കെ റ്റി**
വില ₹80.00



ഇ എം എസിന്റെ ജീവിതകഥ (ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹70




കുട്ടികളുടെ ലോകം
(വൈജ്ഞാനികം)
**ഡോ. എം ആർ തമ്പാൻ**
വില ₹40




ഗലീലിയോ
(വൈജ്ഞാനികം)
**അരുൺ സി ജി**
വില ₹100



പച്ചപ്പനങ്കിളി
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45




മാർക്കോണി
(ജീവചരിത്രം)
**സുധീർ പൂച്ചാലി**
വില ₹60


**കൂടുതൽ പുസ്തകങ്ങൾക്ക്**
**website : www.ksicl.org**

**കോപ്പികൾക്ക്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മേയ് 2021**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം

## കൊന്നയും ഓർമയും

**6**

**ജി ആർ ഇന്ദുഗോപൻ**

പ്രഭുഅങ്കിളിന്റെ വീട്ടിൽ ആന്റിയുടെ മരണം അന്വേഷിച്ച് എത്തിയതായിരുന്നു ചന്തു. അതും ഇരുപതു വർഷത്തിനു ശേഷം. അപ്പോഴും അവന്റെ മനസ്സിൽ അവരോടുള്ള പഴയ നീരസം ഉണ്ടായിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും മനസ്സിൽ നിന്നും മായാതിരുന്ന ആ നോവിന് എന്തായിരുന്നു കാരണം?



## പെഴ്സിവിറൻസ് - ചൊവ്വയുടെ പുതിയ അതിഥി

**10**

**പി എം സിദ്ധാർത്ഥൻ**



നാസയുടെ ചൊവ്വാദൗത്യം പെഴസ്വിറൻസ് റോവർ ഏഴുമാസത്തെ യാത്രയ്ക്കു ശേഷം ലക്ഷ്യത്തിലെത്തിയിരിക്കുന്നു. ആ യാത്രയെ കുറിച്ച് നമുക്ക് കൂടുതൽ അറിയാം.

## കുട്ടികളുടെ ചലച്ചിത്രം എന്നൊന്നുണ്ടോ?

**20**

**വിനോദ് മങ്കര**

ഇത്തവണത്തെ ദേശീയ ചലച്ചിത്ര പുരസ്കാര മത്സരത്തിൽ ഏറെ ചർച്ചയായ കള്ളനോട്ടം, കറുപ്പു ദുരൈ (കെ ഡി) എന്നീ ചലച്ചിത്രങ്ങളെ കുറിച്ച് ദേശീയ ചലച്ചിത്ര ജൂറി അംഗം കൂടിയായിരുന്ന ലേഖകൻ എഴുതുന്നു.



**ആനക്കാര്യം**.................5
എൻ ടി രാജീവ്
**കവിതാപരിചയം**.................9
അക്കിത്തം
**പാവത്തിന്റെ പശു**.................16
കാരൂർ നീലകണ്ഠപിള്ള
**എന്തൊരു പൊല്ലാപ്പ്**.................26
സിന്ധു എൻ പി
**കടപയാദി**.................29
പള്ളിയറ ശ്രീധരൻ
**മാംസഭുക്കുകളായ സസ്യങ്ങൾ**.................30
**കേരള കർഷകൻ**.................35
അജിത്കുമാർ എച്ച്
**ലിംബാ റാം**.................36
സനിൽ പി തോമസ്
**ടോം സോയറുടെ സാഹസിക ജീവിതം**.................38
പുനരാഖ്യാനം : ജോളി വർഗീസ്
**ചെമ്പരത്തി**.................41
ജിംന കെ മൊകേരി
**ടാഗോർ കഥകളിലെ കുട്ടികൾ**.................42
സുമംഗല
**അക്വേറിയത്തിലെ കൂട്ടുകാരോട്**.................47
ശിവപ്രസാദ് പെരിയച്ചൂർ
**ഇത്തിരിരിയിടം തരൂ**.................48
ബാബുരാജ് മലപ്പട്ടം
**പഴമൊഴിപ്പത്തായം**.................49
രേഖ ആർ താങ്കൾ
**മഹാഭാരതം**.................50
സുഗതകുമാരി
**ഇളംതളിര്**.................53

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**അഭിലാഷ് ഹരിതം**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

വായിച്ചു വളരുക
**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

പ്രിയപ്പെട്ട കുട്ടികളേ,

ഓൺലൈൻ ക്ലാസ്സുകളും പരീക്ഷയും ഒക്കെ കഴിഞ്ഞ് കൂട്ടുകാർ വീടുകളിൽ സ്വസ്ഥമായി ഇരിക്കുകയാവും, അല്ലേ. മുൻപത്തെപ്പോലെ അവധിക്കാലത്ത് ടൂറു പോകാനോ പുറത്തുപോയി കളിക്കുവാനോ ഒന്നും കഴിയാത്ത സാഹചര്യമാണല്ലോ ഇപ്പോൾ.

സംസ്ഥാനത്ത് രണ്ടാം തരംഗത്തിന്റെ ആശങ്കകളുയർത്തി കോവിഡ് രോഗികളുടെ എണ്ണം വർധിക്കുകയാണ്. അതീവ ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. രോഗവ്യാപനം രൂക്ഷമായാൽ മരണനിരക്കും ഉയരും. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കുന്നതിനൊപ്പം വാക്സിനേഷൻ ഊർജിതമാക്കുവാനുമാണ് ആരോഗ്യവകുപ്പിന്റെ തീരുമാനം. സർക്കാർ നിർദേശങ്ങൾ പാലിക്കാൻ നാം എല്ലാവരും തയ്യാറാകണം. ഇല്ലെങ്കിൽ കാര്യങ്ങൾ കൈവിട്ട് പോകും... അതിനാൽ നമുക്ക് ഈ ജാഗ്രത തുടരാം. ഒറ്റക്കെട്ടായി പോരാടാം...

ഈ അവധിക്കാലം വീട്ടിനുള്ളിൽ ഇരുന്ന് എങ്ങനെ ഉപയോഗപ്രദമാക്കാം? അമ്മയെയും അച്ഛനെയും വീട്ടുജോലികളിലും മറ്റും നിങ്ങളാൽ കഴിയുന്ന രീതിയിൽ സഹായിച്ചാൽ



വര: സുധീർ പി വൈ




അവർക്ക് എന്തു സന്തോഷമായിരിക്കും അല്ലേ? വീട്ടിൽ അമ്മയ്ക്കൊപ്പം നിന്ന് കുറച്ച് അടുക്കളജോലികൾ പഠിക്കാം. പെൺകുട്ടികളായാലും ആൺകുട്ടികളായാലും അത്യാവശ്യം പാചകം പഠിച്ചിരിക്കുന്നതു നല്ലതാണ്. പിന്നെ, വീട്ടിൽ ഒരു കൊച്ചു പൂന്തോട്ടമോ പച്ചക്കറിത്തോട്ടമോ ഉണ്ടാക്കാൻ ഒന്നു ശ്രമിച്ചുനോക്കിയാലോ? മലയാളത്തിലെ പ്രശസ്ത എഴുത്തുകാരുടെയും മറ്റും പുസ്തകങ്ങൾ വായിക്കുവാൻ അവധിക്കാലത്ത് സമയം കണ്ടെത്തണം. ഇനിയും നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും.

വീട്ടിൽ മുത്തച്ഛനും മുത്തശ്ശിയും ഒക്കെയുള്ളവരാണെങ്കിൽ അവരോടൊപ്പം കഴിയുന്നത്ര സമയം ചെലവഴിക്കണം. നിങ്ങളുടെ സാമീപ്യം അവർക്കു നൽകുന്ന ഊർജം വളരെ വലുതാണ്.

എല്ലാ കൂട്ടുകാരും വീടുകളിൽ സുരക്ഷിതരായിരിക്കൂ. ഈ അവധിക്കാലം സന്തോഷകരമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ








# കൊന്നയും ഓർമയും

**ജി ആർ ഇന്ദുഗോപൻ**

''മോനെവിടാ ഇപ്പോ ജോലി ചെയ്യുന്നത്?'' : പ്രഭുഅങ്കിൾ ചോദിച്ചു.

പ്രഭുഅങ്കിളിന്റെ ഭാര്യ മരിച്ചതറിഞ്ഞ് ചെന്നതായിരുന്നു ചന്തു. മരണം നടന്നിട്ട് രണ്ടുദിവസം കഴിഞ്ഞിരുന്നു.

ചന്തു പറഞ്ഞു: ''ഈ സിറ്റിയിൽ തന്നാ.''

''ജോലി?''

''ഡോക്ടറാ.''

''ദിവസം എത്ര പേഷ്യന്റ്സിനെ വരെ നോക്കേണ്ടി വരും?'' : പ്രഭുഅങ്കിൾ ചോദിച്ചു.

''അങ്ങനൊന്നുമില്ല.'' ചന്തു താത്പര്യമില്ലാതെ മുഖം തിരിച്ചിട്ട് മെല്ലെ എഴുന്നേൽക്കാൻ തുടങ്ങി : ''എന്നാ ശരി അങ്കിൾ. അമ്മയ്ക്കും അച്ഛനും വരാൻ പറ്റാത്തതു കൊണ്ടാ...ഞാൻ....''

രണ്ടു മിനിട്ട്: പ്രഭുഅങ്കിൾ പറഞ്ഞു : ''ചായയെടുക്കാം.''

വേണ്ടെന്നു പറയുന്നതിനു മുൻപ് അങ്കിൾ അകത്തേക്കു പോയി.

പൂമുഖത്ത് മരിച്ചു പോയ ആന്റിയുടെ ചിത്രം മാലയിട്ടുവച്ചിരിക്കുന്നു. അപ്പോഴും മനസ്സിൽ പഴയ നീരസം കുറച്ചൊക്കെ ബാക്കി കിടക്കുന്നുവെന്ന് ചന്തുവിന് മനസ്സിലായി.

## 2

ഇരുപതു വർഷം മുൻപാണ്.

വിഷുവിന്റെ തലേന്ന്. അച്ഛനും അമ്മയും കൂടി പൂമുഖത്തിരിക്കുകയായിരുന്നു. ചന്തു മുറ്റത്തു നിന്നു മതിലിൽ ബൗൾ ചെയ്തുപഠിക്കുന്നു. പിറ്റേന്ന് വിഷുവിനാണ് അവന്റെ പിറന്നാൾ. നാളെ പതിമൂന്ന് വയസാകും. ഇനി ടീനേജിലേക്കാണ്. വലിയ ഒരാളാകാനുള്ള തുടക്കത്തിലാണ് അവൻ.

അന്നേരം അച്ഛൻ വിളിച്ചുപറഞ്ഞു: ''മോനേ, ചന്തൂ. പ്രഭുഅങ്കിളിന്റെ വീട്ടിൽ പോയി കൊന്നപ്പൂ വാങ്ങിക്കൊണ്ടു വാ...''

അവൻ ബൗൾ ചെയ്യുന്ന ആക്ഷനുമായി ഗേറ്റു തുറന്നോടി. രണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ, ചന്തു തിരിച്ചുവന്നു. കയ്യിൽ കൊന്നപ്പൂവില്ല. അവന്റെ മുഖം വല്ലാതിരിക്കുന്നു.

''എന്തു പറ്റി മോനേ?'' : അവന്റെ അമ്മ ചോദിച്ചു. ഒന്നുമില്ലെന്ന് അവൻ തലയാട്ടി. മറുപടി പറയാതെ അറിയാതെ വിങ്ങിപ്പൊട്ടി. പിന്നെ കരഞ്ഞുപോയി.

''എന്തെടാ?'' : അച്ഛൻ ആധിയോടെ ചോദിച്ചു. ചന്തു പറഞ്ഞു : ''പ്രഭുഅങ്കിളിന്റെ ആന്റി എന്റടുത്ത് പറഞ്ഞു. ഇവിടെ കൊന്നപ്പൂവൊന്നുമില്ല. നിന്റെ വീട്ടിൽ പോടാ എന്ന്.''

അച്ഛൻ വല്ലാതായി. ഈ നഗരത്തിൽ താമസ മാക്കിയതിനു ശേഷം അടുത്ത സൗഹൃദമാണ് പ്രഭുവും കുടുംബവുമായി ഉള്ളത്. അദ്ദേഹത്തിന്റെ ഭാര്യ രജിതയ്ക്ക് തന്റെ മകൻ ചന്തുവിനെ നന്നാ യറിയാം. അവരങ്ങനെ അവനോടു പറയുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല.

ചന്തുവിന്റെ അമ്മ പുറത്തേക്കിറങ്ങിക്കൊണ്ട് പറഞ്ഞു : ''രജിത എന്താ അങ്ങനെ പറഞ്ഞത്... ചോദിക്കണമല്ലോ.''


അച്ഛൻ തടഞ്ഞു: ''വേണ്ട. സിറ്റിയിലേക്കിറ ങ്ങിയാൽ കൊന്നപ്പൂ വാങ്ങാൻ കിട്ടും. അവരുടെ മുറ്റത്തെ മരം... അവർക്ക് താൽപര്യമില്ല, തരാൻ. അങ്ങനെ കരുതിയാൽ മതി.''

അച്ഛൻ ചന്തുവിന്റെ പുറത്തു തട്ടി : ''കുഴപ്പമി ല്ലെടാ. ആന്റി മൂഡോഫ് ആയതു കൊണ്ടായിരിക്കും.''

പിറ്റേന്ന് അച്ഛൻ വന്നത് രണ്ട് കൊന്നമര ത്തിന്റെ തൈകളും കൊണ്ടായിരുന്നു. വീടിനു മുന്നിൽ റോഡിന്റെ ഒരു മൂലയിൽ പൊതുസ്ഥലത്ത്, അച്ഛൻ രണ്ടും കുഴിച്ചുവച്ചു. വാശി പോലെ ദിവ സവും വെള്ളമൊഴിച്ചു. വളമിട്ടു. പ്രഭുഅങ്കിളിന്റെ വീടിന്റെ മുന്നിലൂടെയല്ലാതെ, മറ്റൊരു വഴി കൂടിയു ണ്ടായിരുന്നു, ഞങ്ങൾക്ക് ടൗണിലൂടെ പോകാൻ. കൂടുതലും ആ വഴി അച്ഛൻ ഉപയോഗിച്ചു. പ്രഭു അങ്കിളുമായി സൗഹൃദം നിലനിർത്തിയിരുന്നെങ്കിലും അതൊരിക്കലും പഴയതു പോലെ ആയില്ല. മൂന്നു വർഷം കഴിഞ്ഞു. ചന്തുവിന്റെ അച്ഛന് സ്ഥലംമാറ്റ മായി. കാലം പോയി. ചന്തു പഠിച്ച് മിടുക്കനായി. പക്ഷേ ഇപ്പോഴും എവിടെ കൊന്നപ്പൂക്കൾ കണ്ടാലും, ഒരു നോവ്, അറിയാതെ ഉണ്ടാകും.

## 3

മിനിയാന്ന് യാദൃച്ഛികമായി ഒരു വാട്സാപ്പ് കൂട്ടായ്മയിൽ നിന്നാണ് പ്രഭുഅങ്കിളിന്റെ ഭാര്യ രജിതആന്റി മരിച്ച വിവരം അച്ഛൻ അറിയുന്നത്. ചന്തുവിന് ഇതേ നഗരത്തിലെ ഒരു ആശുപത്രിയി ലാണ് ജോലി എന്നതിനാലാണ് അച്ഛൻ നിർബ ന്ധിച്ചത്: ''നീ അവിടം വരെയൊന്ന് പോകണം. ആ പ്രഭു അയാളൊരു നല്ല മനുഷ്യനാണ്. നിനക്ക യാൾ കുഞ്ഞിലേ, കുറേ മിഠായി വാങ്ങിതന്നിട്ടുണ്ട്. സ്നേഹത്തോടെയേ സംസാരിച്ചിട്ടുള്ളൂ. അയാളുടെ ഭാര്യയെ കുറിച്ച് നമ്മളോർക്കേണ്ട. പക്ഷേ പ്രഭുവിനെ



നീയൊന്ന് പോയി കാണണം.''

ഇരുപതു വർഷം കൊണ്ട് അച്ഛന്റെ വാശിയും അലിഞ്ഞിരിക്കുന്നു. കാലം അങ്ങനെയാണ്. എല്ലാറ്റിനെയും മൃദുലമാക്കും.

പോകാൻ ആദ്യം ചന്തുവിന് മടിയുണ്ടായിരുന്നു. പിന്നെ ഓർത്തപ്പോൾ ചെറിയൊരു വാശി ഉള്ളിൽ തികട്ടിവന്നു. പോകണം. കാണട്ടെ. അന്ന് ആട്ടിയോടിച്ചു വിട്ട ആ പയ്യൻ, പഠിച്ച് ഡോക്ടറായി. അതിലൊരു സുഖമുണ്ട്.

## 4

ഓർമകളിൽ നിന്ന് മരണവീടിലേക്ക്. ഇപ്പോ ആ വീടിനു മുന്നിൽ കൊന്നമരം കാണാനില്ല.

പ്രഭുഅങ്കിളിന്റെ മകൾ ശ്യാമച്ചേച്ചി ചായയുമായി വന്നു. ചന്തുവിനേക്കാൾ മൂന്നാലു വയസ്സിനു മൂത്തതാണ്. ആറോ ഏഴോ വയസ്സുള്ള ഒരു പെൺകുഞ്ഞ്, ചേച്ചിയുടെ ചുരിദാറിൽ പിടിച്ച് ഒപ്പമുണ്ട്.

''ശ്യാമച്ചേച്ചിക്ക് എന്നെ ഓർമയുണ്ടോ?'' : ചന്തു ചോദിച്ചു.

''പിന്നെ. നമ്മളൊരേ വാനിലല്ലായിരുന്നോ സ്കൂളിൽ പോയിരുന്നത്. ജോലിയൊക്കെ?''

''നന്നായി പോകുന്നു, ചേച്ചീ.''

അകത്തു നിന്ന് പ്രഭുഅങ്കിൾ തിരിച്ചുവന്നു. അവൻ ചായ കുടിക്കുന്നതും നോക്കിയിരുന്നു. പിന്നെ മെല്ലെ അവന്റെ മനസ്സറിഞ്ഞിട്ടെന്ന വിധം പറഞ്ഞു : ''വീടിനു മുന്നിൽ നിന്ന ആ കൊന്ന ഓർമയില്ലേ മോന്. അതു മുറിച്ചാ രജിതയെ ദഹിപ്പിച്ചത്. വീടിനു പിന്നിൽ കുറച്ചു സ്ഥലമുണ്ടല്ലോ. വെറുതെ ശ്മശാനത്തിലേക്കൊന്നും കൊണ്ടുപോകേണ്ടെന്നു വച്ചു. ഇനിയിപ്പോ എന്തു വിഷു!''

പിന്നെ കുറച്ചുനേരം വിഷമത്തോടെ അങ്കിൾ എന്തോ ഓർത്തിട്ടു പറഞ്ഞു : ''ആ മരത്തിൽ നിന്ന് നീയൊരിക്കൽ പൂ ചോദിക്കാൻ വന്നു. ഇല്ലെന്ന് രജിത പറഞ്ഞു; കുറച്ചു രൂക്ഷമായി. നിങ്ങൾക്കത് ഒരുപാട് വിഷമമായി പോയി അല്ലേ?''

ചന്തു വല്ലാതായി. എങ്കിലും പറഞ്ഞു : ''ഏയ്...''

അങ്കിൾ തുടർന്നു : ''ആയി. എനിക്കറിയാം. അതിനുശേഷം നിന്റെ അച്ഛൻ എന്നോട് അകലം പാലിച്ചു. പക്ഷേ അതിനു കാരണമുണ്ടായിരുന്നു മോനേ. നീ ഒരു ഡോക്ടറല്ലേ. നിനക്കത് മനസ്സിലാകും. എന്തായിരുന്നു മോളേ, അമ്മയ്ക്ക്...പറഞ്ഞു കൊട്.'' അങ്കിൾ ശ്യാമച്ചേച്ചിയോടു പറഞ്ഞു.

ചേച്ചി പറഞ്ഞു : ''നാൽപ്പതു വയസ്സിൽ



തിരിച്ചുപോകുന്ന വഴിക്ക് ചന്തു പണ്ട് തങ്ങൾ വാടകയ്ക്ക് താമസിച്ചിരുന്ന വീടിനു മുന്നിൽ വണ്ടിനിർത്തി. അച്ഛൻ വാശിക്ക് കുഴിച്ചു വച്ച ആ കൊന്നമരങ്ങൾ, പൊതുവഴിയിൽ ആർക്കും പറിച്ചുകൊണ്ടുപോകാൻ പാകത്തിൽ സ്വർണ നിറത്തിൽ പൂത്തുനിൽക്കുന്നു. അവന്, അതിനെയൊന്ന് തൊടണമെന്ന് തോന്നി. പിന്നെ അതിന് നിൽക്കാതെ മെല്ലെ കാർ മുന്നോട്ടെടുത്തു.

അൽഷിമേഴ്സ് വരുന്നത് അപൂർവമാണ്. അച്ഛൻ കഴിയുന്നത്ര മറച്ചുവച്ചതാണ്.''

അങ്കിൾ പറഞ്ഞു : ''പലരും പിണങ്ങി. എനിക്കവളോട് പിണങ്ങാൻ പറ്റില്ലല്ലോ. അസുഖം വരുന്നതിന് ആരെന്തു പിഴച്ചു? അന്ന് അവൾക്ക് നിന്നെ ഓർമ വന്നില്ല മോനേ, ഞാൻ നിന്റടുത്ത് മാപ്പു ചോദിക്കുന്നു.''

''അങ്കിൾ...'' ചന്തു ഗദ്ഗദത്തോടെ വിളിച്ചു.

അവൻ മെല്ലെയെഴുന്നേറ്റ് അയാളുടെ കൈയിൽ പിടിച്ചിട്ടു പറഞ്ഞു : ''ഞങ്ങളാ അങ്കിൾ സോറി പറയേണ്ടത്.''

## 5

തിരിച്ചുപോകുന്ന വഴിക്ക് ചന്തു പണ്ട് തങ്ങൾ വാടകയ്ക്ക് താമസിച്ചിരുന്ന വീടിനു മുന്നിൽ വണ്ടിനിർത്തി. അച്ഛൻ വാശിക്ക് കുഴിച്ചു വച്ച ആ കൊന്നമരങ്ങൾ, പൊതുവഴിയിൽ ആർക്കും പറിച്ചുകൊണ്ടുപോകാൻ പാകത്തിൽ സ്വർണ നിറത്തിൽ പൂത്തുനിൽക്കുന്നു. അവന്, അതിനെയൊന്ന് തൊടണമെന്ന് തോന്നി. പിന്നെ അതിന് നിൽക്കാതെ മെല്ലെ കാർ മുന്നോട്ടെടുത്തു.

# അച്ഛനും അമ്മയും

## അക്കിത്തം

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന-
തമ്മിഞ്ഞപ്പാലിൽനിന്നാണല്ലോ
അന്തിക്കു മാനത്തുമിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

പുലർകാലത്തിളവെയിലൂറുന്നതച്ഛന്റെ
പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാ വെയിലിന്നു ചൂടുണ്ടായ്ത്തീരുന്ന-
തച്ഛന്റെ ചിന്തകൊണ്ടാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

(അക്കിത്തത്തിന്റെ കുട്ടിക്കവിതകളിൽ നിന്ന്.)





വര: സചീന്ദ്രൻ കാറഡുക്ക

# പെഴ്സിവിറൻസ് – ചൊവ്വയുടെ പുതിയ അതിഥി

**പി എം സിദ്ധാർത്ഥൻ**

നാസയുടെ ചൊവ്വാ ദൗത്യം പെഴ്സിവിറൻസ് റോവർ ലക്ഷ്യത്തിലെത്തി. ഏഴു മാസത്തെ യാത്രയ്ക്കു ശേഷമാണ് പെഴ്സിവിറൻസ് റോവർ ചൊവ്വയിലെ ജെസെറോ ഗർത്തത്തിൽ ഇറങ്ങിയത്. 2020 ജൂലൈ 30 ന് അറ്റ്ലസ് 5 റോക്കറ്റിലാണു പെഴ്സിവിറൻസ് വിക്ഷേപിച്ചത്. ചൊവ്വയിൽ ജീവൻ നിലനിന്നിരുന്നോയെന്ന് പഠനം നടത്തുകയാണ് പേടകത്തിന്റെ ലക്ഷ്യം. പാരച്യൂട്ടും റെട്രോ റോക്കറ്റുകളും ഉപയോഗിച്ച് പേടകത്തിന്റെ വേഗം കുറച്ചാണ് റോവർ ലാൻഡിങ് നടത്തിയത്. പെഴ്സിവിറൻസ് റോവറും ഇൻജെന്യുവിറ്റി എന്ന ചെറുഹെലികോപ്റ്ററുമാണ് ദൗത്യത്തിലുള്ളത്. മറ്റൊരു ഗ്രഹത്തിൽ ഹെലികോപ്റ്റർ പറത്തുന്ന ആദ്യ ദൗത്യമാണിത്.

2021 ഫെബ്രുവരി മാസം ചൊവ്വയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന മാസമായിരുന്നു. മൂന്ന് ബഹിരാകാശവാഹനങ്ങളാണ് ചൊവ്വയിൽ എത്തിയത്. യുണൈറ്റഡ് അറബ് റിപ്പബ്ലിക്കിന്റെ അൽ അമാൽ (Al Amal, അർഥം പ്രതീക്ഷ), ചൈനയുടെ ടിയാൻവെൻ-1, നാസയുടെ പെഴ്സിവിറൻസ് എന്നിവയാണവ. ചൊവ്വയിലെത്തുന്ന അഞ്ചാമത്തെ വാഹനം (Rover) ആണ് പെഴ്സിവിറൻസ്.

സോജോണർ (Mars Pathfinder), സ്പിരിറ്റ്, ഓപ്പർച്യൂനിറ്റി (Mars Exploration Rovers), ക്യൂര്യോസിറ്റി (Mars Science Laboratory) എന്നിവയാണ് മുമ്പ് ചൊവ്വയിലിറങ്ങി പര്യവേഷണം നടത്തിയ വാഹനങ്ങൾ.


നാസയുടെ ചൊവ്വാദൗത്യം പെഴ്സിവിറൻസ് റോവർ ഏഴു മാസത്തെ യാത്രയ്ക്കുശേഷം ലക്ഷ്യത്തിലെത്തിയിരിക്കുന്നു. ആ യാത്രയെ കുറിച്ച് നമുക്ക് കൂടുതൽ അറിയാം.



പെഴ്സിവിറൻസ് വിക്ഷേപണം

## പെഴ്സിവിറൻസിന്റെ ശാസ്ത്രാന്വേഷണങ്ങൾ

ചൊവ്വയിൽ സൂക്ഷ്മജീവികൾക്കു ജീവിക്കാനുള്ള പരിസ്ഥിതി ഉണ്ടായിരുന്നുവോ, സൂക്ഷ്മജീവികൾ ഉണ്ടായിരുന്നെങ്കിൽ അവയുടെ മുദ്രകൾ കണ്ടുപിടിക്കുക എന്നീ സമസ്യകളുടെ അന്വേഷണവും ചൊവ്വയിലെ കാർബൺഡയോക്സൈഡിൽ നിന്നും ഓക്സിജനുണ്ടാക്കാൻ ശ്രമിക്കുകയും, ചൊവ്വയിലെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭാവിയിൽ ഭൂമിയിലേക്കു തിരിച്ചുകൊണ്ടുവരാൻ വേണ്ടി കാപ്സ്യൂളുകളിൽ നിറച്ച് തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ സൂക്ഷിച്ചുവയ്ക്കുകയും അതിന്റെ ലക്ഷ്യങ്ങളിൽപ്പെടും.



ജെസെറോ ക്രേറ്റർ – പെഴ്സിവിറൻസ് ഇറങ്ങിയ സ്ഥലം




ആദ്യത്തെ രണ്ടു കാര്യങ്ങൾ അന്വേഷിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമായി തീരുമാനിച്ചത് ചൊവ്വയിലെ ജെസെറോ ക്രേറ്റർ (Jezero Crater) ആയിരുന്നു. ദീർഘകാലത്തെ നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷമാണ് ഇറങ്ങേണ്ട സ്ഥലം ജെസെറോ ക്രേറ്റർ ആയിരിക്കണമെന്ന് തീരുമാനിച്ചത്.

## തയ്യാറെടുപ്പ്

രണ്ടുവർഷത്തിൽ (682 ദിവസങ്ങളിൽ) ഒരിക്കലേ ചൊവ്വാ ദൗത്യത്തിന് അനുയോജ്യമായ വിക്ഷേപണജാലകം ഉണ്ടാവൂ. അതും ഒന്നും രണ്ടും ആഴ്ചകൾ മാത്രം നീണ്ടുനിൽക്കുന്ന സമയപരിധി. ഏറ്റവും കുറഞ്ഞ ചെലവിൽ ചൊവ്വയിലെത്താൻ സാധ്യമാകുന്ന വിക്ഷേപണ ദിവസങ്ങളാണ് ഈ 'ജാലകം'. 2020 ജൂലൈ മാസം അനുയോജ്യമായ സമയമായിരുന്നു. അതു നഷ്ടപ്പെട്ടാൽ പിന്നീട് രണ്ടുവർഷം കാത്തിരിക്കണം. അപ്പോഴാണ് 2019 അവസാനം കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടത്. പ്രൊജക്റ്റിലെ ശാസ്ത്രസാങ്കേതിക വിദഗ്ധരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയ കാലം. പ്രൊജക്റ്റിലെ മിക്കവരും വീട്ടിലിരുന്നാണ് ജോലി ചെയ്തത്. കൂടിയാലോചനകളും കൂട്ടായ ജോലികളും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഒരു ഗ്രഹാന്തരയാനം അസംബിൾ ചെയ്യലും, ടെസ്റ്റ് ചെയ്ത് വിക്ഷേപണത്തിന് തയ്യാറാക്കലും. എങ്കിലും ശാസ്ത്രസാങ്കേതിക വിദഗ്ധർ അതിൽ വിജയിക്കുകതന്നെ ചെയ്തു. 2020 ജൂലൈയിൽ പെഴ്സിവിറൻസ് വിക്ഷേപണത്തിനു തയ്യാറായി.

## വിക്ഷേപണവും യാത്രയും

അറ്റ്ലസ്-5 എന്ന കൂറ്റൻ റോക്കറ്റ് 2020 ജൂലായ് 30 ന് അമേരിക്കയിലെ ഫ്ളോറിഡയിലെ കേപ്പ് കനാവറിൽ നിന്നും ലോക്കൽ




പെഴ്സിവിറൻസിന്റെ യാത്രാപഥം

**ചൊവ്വയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കൽ, താഴേക്കുള്ള ഇറക്കം, ലാൻഡിങ് എന്നതിനെയാണ് ഇ ഡി എൽ എന്നു പറയുന്നത്. അതിവേഗതയിൽ ചൊവ്വ വരെ സഞ്ചരിച്ച റോവർ ഏഴുമിനിട്ടുകൊണ്ട് വേഗത കുറച്ച് മൃദുവായി ചൊവ്വയുടെ ഉപരിതലത്തിലിറങ്ങണമായിരുന്നു. അതുകൊണ്ടാണ് നാസയിലെ എഞ്ചിനീയർമാർ ഈ 7 മിനിട്ടിനെ 'പേടിപ്പെടുത്തുന്ന 7 മിനിട്ടുകൾ' എന്നു പേരിട്ടത്.**

സമയം 7.50 ന് പെഴ്സിവിറൻസ് വിക്ഷേപിച്ചു. റോക്കറ്റ്, അതിനെ ഭൂമിക്കു ചുറ്റുമുള്ള ഒരു പാർക്കിങ് ഓർബിറ്റിൽ എത്തിച്ചു. അവിടെ നിന്നും ശക്തിയേറിയ സെന്റോർ ബൂസ്റ്റർ ജ്വലിപ്പിച്ച് പെഴ്സിവിറൻസിനെ മണിക്കൂറിൽ 39600 കിലോമീറ്റർ വേഗതയിൽ ചൊവ്വയിലേക്കുള്ള പഥത്തിലേക്കയച്ചു. അർധവൃത്താകൃതിയിലുള്ള ഈ ഓർബിറ്റിലൂടെ (ചിത്രം കാണുക) പെഴ്സിവിറൻസ് ഏകദേശം 7 മാസം കൊണ്ട് (203 ദിവസങ്ങൾ) 48 കോടി കിലോമീറ്റർ സഞ്ചരിച്ചാണ് ചൊവ്വയ്ക്കടുത്തെത്തിയത്.

**ഇ ഡി എൽ :** ചൊവ്വയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കൽ, താഴേക്കുള്ള ഇറക്കം, ലാൻഡിങ് എന്നതിനെയാണ് ഇ ഡി എൽ (EDL: Entry, Descent and Landing) എന്നു പറയുന്നത്. ദൗത്യത്തിലെ ഏറ്റവും സങ്കീർണമായ ഭാഗവും ഇതു തന്നെ. അതിവേഗതയിൽ ചൊവ്വ വരെ സഞ്ചരിച്ച റോവർ ഏഴുമിനിട്ടുകൊണ്ട് വേഗത കുറച്ച് മൃദുവായി ചൊവ്വയുടെ ഉപരിതലത്തിലിറങ്ങണമായിരുന്നു. ചൊവ്വയുടെ അന്തരീക്ഷത്തിന് ഭൂമിയുടെ അന്തരീക്ഷത്തിന്റെ 1%ത്തിൽ കുറവ് സാന്ദ്രത മാത്രമേയുള്ളൂ. അതിനാൽ പൂർണമായും പാരച്യൂട്ട് ഉപയോഗിച്ചുള്ള ഇറക്കം സാധ്യമല്ല. മറ്റുചില വിദ്യകൾകൂടി അതിനായി പ്രയോഗിക്കണം. ഒരു ചെറിയ പിഴവുമതി 270 കോടി ഡോള



റിന്റെ ദൗത്യം തകർന്നുവീഴാൻ. അതുകൊണ്ടാണ് നാസയിലെ എഞ്ചിനീയർമാർ ഈ 7 മിനിട്ടിനെ 'പേടിപ്പെടുത്തുന്ന 7 മിനിറ്റുകൾ' (7 minutes of terror) എന്നു പേരിട്ടത്. 2012 ൽ ക്യൂരോസിറ്റി ചൊവ്വയിലിറങ്ങിയ സമയത്താണ് ഈ പേരു വീണത്. (ബോക്സ് കാണുക) അങ്ങനെ 2021 ഫെബ്രുവരി 18-ാം തീയതി പെഴ്സിവിറൻസ് ചൊവ്വയുടെ ഉപരിതലത്തിൽ മൃദുവായി ഇറങ്ങി.

**റോവർ** : തല ഉയർത്തി നിൽക്കുന്ന ഒരു വലിയ പ്രാണിയെപ്പോലെയുള്ള റോവർ ആധുനിക സാങ്കേതികവിദ്യകളുടെ അത്ഭുതപ്പെടുത്തുന്ന ഒരു സമുച്ചയമാണ് (ചിത്രം കാണുക). ഇതിനെ ഒരു ജീവിയോട് ഉപമിച്ചാൽ നമുക്ക് പരിചിതമായ പല 'അവയവങ്ങളും' പെഴ്സിവറൻസിനുണ്ട്.


**ശരീരം** : 3 മീറ്റർ നീളവും 2.7 മീറ്റർ വീതിയും 2.2 മീറ്റർ ഉയരവുമുള്ള റോവറിന്റെ പ്രധാന ഭാഗങ്ങളെ സംരക്ഷിക്കുന്ന ഒരു ബോഡിയാണിത്.

**ബ്രെയിൻ** : റോവറിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന രണ്ട് കമ്പ്യൂട്ടറുകൾ ഉണ്ട്. ഒന്ന് തകരാറിലായാൽ രണ്ടാമത്തേത് പ്രവർത്തനം ഏറ്റെടുക്കും. ഇവയാണ് റോവറിന്റെ ബ്രെയിൻ.


**തല** : 5 ക്യാമറകളും 2 മൈക്രോഫോണും ഉള്ള ഉയർന്നു നിൽക്കുന്ന ഒരു തല ചുറ്റുമുള്ള കാഴ്ച ഫോട്ടോഗ്രാഫ് ചെയ്യാനും ശബ്ദം കേൾക്കാനും കഴിവുള്ളതാണ്. ഒരു 'കഴുത്തി'ന്മേൽ ഉയർന്നുനിൽക്കുന്നതാകയാൽ നിവർന്നുനിന്ന് നോക്കുന്ന ഒരാളുടെ കാഴ്ച പെഴ്സിവിറൻസിന് ലഭിക്കും.

**കൈ** : 2.1 മീറ്റർ നീളമുള്ള ഒരു റോബോട്ടിക് കൈയിൽ മണ്ണു പരിശോധിക്കാനുള്ള ഉപകരണങ്ങളും പാറ തുരക്കാനുള്ള ഡ്രില്ലുകളും സെൻസറുകളും പരീക്ഷണ ഉപകരണങ്ങളും ക്യാമറയും ഉണ്ട്. റോവറിന്റെ ഒരു പ്രധാന ഭാഗമാണ് ഈ കൈ.

**കാലുകൾ** : ടൈറ്റാനിയം ട്യൂബുകൾ കൊണ്ടുണ്ടാക്കിയ കാലുകളിൽ പിടിപ്പിച്ച ആറു




റോവർ




## എൻട്രി, ഡിസന്റ് ആൻഡ് ലാൻഡിങ് (EDL)
'പേടിപ്പെടുത്തിയ 7 മിനിറ്റുകൾ'

### ഇ ഡി എൽ പാത

ജെസെറോ ക്രേറ്ററിനു തൊട്ടുമുകളിലെത്തി കുത്തനെ താഴോട്ടിറങ്ങുന്നതിനു പകരം ഒരു ചരിഞ്ഞ ദീർഘ പാതയിലൂടെ റോവർ ഇറക്കിയതിന്റെ കാരണം, മൃദുവായി ഇറങ്ങാനായി വേഗത കുറയ്ക്കേണ്ടതുകൊണ്ടും, ഇറങ്ങാൻ ചെയ്യേണ്ട വിവിധ ഘട്ടങ്ങൾക്ക് സമയം വേണ്ടതിനാലുമാണ്. ഏഴു മിനിട്ടാണ് ഇറങ്ങാൻ വേണ്ട സമയം. ഈ ഇറക്കത്തിലെ വിവിധ ഘട്ടങ്ങളെ താഴെ അവയുടെ ക്രമത്തിൽ വിവരിക്കുന്നു. (ചിത്രം കാണുക)

1. ചൊവ്വയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കുന്നതിനു 10 മിനിറ്റു മുമ്പ് ഭൂമിയിൽ നിന്നും ചൊവ്വ വരെ സഞ്ചരിക്കാൻ സഹായിച്ച ക്രൂയിസ് സ്റ്റേജ് അഴിഞ്ഞുമാറുന്നു. അതോടൊപ്പം പെഴ്സിവിറൻസിന്റെ യാത്രാദിശയും മുഖവും ശരിയായ ദിശയിലേക്ക് പിടിച്ചുനിർത്താൻ ഉപയോഗിച്ച ഭാരങ്ങൾ (balance mass) ഉപേക്ഷിക്കുന്നു.

2. പെഴ്സിവിറൻസ് ചൊവ്വയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കുന്നു. ഉയരം - 130 കിലോമീറ്റർ.

3. അന്തരീക്ഷ ഘർഷണം കാരണം ചൂട് 1300°C വരെ ഉയരുന്നു.

4. വേഗത കുറയ്ക്കലിന്റെ ഒന്നാംഘട്ടത്തിൽ, അന്തരീക്ഷ പ്രതിബന്ധം (drag) വേഗത വളരെ കുറയ്ക്കുന്നു.

5. നിയന്ത്രിത യാത്ര (guided entry). ചെറിയ ത്രസ്റ്ററുകൾ പ്രവർത്തിപ്പിച്ച് പേടകത്തെ ശരിയായ പാതയിലൂടെ കൊണ്ടുപോകുന്നു.

6. വേഗത കുറയ്ക്കലിന്റെ രണ്ടാംഘട്ടം 21.5 മീറ്റർ വ്യാസമുള്ള പാരച്യൂട്ട് നിവർത്തുന്നു. വേഗത വളരെയധികം കുറയുന്നു.

7. ഈ കുറഞ്ഞ വേഗതയിൽ ചൂട് അധികമില്ലാത്തതിനാൽ താപകവചം അഴിഞ്ഞുവീഴുന്നു. ഇപ്പോൾ പെഴ്സിവിറൻസിലെ ഇറക്കത്തിന് സഹായിക്കുന്ന ക്യാമറകൾക്ക് ഇറങ്ങേണ്ട സ്ഥലം തീരുമാനിക്കുന്നതിനാവശ്യമായ ഫോട്ടോകൾ എടുക്കാം. റഡാറും പ്രവർത്തിക്കാൻ തുടങ്ങുന്നു.

8. ടെറയിൻ റിലേറ്റീവ് നാവിഗേഷൻ (Terrain Relative Navigation) എന്ന വിദ്യ ഉപയോഗിച്ച് ഇറങ്ങേണ്ട സ്ഥലം നിശ്ചയിക്കുന്നു.

9. പാരച്യൂട്ടും പുറംതോടും (back shell) അഴിഞ്ഞുമാറുന്നു.

10. വേഗത കുറയ്ക്കലിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടം. റെട്രോറോക്കറ്റുകൾ ജ്വലിപ്പിച്ച് വേഗത വളരെ കുറച്ച് ഇറങ്ങുന്നു.

11. പെഴ്സിവിറൻസിന്റെ നിവർന്ന ചക്രങ്ങൾ ചൊവ്വയുടെ ഉപരിതലം തൊടാൻ 12 സെക്കൻഡ് ബാക്കിയുള്ളപ്പോൾ അത് 6.4 മീറ്റർ നീളമുള്ള ഒരു കേബിളിലൂടെ താഴോട്ട് ഊർന്നിറങ്ങി തൂങ്ങിക്കിടക്കുന്നു. ഇതിനെ സ്കൈ ക്രെയിൻ എന്നു പറയുന്നു.

12. റോവറിന്റെ ചക്രങ്ങൾ ഉപരിതലം തൊട്ട ഉടൻ കേബിൾ മുറിച്ചുകളയുകയും റെട്രോറോക്കറ്റുകൾ പിടിപ്പിച്ച ഡിസന്റ് സ്റ്റേജ് പറന്ന് ദൂരെ വീഴുകയും ചെയ്യുന്നു. റോവറിനു മുകളിൽ വീണ് റോവർ തകരാതിരിക്കാനാണിത്.

പെഴ്സിവിറൻസ് റോവർ വിജയകരമായി ചൊവ്വയുടെ ഉപരിതലത്തിൽ മൃദുവായി ഇറങ്ങി.

ചക്രങ്ങൾ റോവറിനെ മണിക്കൂറിൽ 152 മീറ്റർ വേഗതയിൽ സഞ്ചരിക്കാൻ സഹായിക്കുന്നു.

ഇവ കൂടാതെ ഭൂമിയുമായി വിവരങ്ങൾ കൈമാറാനുള്ള കമ്മ്യൂണിക്കേഷൻ സംവിധാനവും ഇറങ്ങുന്ന സമയത്തും പിന്നീടും നിരീക്ഷണങ്ങൾക്കും ഫോട്ടോഗ്രാഫിക്കും ഉപയോഗിക്കുന്ന 23 ക്യാമറകൾ, RIMFAX, പനോരമിക് ക്യാമറ (Mastcamz), Super cam, കാലാവസ്ഥാനിരീക്ഷണം (MEDA), അൾട്രാവയലറ്റ് സ്പെക്ട്രോമീറ്റർ (SHERLOC), എക്സ്റേ സ്പെക്ട്രോ മീറ്റർ (PIXL) തുടങ്ങിയ ഉപകരണങ്ങളും റോവറിലുണ്ട്. ഒരു ചൊവ്വാവർഷം (682 ഭൗമദിവസങ്ങൾ) ആണ് റോവറിന്റെ നിശ്ചിത ആയുസ്സ്. എങ്കിലും മുൻപ് ചൊവ്വയിലെത്തിയ റോവറുകളെല്ലാം അതിന്റെ പത്തിരട്ടി കാലം പ്രവർത്തിച്ച ചരിത്രമുണ്ട്. ക്യാമറകളിൽ മിക്കതും കളർക്യാമറകളാണ്.

**ഇൻജെന്യുവിറ്റി എന്ന ഒരു കൊച്ചു ഹെലികോപ്റ്റർ പെഴ്സിവിറൻസിന്റെ അടിഭാഗത്ത് (വയറ്റിൽ) ഒരറയിൽ ഇരുന്ന്, ചൊവ്വയിലെത്തിയിട്ടുണ്ട്. 1.8 കിലോഗ്രാം മാത്രം ഭാരമുള്ള ഇതിന്റെ ഏകലക്ഷ്യം ചൊവ്വയുടെ സാന്ദ്രത കുറഞ്ഞ അന്തരീക്ഷത്തിൽ പറക്കാനാവുമോ എന്ന് പരീക്ഷിക്കലാണ്. 30 ചൊവ്വാദിവസങ്ങളിൽ 5 പരീക്ഷണപറക്കൽ നടത്താനാണ് നാസ പ്ലാനിട്ടിരിക്കുന്നത്.**

## ഇൻജെന്യുവിറ്റി എന്ന ഹെലികോപ്റ്റർ

മനുഷ്യചരിത്രത്തിലാദ്യമായി മറ്റൊരു ഗ്രഹത്തിൽ ഒരു ചെറിയ ഹെലികോപ്റ്റർ പറപ്പിക്കുകയും പെഴ്സിവിറൻസിന്റെ പരീക്ഷണങ്ങളിൽപ്പെടും.

ഇൻജെന്യുവിറ്റി എന്ന ഒരു കൊച്ചു ഹെലികോപ്റ്റർ പെഴ്സിവിറൻസിന്റെ അടിഭാഗത്ത് (വയറ്റിൽ) ഒരറയിൽ ഇരുന്ന്, ചൊവ്വയിലെത്തിയിട്ടുണ്ട്. ഏപ്രിൽ 4–ാം തീയിതി ഇത് റോവറിൽ നിന്നും വേർപെട്ട് പറക്കൽ പരീക്ഷണം നടത്താൻ തയ്യാറായി. 1.8 കിലോഗ്രാം മാത്രം ഭാരമുള്ള ഇതിന്റെ ഏകലക്ഷ്യം ചൊവ്വയുടെ സാന്ദ്രത കുറഞ്ഞ അന്തരീക്ഷത്തിൽ പറക്കാനാവുമോ എന്ന് പരീക്ഷിക്കലാണ്. 30 ചൊവ്വാദിവസങ്ങളിൽ 5 പരീക്ഷണപറക്കൽ നടത്താനാണ് നാസ പ്ലാനിട്ടിരിക്കുന്നത്.

പെഴ്സിവിറൻസും ഇൻജെന്യുവിറ്റിയും നമുക്ക് ചൊവ്വയെക്കുറിച്ച് ഇനിയും പല അറിവുകളും നേടിത്തരുമെന്ന കാര്യം തീർച്ചയാണ്.

*(ചിത്രങ്ങൾക്ക് കടപ്പാട് : നാസ)*



ഇൻജെന്യുവിറ്റി എന്ന ഹെലികോപ്റ്റർ

# പാവത്തിന്റെ പശു

കാരൂർ നീലകണ്ഠപിള്ള

വേലുപ്പിള്ള സുഖക്കേടായി കിടപ്പാണ്. ഒരു മാസത്തിലധികമായി മുറിയിൽ നിന്ന് പുറത്തിറങ്ങിയിട്ട്. കുഞ്ഞപ്പൻ മിക്കസമയത്തും അയാളുടെ അടുത്തുണ്ടായിരിക്കും. ആവശ്യപ്പെട്ടിട്ടല്ല അവൻ രോഗിയെ പരിചരിക്കാൻ കൂടിയിരിക്കുന്നത്. അവിടെ ചുറ്റിപ്പറ്റിനിന്നാൽ ആഹാരം കിട്ടും. അവന് അതൊരു നേട്ടമാണ്. അവൻ വിശ്വസ്തനും നന്ദിയുള്ളവനുമാകുന്നു. അതിനാൽ വേലുപ്പിള്ളയ്ക്ക് അവനെ ഇഷ്ടപ്പെട്ടു. ഒരുദിവസം വേലുപ്പിള്ള ഒരെഴുത്തെഴുതി കുഞ്ഞപ്പന്റെ കൈയിൽ കൊടുത്തു.

''ഈ എഴുത്ത് തൊണ്ടിയിലെ ഗോപാലക്കുറുപ്പിനു കൊടുത്ത് ഈ രൂപാ മേടിച്ചോണ്ടു വാ.'' എന്നു പറഞ്ഞു. വേലുപ്പിള്ള തുടർന്നു.

''ഞങ്ങളൊരു കൂട്ടുകച്ചവടം നടത്തി. ഗോപാലക്കുറുപ്പാണ് കടയിലിരുന്നത്. അയാൾ എന്നെ പറ്റിച്ചു ധാരാളം തട്ടിയെടുത്തു. ഒടുവിൽ പങ്കു പിരിഞ്ഞാൽ മതിയെന്നായി എനിക്ക്. ആയിരം രൂപ ഞാൻ കച്ചവടത്തിൽ മുടക്കിയിരുന്നു. പങ്കു പിരിഞ്ഞപ്പോൾ കടയിലുള്ള മുതലിൽ പകുതി എനിക്കു കിട്ടണം. അത് അറുന്നൂറു രൂപാ മാത്രം! അപ്പോളെങ്കിലും കണക്കുതീർത്തു പിരിയാൻ തോന്നിയത് ഭാഗ്യം. ആയിരം രൂപ മുടക്കിയിട്ട് അറുന്നൂറെങ്കിലും കിട്ടിയല്ലോ. അതും കൈയിൽ കിട്ടിയില്ല. ആ തുകയ്ക്ക് പ്രോമിസറി നോട്ടെഴുതിത്തരുകയാണു ചെയ്തത്. മൂന്നുമാസത്തിനകം പണം തരാമെന്നായിരുന്നു കരാറ്. ഇപ്പോൾ കൊല്ലം മൂന്നു കഴിഞ്ഞു. അഞ്ചുതവണയായിട്ട് കുറേശ്ശ തന്നതു നീക്കി. ഇനി ഇരുന്നൂറു രൂപ തരണം. രണ്ടാഴ്ച മുമ്പ് അയാളിവിടെ വന്നിരുന്നു. അപ്പോൾ പറഞ്ഞു ഇന്ന് നൂറു രൂപാ തരാമെന്ന്. നീ ചെല്ല്. തരും. ഞാനീ കിടപ്പുകിടക്കുന്നതു കണ്ടേച്ചല്ലേ അയാള് പോയത്?''

കുഞ്ഞപ്പൻ ഗോപാലക്കുറു



വര: സുജിത്ത് പി വി

പ്പിനെക്കണ്ട് എഴുത്തുകൊടുത്തു.

കുറുപ്പു പറഞ്ഞു: ''ഞാനങ്ങോട്ടു വരാം. കണക്കുതീർത്തു പണം കൊടുക്കാം. പത്തൻപതു രൂപാകൂടി ഉണ്ടാവണം. നാളെ രാവിലെ ഞാനങ്ങു വരാം.''

വേലുപ്പിള്ളയുടെ സുഖക്കേടിന്റെ വിവരം സഹതാപത്തോടെ അയാൾ അന്വേഷിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ സഹായിച്ചില്ലെങ്കിൽ മര്യാദകേടാണെന്ന് അയാൾ കരുതുന്നെന്നും പറയുകയുണ്ടായി.

കുഞ്ഞപ്പൻ തിരിച്ചുപോന്നു. വേലുപ്പിള്ളയോടു വിവരം പറഞ്ഞു.

''എഴുത്തെവിടെ?''

''എഴുത്ത് കുറുപ്പുച്ചേട്ടന്റെ കൈയിലാ.''

വേലുപ്പിള്ള: ''പണം കിട്ടിയില്ലെങ്കിൽ എഴുത്ത് തിരിച്ചുകൊണ്ടുപോരണമെന്നു പറയാൻ ഞാൻ ഓർത്തില്ല.''

ഇത്തരം കാര്യങ്ങളൊന്നും കുഞ്ഞപ്പനു പരിചയമില്ല. ഇത്ര വലിയ തുക ഇതിനുമുമ്പ് അവനെ ആരും ഏൽപ്പിച്ചിട്ടില്ല. അവനെ ബുദ്ധിയോ കാര്യപ്പിടിപ്പോ ഉള്ളവരുടെ കൂട്ടത്തിൽ ആരും ഗണിച്ചിട്ടില്ല. എഴുത്ത് തിരിച്ചുകൊണ്ടുപോരാതിരുന്നത് തെറ്റാണെന്ന് കുഞ്ഞപ്പനു തോന്നിയുമില്ല.

പറഞ്ഞതുപോലെ കുറുപ്പ് വേലുപ്പിള്ളയുടെ വീട്ടിൽ വന്നു. അത് കുഞ്ഞപ്പൻ അറിഞ്ഞു. പണം കൊടുത്തോ എന്ന് അവൻ അന്വേഷിച്ചില്ല. അതിന് അവനെന്താകാര്യം?

വേലുപ്പിള്ളയ്ക്ക് അടുത്തദിവസം രോഗം വർധിച്ചു. രണ്ടുനാൾ കഴിഞ്ഞ് അയാൾ മരിക്കുകയും ചെയ്തു.

വേലുപ്പിള്ള മരിക്കുംമുമ്പ് കുറുപ്പ് കൊടുക്കാനുണ്ടായിരുന്ന പണം കൊടുത്തെന്ന് ആരോ പറഞ്ഞു. അതു കുഞ്ഞപ്പനും കേട്ടു. അക്കാര്യത്തിൽ അവനൊരു താത്പര്യവുമില്ല.

പിന്നീട് ഒരാൾ പറയുന്നത് അവൻ കേട്ടു. കുറുപ്പ് കുഞ്ഞപ്പന്റെ കൈയിലാണ് പണം കൊടുത്തയച്ചതെന്ന്.

താൻ എഴുത്തുകൊണ്ടുപോയ വസ്തുത അറിഞ്ഞ് ആരോ ഇങ്ങനെ ഊഹിച്ചിരിക്കും എന്ന് അവൻ വിചാരിച്ചു. അതിനെപ്പറ്റി അതിലധികമൊന്നും അവൻ ആലോചിച്ചിട്ടില്ല.

അടുത്തൊരുദിവസം കുറുപ്പ് കുഞ്ഞപ്പനെ വീട്ടിൽ വിളിച്ചുവരുത്തി. വല്ല ജോലിയും ചെയ്യിക്കാനായിരിക്കും തന്നെ വിളിച്ചതെന്ന് അവൻ വിചാരിച്ചു. വല്ലവർക്കും ചില്ലറ ജോലി ചെയ്താണ് അവൻ കഴിയുന്നത്. കുഞ്ഞപ്പനു സന്തോഷമായി.

കുറുപ്പ് : ''നീ ഒരു പശുവിനു വില പറയുന്നതു കേട്ടല്ലോ. വാങ്ങിച്ചോ?''

കുഞ്ഞപ്പൻ : ''ഞാൻ വെറുതെ വില ചോദിച്ചതാ. മേടിക്കാൻ കാശുവേണ്ടേ?''

കുറുപ്പ്: ''എന്തു വില പറഞ്ഞു അവൻ?''

കുഞ്ഞപ്പൻ : ''നാൽപ്പതു രൂപയ്ക്കു തരാമെന്നു പറഞ്ഞു. ചനയുള്ള കിടാവാ. ആറുമാസം കഴിഞ്ഞാൽ പെറും. അതിന്റെ തള്ളയ്ക്കു രണ്ടിടങ്ങഴി പാലുണ്ടായിരുന്നു. അയാളുടെ മകനെ കോയമ്പത്തൂർ ഒരു ജോലിക്ക് വിളിച്ചിരിക്കുന്നു. അവനു പോകാൻ കുറച്ചു കാശുവേണം. അതിനുവേണ്ടിയാ പശുകിടാവിനെ വിൽക്കുന്നത്. ഇവിടെ വേണമെങ്കിൽ മേടിച്ചോളൂ.''

കുറുപ്പ് : ''ഇവിടെ പശുവുണ്ടല്ലോ. അതുകൂടിയായാൽ നോക്കാനും മറ്റും പ്രയാസമാകും. നീ മേടിക്ക്.''

കുഞ്ഞപ്പൻ : ''എനിക്കെവിടെയാ കാശ്? വഴീൽകിടന്നു കിട്ടണം. അല്ലെങ്കിൽ വല്ലോരും വെറുതെ വിളിച്ചുതരണം. ക്ടാവിനെ കണ്ടപ്പോൾ എനിക്കു കൊതി തോന്നി. നല്ലപോലെ രക്ഷിച്ചാൽ ഒരു വീട്ടിലെ ചെലവുനടക്കാൻ അതുമതി. ചാണകം വിറ്റാൽ കിട്ടും അതിന്റെ തീറ്റയ്ക്കുള്ള വക. അതു പെറ്റുണ്ടാകുന്നതു പശുക്ടാവാണെങ്കിൽ ഇങ്ങനെ കണ്ടോരെ ആശ്രയിക്കാതെ എനിക്കു കഴിയാം. ആശിച്ചിട്ടെന്താ ഫലം?''

കുറുപ്പ് : ''നിനക്കാശയുണ്ടെങ്കിൽ മേടിക്ക്. നാൽപ്പതുരൂപ ഞാൻ തരാം.''

കുഞ്ഞപ്പൻ : ''ചേട്ടനു പുണ്യമൊണ്ട്. ഈ കടം ഞാൻ വേല ചെയ്തു വീട്ടാം. അങ്ങനെ വീട്ടിയില്ലെങ്കിൽ പാലുതന്നു വീട്ടാം.''

കുറുപ്പ്: ''വീട്ടുന്നകാര്യം പിന്നെയാകട്ടെ. നീയിപ്പോൾ രൂപകൊണ്ടുപോയി പശുക്കിടാവിനെ വാങ്ങിക്ക്.''

കുഞ്ഞപ്പന് ആശ്ചര്യം തോന്നി. നാല്പതുരൂപാ പോയിട്ട് നാലു പൈസാ കുറുപ്പ് വെറുതെ ആർക്കും കൊടുത്തതായി താൻ കേട്ടിട്ടില്ല. താനും കുറുപ്പുമായി പ്രത്യേകിച്ച് ഒരടുപ്പവുമില്ല. എന്നിട്ടിങ്ങനെ!

അവൻ കുറുപ്പിനെ നന്ദിപൂർവം നോക്കി മന്ദഹസിച്ചു.

**പറഞ്ഞതുപോലെ കുറുപ്പ് വേലുപ്പിള്ളയുടെ വീട്ടിൽ വന്നു. അത് കുഞ്ഞപ്പൻ അറിഞ്ഞു. പണം കൊടുത്തോ എന്ന് അവൻ അന്വേഷിച്ചില്ല. അതിന് അവനെന്താകാര്യം? വേലുപ്പിള്ളയ്ക്ക് അടുത്തദിവസം രോഗം വർധിച്ചു. രണ്ടുനാൾ കഴിഞ്ഞ് അയാൾ മരിക്കുകയും ചെയ്തു.**

കുറുപ്പിന്റെ മുഖം നല്ലവണ്ണം തെളിഞ്ഞു.

"നീയിങ്ങോട്ടു വന്നേ," എന്നു കുഞ്ഞപ്പനെ വിളിച്ചിട്ട് കുറുപ്പ് വീടിന്റെ പിൻവശത്തേക്കു നടന്നു. കുഞ്ഞപ്പൻ അയാളെ അനുഗമിച്ചു. അവർ ഒരു പ്ലാവിന്റെ ചുവട്ടിലെത്തി. പ്ലാവിൽ കേറി ചക്കയിടണമായിരിക്കും. പ്ലാവിൽ കേറുകയോ കിണറ്റിലിറങ്ങുകയോ എന്തുവേണമെങ്കിലും ചെയ്യാമെന്ന ഭാവത്തിലാണ് കുഞ്ഞപ്പൻ.

കുറുപ്പ് ഒച്ചയടക്കി സംസാരിച്ചു.

''ഞാൻ വേലുപ്പിള്ളയ്ക്ക് പണം കൊടുത്തകാര്യം നീയറിഞ്ഞോടാ?''

''ആരോ പറയുന്നതുകേട്ടു.''

''എനിക്കൊരു മറയത്തരം പറ്റി.''

''കൂടുതൽ കൊടുത്തു പോയോ?''

''അതല്ല, കൊടുത്തതുകയ്ക്ക് രസീതുമേടിച്ചില്ല.''

''അതിനെന്താ അയാൾ കള്ളം പറയുകേല്ല.''

കുറുപ്പു ചിരിച്ചുപോയി:

''അയാൾ മരിച്ചതുകൊണ്ടാ എനിക്കു പേടി.''

''മരിച്ചോരെ പേടിക്കുന്നതെന്തിനാ? പ്രേതത്തിനെ എനിക്കു പേടിയില്ല.''

''ഞാൻ പറഞ്ഞതു നിനക്കു മനസ്സിലായില്ല. ഞാൻ വേലുപ്പിള്ളയ്ക്ക് ഒരു പ്രോമിസറി നോട്ടെഴുതിക്കൊടുത്തിരുന്നു. അതിൻപ്രകാരം കുറെ പണം ഞാൻ കൊടുക്കാനുണ്ടെന്നു പറഞ്ഞ് അയാളുടെ മക്കൾ കേസുകൊടുക്കാനാലോചിക്കുന്നു. ഈ രൂപയ്ക്കാ നിന്റെ കൈയിൽ അയാൾ എഴുത്തു തന്നയച്ചത്.''

''മനസ്സിലായി. അന്ന് പണം എന്റെ കൈയിൽ തന്നയച്ചാൽ മതിയായിരുന്നു. പിന്നെയെങ്ങനെ കേസുകൊടുക്കാനാ?''

ഇവൻ ശുദ്ധൻ തന്നെയെന്നു കുറുപ്പുവിചാരിച്ചു. അയാൾ പറഞ്ഞു:

''കൊടുത്തപണം ഇനിയും കൊടുക്കേണ്ടിവന്നാൽ നഷ്ടവും മാനക്കേടുമാണല്ലോ.''

''കൊടുത്തപണം ഇനിയും കൊടുക്കാൻ അതവരുടെ കൈയിലിരിക്കുന്നോ? അത് അടിയന്തിരത്തിന് ചെലവായില്ലേ?''

കുറുപ്പിനു സന്തോഷമായി. കുഞ്ഞപ്പൻ തന്റെ കടവിൽ തന്നെയാണ്.

''അടിയന്തിരത്തിനു ചെലവായതു ഞാൻ കൊടുത്ത പണമാണെന്നു നിനക്കും അറിയാം അല്ലേ?''

കുഞ്ഞപ്പൻ : ''അങ്ങനെ കേട്ടു.''

കുറുപ്പ് : ''ഞാൻ വേലുപ്പിള്ളയ്ക്ക് പണം കൊടുത്തെന്ന് നീ പറഞ്ഞാൽ എന്റെ പണം ജീവിക്കും.''

''എന്നോടാരും ചോദിച്ചില്ലല്ലോ. ചോദിക്കട്ടെ.''

''ചോദിക്കും. അവർ കേസു കൊടുക്കുന്നപക്ഷം കച്ചേരിയിൽ നിന്നോടു ചോദിക്കും.''

''എന്റെ ദൈവമേ എനിക്കു പേടിയാകുന്നു. കച്ചേരികേറാതെ കഴിയണമെന്നാണെന്റെ വിചാരം.''

''അതിനുള്ള വഴിയാ ഞാൻ പറയാൻ പോകുന്നത്.''

കുഞ്ഞപ്പൻ പറഞ്ഞു: "നിങ്ങളു തമ്മിലുള്ള എടപാടിന് പാവപ്പെട്ട എന്നെ കൂട്ടിക്കെട്ടുന്നതെന്തിനാ? അവർക്കു ചേട്ടൻ രൂപ കൊടുത്തെങ്കിൽ അവരോടു പറയരുതോ കേസ്സുകൊടുക്കരുതെന്ന്?''

''ഞാൻ പറഞ്ഞാൽ പോരാ. നീ പറഞ്ഞാലേ എനിക്കു രക്ഷയുള്ളൂ.''

''ചേട്ടനേക്കാൾ വലിപ്പക്കാരനാണോ ഞാൻ?''

''അതൊക്കെയിരിക്കട്ടെ. നീ അന്നു കൊണ്ടുവന്ന എഴുത്തിൽ ഒരുവരി എഴുതി ഒരൊപ്പിട്ടു തന്നേച്ചു നാൽപ്പതുരൂപയും വാങ്ങിച്ചോണ്ടു പശുക്കിടാവിനേയും വാങ്ങി വീട്ടിലേക്കു പോ. ബാക്കിയൊക്കെ ഞാൻ നോക്കിക്കൊള്ളാം.''

ഇതുവരെ വ്യക്തമാകാതിരുന്ന കാര്യം കുഞ്ഞപ്പനു മനസ്സിലായി. താൻ കളവിനു കൂട്ടുനിൽക്കണം. കുറുപ്പിന് അതുകൊണ്ട് ലാഭമുണ്ട്. അതിലൊരംശം തനിക്കും തരും.

വേലുപ്പിള്ളയുടെ എഴുത്ത് കുറുപ്പിന്റെ കൈയിൽ ഇരിക്കുന്നതുകൊണ്ടാണ് അയാളുടെ ആലോചന ചീത്തവഴിക്കു പോയത്. ആ എഴുത്തിൽ തന്റെ പേരും ഉണ്ടല്ലോ. അതെങ്ങനെയെങ്കിലും കൈക്കലാക്കണം. ഇല്ലാത്തപക്ഷം ഈ കള്ളൻ എന്നെയും കൊഴപ്പത്തിലാക്കും. അവൻ പറഞ്ഞു:

''ചേട്ടാ, നേരല്ലാത്തവഴിക്ക് കിട്ടുന്ന രൂപകൊണ്ടു പശൂനെ മേടിച്ചാൽ പശുവങ്ങു ചത്തുപോയെങ്കിലോ?''

''നേരും മരണവും തമ്മിൽ ബന്ധമൊന്നുമില്ല. നേരുകാരൊക്കെ മരിക്കാതിരിക്കുകയാണോ?''

''എനിക്കറിവില്ലാത്തതുകൊണ്ട് ചോദിച്ചുപോയതാ.

**ഇതുവരെ വ്യക്തമാകാതിരുന്ന കാര്യം കുഞ്ഞപ്പനു മനസ്സിലായി. താൻ കളവിനു കൂട്ടുനിൽക്കണം. കുറുപ്പിന് അതുകൊണ്ട് ലാഭമുണ്ട്. അതിലൊരംശം തനിക്കും തരും.വേലുപ്പിള്ളയുടെ എഴുത്ത് കുറുപ്പിന്റെ കൈയിൽ ഇരിക്കുന്നതുകൊണ്ടാണ് അയാളുടെ ആലോചന ചീത്തവഴിക്കു പോയത്. ആ എഴുത്ത് എങ്ങനെയെങ്കിലും കൈക്കലാക്കണം.**



ഏതായാലും പശുവിനെ മേടിക്കണമെന്നുതോന്നിയപ്പോൾ അതിനുള്ള വഴി ദൈവം കാണിച്ചുതന്നു.''

''ദൈവമല്ലല്ലോ, ചേട്ടൻ കാണിച്ചുതന്നു. എഴുത്തിൽ ഞാനെന്താ എഴുതിത്തരണ്ടത്?''

''ഈ എഴുത്തനുസരിച്ച് ഇരുന്നൂറു രൂപ പറ്റിയിരിക്കുന്നു എന്നെഴുതിയാൽ മതി.''

''എനിക്കു പേടിയാകുന്നു ചേട്ടാ. ഈ ഇരുന്നൂറുരൂപാ ഞാൻ കൊടുക്കേണ്ടിവരുമോ? ഇല്ലാത്തവൻ എവിടെന്നു കൊടുക്കാനാ, അല്ലേ?''

''നീ വേലുപ്പിള്ളയ്ക്ക് കൊടുത്തില്ലെന്ന് ആരുപറയും? കൊടുക്കാത്തത് ആരെങ്കിലും കണ്ടോ?''

''അതു നേരാ. ആരോ പറയുന്നതുകേട്ടു ചേട്ടൻ എന്റെ കൈയിൽ രൂപ തന്നയച്ചെന്ന്.''

കുറുപ്പ്: ''അങ്ങനെ ചെലരു പറയുന്നുണ്ടല്ലോ? എന്നാൽ പിന്നെ ഒട്ടും സംശയിക്കാനില്ല.''

കുഞ്ഞപ്പൻ: ''ചേട്ടൻ പറയുന്നതു കൊണ്ടുമാത്രമാണ് ഞാൻ സമ്മതിക്കുന്നത്. എന്തെഴുതണമെങ്കിലും എഴുതാം. ആ എഴുത്തിങ്ങെടുത്തോണ്ടുവരൂ.''

കുഞ്ഞപ്പൻ അനുസരിച്ചപ്പോൾ കുറുപ്പിന്റെ മുഖം തെളിഞ്ഞു. അവർ വീട്ടിന്റെ മുൻവശത്തെ വരാന്തയിൽ വന്നു. കുറുപ്പ് എഴുത്തെടുത്തുകൊണ്ടുവന്നു. കുഞ്ഞപ്പനതു വാങ്ങി വായിച്ചുനോക്കി.

''*എനിക്ക് ഇന്നു പണം തരാമെന്നു പറഞ്ഞിരുന്നല്ലോ. ഈ എഴുത്ത് കൊണ്ടുവരുന്ന കുഞ്ഞപ്പന്റെ കൈയിൽ കൊടുത്തയയ്ക്കയോ അല്ലെങ്കിൽ താങ്കൾ തന്നെ കൊണ്ടുവന്നു തരികയോ ചെയ്യുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ കിട്ടാത്തപക്ഷം ആ പണം ഉപകാരപ്പെടാത്ത നിലയിലായിരിക്കയാണ് ഞാനെന്നറിയാമല്ലോ.*

*എന്ന്, തനതു വേലുപ്പിള്ള*''

അവൻ പറഞ്ഞു:

''ഈ എഴുത്ത് ചേട്ടൻ കളയാതെ വച്ചിരുന്നത് എന്റെ ഭാഗ്യം. അതുകൊണ്ടാണല്ലോ എനിക്കിപ്പോൾ പശുവിനെ മേടിക്കാനൊത്തത്. എന്നാൽ തരാമെന്നു പറഞ്ഞ രൂപ തന്നേക്കൂ.''

കുറുപ്പ് പണമെടുക്കാൻ പോയപ്പോൾ കുഞ്ഞപ്പൻ മുറ്റത്തേക്കു ചാടി പടിക്കു പുറത്തു ചെന്നുനിന്നു വിളിച്ചുപറഞ്ഞു.

''രൂപ വേണ്ട ചേട്ടാ. അതു കൊടുത്തു പശുവിനെ മേടിച്ചാൽ അനുഭവിക്കാൻ ഒക്കുകേല്ല.''

''എന്നാൽ ആ എഴുത്തിങ്ങു കൊണ്ടു വാ...'' എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് കുറുപ്പ് പടിക്കലേക്കോടിച്ചെന്നു.

കുഞ്ഞപ്പൻ ഓടിമറയുകയും ചെയ്തു. എന്നിട്ട് ഇക്കഥ പറഞ്ഞുപരത്തി.

*(ആദ്യകാല തളിരിൽ നിന്ന് എടുത്തത്)*




# കുട്ടികളുടെ ചലച്ചിത്രം എന്നൊന്നുണ്ടോ?

വിനോദ് മങ്കര

**ഇത്തവണത്തെ ദേശീയ ചലച്ചിത്ര പുരസ്കാര മത്സരത്തിൽ ഏറെ ചർച്ചയായ കള്ളനോട്ടം, കറുപ്പു ദുരൈ (കെ ഡി) എന്നീ ചലച്ചിത്രങ്ങളെ കുറിച്ച് ദേശീയ ചലച്ചിത്ര ജൂറി അംഗം കൂടിയായിരുന്ന ലേഖകൻ എഴുതുന്നു.**



ഇത്തവണത്തെ ദേശീയ ചലച്ചിത്ര പുരസ്കാര മത്സരത്തിൽ ഏറെ ചർച്ചയായതാണ് *കള്ളനോട്ടം* എന്ന മലയാള ചിത്രവും *കറുപ്പു ദുരൈ (കെ. ഡി.)* എന്ന തമിഴ് ചലച്ചിത്രവും. രണ്ടു ചിത്രങ്ങളും കുട്ടികളുടെ ചിത്രമായല്ല സെൻസർ ചെയ്തിരിക്കുന്നതെങ്കിലും രണ്ടും നയിക്കപ്പെടുന്നതും സമാപ്തിയെ സമ്പൂർണ്ണമാക്കുന്നതും കുട്ടികളാണ് എന്നതാണ് ഇവയുടെ പ്രത്യേകതയും മേൻമയും. കുട്ടികളുടെ കഥ ഒരു സമൂഹത്തിന്റേതായി മാറുകയും എന്നാൽ കുട്ടികളുടെ കഥാവിന്യാസത്തിൽ ഉറച്ച് സ്വത്വം നഷ്ടമാവാതെ നിൽക്കുകയും ചെയ്യുന്ന അപൂർവത ഈ രണ്ടു ചിത്രങ്ങളും പുലർത്തി എന്നതിനാൽ ഈ രണ്ടു ചിത്രങ്ങളും സമ്മാനിതമായി. *കള്ളനോട്ടം* മികച്ച മലയാള സിനിമയാവുകയും *കറുപ്പു ദുരൈ*യിലൂടെ നാഗവിശാൽ എന്ന ബാലൻ മികച്ച ബാലതാരമാവുകയും ചെയ്തു.

കുട്ടികളുടെ മികച്ച ചിത്രം ഹിന്ദിയിലെ *കസ്തൂരി* കരസ്ഥമാക്കിയെങ്കിലും മേൽപ്പറഞ്ഞ രണ്ടു ചിത്രങ്ങളും ജൂറിയുടെ അഭിനന്ദനം വേണ്ടുവോളം ഏറ്റുവാങ്ങി. ഇത്തവണത്തെ ദേശീയ ചലച്ചിത്ര പുരസ്കാര ജൂറി അംഗമായിരുന്ന വ്യക്തി എന്ന നിലയിൽ എനിക്കിത് ഉറപ്പിച്ചു പറയാൻ കഴിയും.

ഗുണപാഠങ്ങൾ കുത്തിക്കേറ്റി ചില ഉപദേശങ്ങളൊക്കെ നൽകി കുട്ടികൾക്കു പോലുമറിയാത്ത ചില മേഖലകളിലൂടെ കുട്ടികളെ 'ചാടിക്കളിക്കെടാ കുഞ്ഞിരാമാ' എന്ന മട്ടിൽ നടത്തുന്ന വികൃതചിത്രങ്ങളാണ് കുട്ടികളുടെ ചിത്രമെന്ന മട്ടിൽ പലപ്പോഴും പുറത്തിറങ്ങുന്നത്. മലയാളത്തിലെന്നല്ല പല ഇന്ത്യൻ ഭാഷകളിലും നിർമ്മിക്കപ്പെടുന്ന കുട്ടികളുടെ ചിത്രങ്ങൾക്ക് അടുത്തകാലത്തായി വേണ്ടത്ര കാതലില്ലാതെ പോവുകയാണ് ചെയ്യുന്നത്. കുട്ടികളുടെ ചിത്രങ്ങൾക്ക് സർക്കാർ നല്ല സബ്സിഡിയൊക്കെ നൽകാറുണ്ടെങ്കിലും ആഴമുള്ള ഒരു ചിത്രം, അത് പ്രമേയത്തിലായാലും സാങ്കേതികതയിലായാലും ഉണ്ടാവാറില്ല എന്നതാണ് സത്യം. ഈ പശ്ചാത്തലത്തിൽ വേണം *കള്ളനോട്ടത്തേ*യും *കറുപ്പു ദുരൈ*യേയും കാണാൻ.

*കള്ളനോട്ടം* മലയാളത്തിലുണ്ടായ പരീക്ഷണ ചിത്രമാണ്. കുട്ടികളുടെ ചിത്രത്തിന്റെ പരിമിതി പൊളിച്ച് ഇതിന്റെ പ്രമേയം പുറത്തുപോകുന്നുണ്ടെങ്കിലും നിരീക്ഷകരായി കുട്ടികൾ സദാ ഈ ചിത്രത്തിലുണ്ട് എന്നുള്ളത് തിരക്കഥയുടെ പ്രത്യേകതയാണ്. വളരെ സാധാരണമായ പശ്ചാത്തലത്തിൽ ഏതൊരു കുട്ടിക്കും തോന്നാവുന്ന കൗതുകത്തോടെ ആരംഭിക്കുന്ന ചിത്രം സമകാലീന സമൂഹത്തിന്റെ പരിച്ഛേദമായി മാറുന്ന ക്രമാനുഗത വളർച്ച ഈ ചിത്രത്തിനുണ്ട്. കുട്ടികൾ ആഗ്രഹിച്ചും ആഗ്രഹിക്കാതെയും കടന്നുപോ

കുന്ന ഇടങ്ങളിൽ വളരുന്ന സമൂഹത്തിന്റെ നേർകാഴ്ചകൾ യഥാർത്ഥത്തിൽ കുട്ടികളുടേതല്ലയെങ്കിലും ഈ ചിത്രത്തിന്റെ യഥാർത്ഥ കണ്ണ് കുട്ടികളും ക്യാമറയും തന്നെയാണ്. കുട്ടികളോടൊപ്പം ഒരു കളിപ്പാട്ടമെന്ന നിലയിൽ അവരോടൊപ്പം ക്യാമറയും ഒരു കഥാപാത്രമാവുകയാണ് ഈ ചിത്രത്തിൽ. ക്യാമറയ്ക്കും ഒരു കുട്ടിത്തം ചാർത്തികൊടുക്കാൻ ക്യാമറകളിൽ ബാലനായ ഗോപ്രോ ക്യാമറ രീതിയാണ് ചിത്രീകരണത്തിന് ഉപയോഗിച്ചിരിക്കുന്നതും. കഥയിൽ കുട്ടികൾക്കെന്ന പോലെ ഈ കുഞ്ഞൻ ക്യാമറയ്ക്കും ഈ ചിത്രത്തിൽ വലിയ അഭിനയസാധ്യതയാണുള്ളത്. ഒരു ക്യാമറയുടേയും അതോടൊപ്പം യാത്ര ചെയ്യുന്ന കുട്ടികളുടേയും കഥയിൽ വിടരുന്ന സമൂഹമാണ് ഈ ചിത്രത്തിന്റെ അടിയൊഴുക്ക് എന്ന് വേണമെങ്കിൽ പറയാം.

അങ്ങനെ വിൻസന്റും കിഷോറും റോസിയും ചേർന്ന് സിനിമാപിടുത്തം നടത്തുന്നതിനിടയിലാണ് കഥയുടെ വില്ലൻ ക്ലൈമാക്സ് കടന്നുവരുന്നത്. കുട്ടികളുടെ ലോകത്തേക്ക് മുതിർന്നവർ കയറിവരുമ്പോൾ കഥയുടെ കാമ്പിലും മാറ്റമുണ്ടാവുന്നു. സദാചാര പോലീസ് ചമഞ്ഞെത്തുന്നവർ കുട്ടികളിൽ നിന്നും ക്യാമറ കൈക്കലാക്കി നടക്കുമ്പോഴും ക്യാമറയ്ക്ക് പുതിയൊരർഥമുള്ള ചലനം സംഭാവന ചെയ്യുന്നുണ്ട്. ആ ക്യാമറ പിന്നീട് കാണുന്നത് സദാചാര പോലീ

**കുട്ടികൾആഗ്രഹിച്ചുംആഗ്രഹിക്കാതെയുംകടന്നുപോകുന്ന ഇടങ്ങളിൽ വളരുന്ന സമൂഹത്തിന്റെ നേർകാഴ്ചകൾ യഥാർത്ഥത്തിൽ കുട്ടികളുടേതല്ലയെങ്കിലും ഈ ചിത്രത്തിന്റെ യഥാർത്ഥ കണ്ണ് കുട്ടികളും ക്യാമറയും തന്നെയാണ്. കുട്ടികളോടൊപ്പം ഒരു കളിപ്പാട്ടമെന്ന നിലയിൽ അവരോടൊപ്പം ക്യാമറയും ഒരു കഥാപാത്രമാവുകയാണ് ഈ ചിത്രത്തിൽ.**

സിന്റെ കണ്ണിലൂടെയാണ്.

മരച്ചോട്ടിൽ തങ്ങളുടെ പ്രണയം പങ്കുവയ്ക്കുന്ന കാമുകീകാമുകൻമാരുടെ സ്വകാര്യതയിലേക്ക് ഒരു സി ബി ഐ അന്വേഷകന്റെ മൂർച്ചയുള്ള കണ്ണുമായി സദാചാരം കാക്കാൻ ഒരുമ്പെട്ടിറങ്ങിയിരിക്കുന്ന ഈ മുതിർന്നവർ എത്തുന്നതോടെ കഥയുടെ ട്വിസ്റ്റ് മറ്റൊരു വഴിക്കാവുന്നു. ഇതിനൊക്കെ സാക്ഷിയായി, തങ്ങളുടെ നിഷ്ക്കളങ്ക ബാല്യത്തിന് ആ ക്യാമറ മടക്കിത്തരണമെന്ന് നിരന്തരമായി അഭ്യർത്ഥിക്കുന്ന വിൻസന്റും കൂട്ടുകാരും ഒപ്പമുണ്ട്. ഇവിടെ കുട്ടികളുടെ ലോകത്തു നിന്നും മുതിർന്നവരുടെ ലോകത്തേക്കുള്ള ഇടനാഴി തുറന്നത് പ്രേക്ഷകൻ അറിയുന്നതേയില്ല. അവസാനം ഈ കഥാപാത്രങ്ങളെയെല്ലാം പോലീസ് സ്റ്റേഷനിൽ എത്തിക്കുകയാണ് സംവിധായകൻ. പോലീസ് സ്റ്റേഷനിലെത്തുന്ന ക്യാമറ മാറി






**ഒരു പരിധിവരെ സദാചാരപോലീസിനെ ന്യായീകരിക്കുന്നതൊഴിച്ചാൽ ചിത്രം ഗംഭീരമാണെന്നു തന്നെ പറയണം. ഒരു സാമ്പ്രദായിക ചലചിത്ര നിർമ്മിതിയെ പൊളിച്ചടുക്കിയ ഈ ചിത്രത്തിൽ കഥയുടെ ഒരു നേർവര മാത്രമേ കാണാനാവൂ. കഥാപാത്രങ്ങളുടെ ഫ്ളാഷ്ബാക്കുകൾക്കോ സമാന്തര കഥകൾക്കോ ഇതിൽ ഒരു സ്ഥാനവുമില്ല. വിൻസന്റ് എന്ന പത്തു വയസ്സുകാരന്റെ ജിജ്ഞാസ തന്നെയാണ് കഥാന്ത്യംവരെയും ക്യാമറയ്ക്കും.**

മാറി പല പോലീസുകാരിലേക്കുമെത്തുമ്പോൾ ക്യാമറയ്ക്കു മുന്നിലുള്ള കഥാപാത്രങ്ങൾക്ക് സംസാരിക്കാനുള്ള സ്വാഭാവികമായ ഒരു വ്യൂപോയിന്റ് നൽകുകയാണ് സംവിധായകൻ.

ഒരു പരിധി വരെ സദാചാര പോലീസിനെ ന്യായീകരിക്കുന്നതൊഴിച്ചാൽ ചിത്രം ഗംഭീരമാണെന്നു തന്നെ പറയണം. ഒരു സാമ്പ്രദായിക ചലചിത്ര നിർമ്മിതിയെ പൊളിച്ചടുക്കിയ ഈ ചിത്രത്തിൽ കഥയുടെ ഒരു നേർവര മാത്രമേ കാണാനാവൂ. കഥാപാത്രങ്ങളുടെ ഫ്ളാഷ്ബാക്കുകൾക്കോ സമാന്തര കഥകൾക്കോ ഇതിൽ ഒരു സ്ഥാനവുമില്ല. ക്യാമറ കഥാപാത്രമായതിനാൽ ക്യാമറയ്ക്ക് സ്വപ്നംകാണാനോ ആലോചനാശേഷിയോ ഇല്ലെന്നിരിക്കേ മുന്നിൽക്കാണുന്നതിനെ കൺതുറിച്ച് കാണുക മാത്രം ചെയ്യുകയാണിവിടെ. വിൻസന്റ് എന്ന പത്തു വയസ്സുകാരന്റെ ജിജ്ഞാസ തന്നെയാണ് കഥാന്ത്യംവരെയും ക്യാമറയ്ക്കും. മുറിയാൻ മറന്നുപോയ ലോങ്ങ് ഷോട്ടുകൾ നിറഞ്ഞ ചിത്രത്തിൽ ഷോട്ട് ഡിവിഷനോ സംഗീതത്തിനോ ഒട്ടും തന്നെ പ്രാധാന്യമില്ല എന്നു കാണാം. അവസാനം ബാറ്ററി തീർന്ന് ക്യാമറ ഓഫ് ആവുന്നതോടെ ചിത്രവും അവസാനിക്കുകയാണ്.

ന്യൂയോർക്ക് ഇന്ത്യൻ ചലചിത്രമേളയിലാണ് *കള്ള നോട്ട*ത്തിന്റെ ആദ്യ പ്രദർശനം നടന്നത്. ഇപ്പോൾ മികച്ച മലയാള ചിത്രത്തിനുള്ള ദേശീയ അവാർഡും ലഭിച്ചിരിക്കുന്നു. കുട്ടികളുടെ ചിത്രം മുതിർന്നവരുടെ ലോകം തുറക്കുന്ന ഇത്തരം ചിത്രങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ടോബിൻ തോമസിന്റെ ഛായാഗ്രഹണവും അപ്പു ഭട്ടതിരിയുടെ ചിത്രസംയോജനവും അഭിനന്ദനമർഹിക്കുന്നു.

●●●

## കെ. ഡി.

മധുമിതാ സുന്ദരരാമന്റെ നാലാമത്തെ ഫീച്ചർ ചിത്രമാണ് *കറുപ്പു ദുരൈ* അഥവാ *കെ. ഡി.* എന്ന തമിഴ് ചിത്രം. മധുമിത തന്നെയാണ് 123 മിനിറ്റുള്ള ഈ ചിത്രത്തിന്റെ കഥാകാരിയും. മു രാമസ്വാമിയുടെ കറുപ്പു ദുരൈ എന്ന കഥാപാത്രവും നാഗവിശാൽ എന്ന ബാലന്റെ കുട്ടി എന്ന കഥാപാത്രവുമാണ് ഈ ചിത്രത്തെ മുന്നോട്ട് നയിക്കുന്നത്. ഒരർഥത്തിൽ ഇവരുടെ രണ്ടുപേരുടേയും ജീവിതയാത്രയാണ് കെ. ഡി. എന്ന ചിത്രം. കറുപ്പു ദുരൈ എന്ന വൃദ്ധനെ ജീവിതത്തിലേക്കു നയിക്കുന്ന ഒരു അനാഥ ബാലന്റ കഥയാണ് ഇതെന്നും പറയാവുന്നതാണ്. അങ്ങനെ നോക്കുമ്പോൾ എതു കുട്ടികളുടെ ചിത്രത്തേക്കാളും ശക്തമാണ്

കുട്ടി നയിക്കുന്ന ഈ ചിത്രമെന്ന് വിലയിരുത്തേണ്ടി വരും.

ഈ ചിത്രത്തിന്റെ ഏറ്റവും വലിയ പ്രത്യേകത കുടുംബത്തെ പേടിച്ച് ഓടി രക്ഷപ്പെട്ട ഒരാളും കുടുംബമേയില്ലാത്ത ഒരു അനാഥനും തമ്മിൽ കണ്ടുമുട്ടുന്ന യാദൃച്ഛികതയിൽ ഇരുവർക്കും ജീവിതത്തിന്റെ അന്നേവരെ കിട്ടാത്ത മധുരനാരങ്ങകൾ ലഭിക്കുകയും അവരത് വേണ്ടുവോളം ആസ്വദിക്കുകയും ചെയ്യുന്നു എന്നതാണ്. ഇന്നലെകൾ ആട്ടിപ്പുറത്താക്കിയ രണ്ടുപേർ വർത്തമാന കാലത്തിൽ ആർത്തുതിമിർത്ത് ഇന്നലെയോട് പകരം വീട്ടുന്ന ചിത്രമാണ് കെ. ഡി. രാമസ്വാമിയും നാഗവിശാലും അതുല്യ കലാകാരൻമാർ തന്നെ. അവരുടേത് ഒരു യഥാർത്ഥ ജീവിതമാണോ എന്നു പോലും നമ്മൾ സംശയിക്കുന്ന വിധത്തിലാണ് ഇരുവരും കാഴ്ചവച്ച അഭിനയ മുഹൂർത്തങ്ങൾ.


80 വയസ്സു കഴിഞ്ഞ കറുപ്പു ദുരൈ കഴിഞ്ഞ ഏതാനും മാസങ്ങളായി കോമയിൽ ബോധരഹിതനായി കിടക്കുന്ന ചിത്രത്തോടെയാണ് സിനിമ ആരംഭിക്കുന്നത്. അയാളുടെ മകനും ബന്ധുക്കളും അവരുടെ ജീവിതത്തിലെ വലിയൊരു ബാധ്യതയായി ഇതിനെ കണക്കാക്കുകയും അയാളെ തലൈ കൂത്തൽ എന്ന ദയാവധത്തിന് വിധേയമാക്കാനും ആലോചിക്കുന്ന സമയത്ത് കറുപ്പു ദുരൈക്ക് ബോധം വീഴുകയും അയാൾ ഏറെ ദുഃഖിക്കുകയും ചെയ്യുന്നു. വീട്ടുകാരറിയാതെ എങ്ങോട്ടോ ഓടിപ്പോവുന്ന ഈ നിരാശ്രയനെയാണ് അനാഥനായ കുട്ടി എന്ന ബാലൻകണ്ടുമുട്ടുന്നത്. നഷ്ടപ്പെടാൻ രണ്ടുപേർക്കും ഒന്നുമില്ലാത്തതിനാൽ ഇരുവരും ചങ്ങാത്തത്തിലാവുകയാണ്. പിന്നീടങ്ങോട്ട് കുട്ടി നയിക്കുന്ന, കുട്ടി തീർച്ചപ്പെടുത്തിയ കളത്തിലൂടെ സഞ്ചരിക്കുകയാണ് ദുരൈ. കുട്ടി നിരത്തിയ ചാർട്ട്, ദുരൈയുടെ നടക്കാതെ പോയ സ്വപ്നങ്ങളിലേക്കുള്ള ഏണിപ്പടിയാവുകയായിരുന്നു.

ഒന്നൊന്നായി ആ ബാലനിലൂടെ നേടുന്ന ദുരൈ ജീവിതം തന്നെ തിരിച്ചുപിടിക്കുകയായിരുന്നു. അവരുടെ യാത്രകളും മരച്ചോട്ടിലെ താമസവും ഉത്സവത്തിമിർപ്പുകളും ഒരർഥത്തിൽ ഇരുവരുടേയും നടക്കാതെ പോയ സ്വപ്നങ്ങളുടെ അടരുകൾ തന്നെ. ഓരോരുത്തനും മറ്റവന് തണലാവുന്ന ജീവിതത്തിന്റെ അപൂർവ്വ നിമിഷങ്ങൾ തന്നെയായിരുന്നു അവ. കുട്ടിയിലൂടെ ദുരൈയുടെ ആഗ്രഹങ്ങളെല്ലാം നിവർത്തിക്കുന്നതിനിടയിലാണ് കുട്ടിക്ക് ചെന്നൈയിലെ ഒരു സ്ക്കൂളിൽ അഡ്മിഷൻ ലഭിക്കുന്നത്. ഇരുവരുടേയും ജീവിതത്തിലെ ഏറ്റവും വേദനിപ്പിക്കുന്ന നിമിഷങ്ങളായിരുന്നു അത്. ചെന്നൈയിലേക്കുള്ള വണ്ടി ചൂളം വിളിക്കാൻ കാത്തുനിന്ന ആ പാളത്തിനരികേ, പ്ലാറ്റ് ഫോമിൽ നിന്നത് രണ്ടു വ്യക്തികളല്ല മറിച്ച് ഇരമ്പുന്ന രണ്ടു കടലുകളാണെന്ന് ഓർമ്മപ്പെടുത്തി ചിത്രം നമ്മെ വല്ലാതെ വേദനി



പ്പിക്കും. ഒന്നും പ്രശ്നമില്ലെന്ന് കാണിക്കാൻ ഇരുവരും തമാശകൾ പറയുകയും അല്പരസപിണക്കങ്ങൾ നടിക്കുകയുമൊക്കെ ചെയ്യുമ്പോഴും അവരിരുവരും ഉള്ളിൽകരയുന്നത് പ്രേക്ഷകന് കാണാം.

ആരുമല്ലാത്ത ചിലർ എവിടെയോ വച്ച് കണ്ടുമുട്ടി അങ്ങോട്ടുമിങ്ങോട്ടും എന്തൊക്കെയോ വാരിക്കോരിക്കൊടുത്ത് പൊടുന്നനെയൊരു നാൾ എങ്ങോട്ടോ അടർന്നുപോകുന്നതിലെ ദൈന്യത കെ.ഡിയിലേതു പോലല്ലാതെ വരയ്ക്കുക വയ്യ. കുട്ടിയെന്ന ഒരു കുട്ടി ഒരു വയോവൃദ്ധന്റെ വൈകിവന്ന ഉദയമാവുകയും പൊടുന്നനെ അസ്തമിക്കുകയും ചെയ്യുമ്പോൾ പിന്നീടൊന്നും അയാൾക്ക് ചെയ്യാനില്ല. അയാൾ തിരിച്ചുപോയി തന്റെ സ്വത്തെല്ലാം മകന് എഴുതിവച്ച് വീണ്ടും യാത്രയാവുകയാണ്. ആ യാത്രയുടെ ആരംഭദിനത്തിനും പിറ്റേന്നാണ് അയാളെ തലൈകൂത്തിലൂടെ ദയാവധം നടത്താൻ ബന്ധുക്കൾ നിശ്ചയിച്ചിരുന്നത്. ഒരർഥത്തിൽ കറുപ്പു ദുരൈയുടെ മരണം, കുട്ടി കയറിയ തീവണ്ടി അകന്നപ്പോഴേ സംഭവിച്ചതാണ്. പിന്നീടയാൾക്ക് ഒന്നിനേയും ഭയക്കേണ്ടതില്ല. അയാളുടെ രണ്ടാം യാത്ര ആദ്യത്തേതുപോലെയല്ലായിരുന്നു. ആദ്യയാത്ര ഭയത്തിൽ നിന്നും ഓടിയൊളിക്കാനായിരുന്നെങ്കിൽ രണ്ടാംയാത്ര ഭയത്തിനു നേർക്കുള്ള ഭയരഹിത തീർത്ഥാടനമായിരുന്നു.






ഒരാളുടെ മരണഭയത്തെ രണ്ടാക്കി പകുത്ത ഒരു കുട്ടിയുടെ കഥ ഏത് അർഥത്തിലും ഹൃദയസ്പർശിയാവുമെങ്കിൽ മുതിർന്നവരുടെ സിനിമയിൽ നിന്നും കുട്ടികളുടെ സിനിമ എന്ന വേർതിരിവിനെ നാം സംശയിക്കേണ്ടിയിരിക്കുന്നു.

**ഒരർഥത്തിൽ കറുപ്പു ദുരൈയുടെ മരണം, കുട്ടി കയറിയ തീവണ്ടി അകന്നപ്പോഴേ സംഭവിച്ചതാണ്. പിന്നീടയാൾക്ക് ഒന്നിനേയും ഭയക്കേണ്ടതില്ല. അയാളുടെ രണ്ടാം യാത്ര ആദ്യത്തേതുപോലെയല്ലായിരുന്നു. ആദ്യയാത്ര ഭയത്തിൽ നിന്നും ഓടിയൊളിക്കാനായിരുന്നെങ്കിൽ രണ്ടാംയാത്ര ഭയത്തിനു നേർക്കുള്ള ഭയരഹിത തീർത്ഥാടനമായിരുന്നു.**



സ്കൂൾ ഡെയ്സ്
രാജീവ് എൻ ടി
ഈ സ്കൂൾ ഒന്നു തുറന്നാ മതിയായി രുന്നു അല്ലേ ചേച്ചി?
സ്കൂളിൽ പോകാൻ നിനക്ക് മടിയായിരുന്നല്ലോ... ഇപ്പോഴെന്താ ഇങ്ങനെ തോന്നാൻ?
മാസ്ക്കിട്ടവരെയെങ്കിലും സ്കൂളിൽ വരാൻ അനുവദിച്ചാൽ മതി...
എന്നാലും അവിടെ ഒന്നിച്ചു കളിക്കാൻ അനുവദിക്കുകയില്ല കേട്ടോ.
ചേച്ചിക്കെന്താ ബോറടിക്കാത്തത്?
ബോറടിക്കാതിരിക്കാൻ നല്ല നല്ല പുസ്തകങ്ങൾ വായിച്ചാൽ മതി.

# എന്തൊരു പൊല്ലാപ്പ്

സിന്ധു എൻ പി

'അതിന്റെ വാലിനെന്തൊരു നീളം!' വഴിയിൽ സ്കൂൾവണ്ടി വരാനായി കാത്തുനിൽക്കുകയായിരുന്ന കുട്ടികൾ അതിശയിച്ചു.

"ഹമ്പട കാക്കേ നീ വേറെ ലെവലാണ്." അതിലൊരു കുട്ടി ചിരിയോടെ ഒരു കമ്പെടുത്ത് മരച്ചില്ല മേലിരിക്കുകയായിരുന്ന കാക്കയ്ക്ക് നേരെ എറിഞ്ഞു. ഏറു കൊള്ളാതെ ശ്രദ്ധയോടെ കാക്ക പറന്ന് മാറിയിരുന്നു.

'നാശം എന്തൊരു കഷ്ടമാണ്.' നീളൻ വാൽ കാരണം കാക്ക വല്ലാതെ കഷ്ടപ്പെട്ടു. പറക്കുമ്പോൾ ഒരു വശം ചെരിയുന്നില്ലേ എന്ന് അതിന് സംശയം ഉണ്ട്. എന്തെങ്കിലും ഭക്ഷണം കൊത്തിത്തിന്നാനായി നിലത്തിറങ്ങിയാലോ അന്നേരവുമുണ്ട് പ്രയാസം. മുന്നോട്ട് നീങ്ങുന്ന നേരത്ത് വശത്തോട്ട് ചായും വശത്തോട്ട് പോകണമെന്ന് കരുതിയാലോ പിറകിലേക്കായും. എന്തിന് പറയുന്നു; നോട്ടം ചെരിഞ്ഞ് താനൊരു കോങ്കണ്ണനായിത്തീരാനുള്ള ഒരു പ്രധാന കാരണം ഈ നീളൻ വാലല്ലാതെ മറ്റെന്താണ്?

കാക്ക വിഷമിച്ചിരുന്നു. വിഷമം ദുഃഖമായി. ദുഃഖം ഉത്കണ്ഠയായി. കാക്കയ്ക്ക് ആഹാരം പോലും വേണ്ടാതായി.



വര: സുജിത്ത് പി വി

'ഞാൻ മാത്രമെന്താണിങ്ങനെ? മറ്റു കാക്കകളുടെയൊന്നും വാലിന് ഇത്രേം നീളമില്ല. നോട്ടത്തിന് ഇത്രേം ചെരിവില്ല. നടത്തയ്ക്ക് ഇത്രേം പ്രയാസമില്ല.'

അത് ആകാശത്തിലേക്കു നോക്കി. ആകാശം നീലിച്ച് മിന്നുന്നുണ്ട്. ഏതൊക്കെയോ പക്ഷികൾ ഇടയ്ക്കൊക്കെ പറന്നുമറയുന്നുണ്ട്.

'ശ്ശോ എനിക്ക് വയ്യ.' അത് തന്നത്താൻ പറഞ്ഞുകൊണ്ട് മരക്കൊമ്പിൽ വെറുതേയിരുന്നു. കൂട്ടില്ലാതെ, സന്തോഷമില്ലാതെ വെറുതേ.

അന്നേരം അതുവഴി ഒരണ്ണാൻ വന്നു. വേറെ പല കാക്കകളിൽ നിന്നും പല കാലത്തും ഉപദ്രവങ്ങൾ നേരിട്ട ഒരുത്തൻ. എന്നാലും ഒരു ശത്രു ഇത്രമാത്രം ദു:ഖിച്ചിരിക്കുന്നത് കാണാൻ അവൻ ഇഷ്ടപ്പെട്ടില്ല. ഒരു നിശ്ചിത അകലം പാലിച്ച് ഇഷ്ടൻ വിളിച്ചു.

''കൂയ് കാക്കേ'' കാക്ക തല ഉയർത്തിയതേയില്ല.

''കാക്കേ എന്തു പറ്റി?''

മറുപടിയില്ല. അണ്ണാറക്കണ്ണൻ അവനെ അടിമുടി ഒന്നു നോക്കി.

''വാലിന്റെ നീളക്കൂടുതലാണോ പ്രശ്നം?''

കാക്ക ഞെട്ടിത്തലയുയർത്തി.

'ഹെന്റമ്മേ ഇവനും...'

അണ്ണാൻ അതു ശ്രദ്ധിക്കാതെ തുടർന്നു.

''ഒരു വഴീണ്ട്.''

'വഴി' കാക്ക ഒന്നുണർന്നു. കാത് കൂർപ്പിച്ചു.

''മ്മടെ കുട്ടപ്പൻബാർബറില്ലേ, ദേ ആ കാണുന്ന വീട്...'' അണ്ണാൻ ചൂണ്ടിയ ദിക്കിൽ നിന്നും നീണ്ടുയർന്ന് തുമ്പിക്കൈ പോലെ ഒരു പുക അന്തരീക്ഷത്തിലേക്ക് ഉയർന്നുമാഞ്ഞു.

''അങ്ങേര് ഒരു നല്ല മനുഷ്യനാ. ഈ വാലിന്റെ നീളം ഒന്ന് കത്രിച്ച് തരും. ചെല്ല് ഇപ്പോ ആ വീട്ടുമുറ്റത്ത് അങ്ങേര്ണ്ട്.''

വേദന താഴോട്ട് വലിക്കുന്നു. കെട്ടഴിഞ്ഞ് വീണത് പോലെ ചിറക് ഊർന്നു വരുന്നു! എന്തൊരു പൊല്ലാപ്പാണിത്.

അതിലേ പറക്കുന്നതിനിടയിൽ കൊറ്റിവന്ന് അരികത്തിരുന്നു.

**കുട്ടപ്പൻബാർബറെ കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. ഒരു കണ്ണാടിയും പിടിച്ച് കസേരയിലിരിക്കുന്ന തടിയന്റെ മുടി, ഒരു മൂളിപ്പാട്ടും പാടി ക്രോപ്പ് ചെയ്യുകയായിരുന്നു അയാൾ. മാവിന്റെ ചോട്, മാമ്പൂ മണം, ഇളംകാറ്റ് അങ്ങനെയിരുന്നു കൊടുക്കുന്നതാണ് ഏറ്റവും വലിയ സന്തോഷമെന്നു തോന്നും തടിയന്റെ മുഖം കണ്ടാൽ.**

കാക്ക പ്രതീക്ഷയോടെ അങ്ങോട്ടേക്കു പറന്നു.

കുട്ടപ്പൻബാർബറെ കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. ഒരു കണ്ണാടിയും പിടിച്ച് കസേരയിലിരിക്കുന്ന തടിയന്റെ മുടി, ഒരു മൂളിപ്പാട്ടും പാടി ക്രോപ്പ് ചെയ്യുകയായിരുന്നു അയാൾ. മാവിന്റെ ചോട്, മാമ്പൂ മണം, ഇളംകാറ്റ് അങ്ങനെയിരുന്നു കൊടുക്കുന്നതാണ് ഏറ്റവും വലിയ സന്തോഷമെന്നു തോന്നും തടിയന്റെ മുഖം കണ്ടാൽ. എന്തിന് കാക്കയ്ക്ക് പോലും തോന്നി എന്തു രസമാണെന്ന്. അത് മെല്ലെ ബാർബർ കാണത്തക്കവിധം മാവിന്റെ ചോട്ടിൽ വന്നുനിന്നു.

തീരെ പ്രതീക്ഷിക്കാത്ത സംഭവമാണ് പിന്നെ നടന്നത്. ''പോ കാക്കേ'' എന്നൊരു ശബ്ദവും ഒപ്പം ഒരു കല്ലും പറന്നുവന്നു. അവിടുന്ന് ജീവനും കൊണ്ട് പറന്നുപോയ കാക്ക ഏതോ ഒരു മരക്കൊമ്പിൽ വേദനയോടെയിരുന്നു.

ഇത്തവണ വാലിനേക്കാൾ പ്രശ്നം ചിറകിനാണ്. ചുരുക്കി വെക്കാൻ സാധിക്കുന്നില്ല. എവിടെയെങ്കിലും ഇരിക്കുമ്പോൾ ഏറ് കിട്ടിയ ചിറകിനെ ഒരു

''അതേ, നല്ലോണം വേദനയുണ്ടോ?''

കാക്ക ദയനീയമായി നോക്കി.

''ഒരു വഴിയ്ണ്ട് ട്ടാ...''

കാക്കക്കണ്ണിൽ വീണ്ടും പ്രതീക്ഷ മിന്നി.

''നമ്മടെ ഗോപാലൻ വൈദ്യര് ണ്ടല്ലോ പഷ്ടാ. എന്റെയീക്കാല് കണ്ടോ. ഒടിഞ്ഞ് പോയിര്ന്നതാ. മൂപ്പര്ടെ മരുന്ന് കാരണാ ഇപ്പോ ഇത്രേം ബലമായിരിക്കുന്നത്. ധൈര്യായിട്ട് ചെന്ന് കണ്ടോ. ഒരു ജന്തുസ്നേഹിയാ.''

ഇത്രയും പറഞ്ഞ് കൊറ്റി പറന്നുപോയി.

ബാർബറെ കണ്ട പോലെയാകുമോ എന്നൊരാശങ്ക ഉണ്ടായെങ്കിലും വേദനയ്ക്ക് ശമനം കിട്ടുമല്ലോ എന്ന ചിന്ത കാക്കയെ ഗോപാലൻവൈദ്യരുടെ വീട്ടുമുറ്റത്തെത്തിച്ചു.

ഗോപാലൻവൈദ്യർ ഒരു ചാരുകസേരയിട്ട് മുറ്റത്തെ തണലത്തിരുന്ന് ഫോണിൽ എന്തോ സേർച്ച് ചെയ്യുകയാണ്. എങ്ങനെ ശ്രദ്ധയാകർഷിക്കേണ്ടൂ എന്ന് ക്ലേശിച്ച് നിലത്ത് പറന്നിരുന്നതും....

വലിയൊരു കല്ല് തന്റെ മറ്റേ ചിറകിൻമേലും വന്നു

വീണിരിക്കുന്നു എന്ന് ഈർച്ച വാളുപോലെ ഇറങ്ങിപ്പോയ ഒരു വേദനയോടൊപ്പം കാക്ക അറിഞ്ഞു. എന്താണ് സംഗതിയെന്ന് കഴുത്തൊന്ന് ചെരിക്കുമ്പോഴേക്കും ഒരഞ്ചാറ് പീക്കിരിപ്പിള്ളേർ ചാടിവീണു. വൈദ്യരുടെ കൊച്ചുമക്കൾ!

രണ്ട് കാലും വാലും ചിറകുമൊക്കെ സർവ്വശക്തിയുമെടുത്ത് കുടഞ്ഞു. എവിടെ അനങ്ങാൻ? പറ്റുന്നില്ല. എന്തൊരു പിടുത്തം? എന്തൊരു ശക്തി? ഈ പിള്ളാരൊക്കെ എന്താണാവോ കഴിക്കുന്നത്?

**രണ്ട് കാലും വാലും ചിറകുമൊക്കെ സർവ്വശക്തിയുമെടുത്ത് കുടഞ്ഞു. എവിടെ അനങ്ങാൻ? പറ്റുന്നില്ല. എന്തൊരു പിടുത്തം? എന്തൊരു ശക്തി? ഈ പിള്ളാരൊക്കെ എന്താണാവോ കഴിക്കുന്നത്? തീരെ ചെറിയ ഒരു മൊട്ടത്തലയൻ ചെറുക്കൻ ചാടിവന്ന് തൂവല് പിടിച്ചുവലിച്ചു.**

തീരെ ചെറിയ ഒരു മൊട്ടത്തലയൻ ചെറുക്കൻ ചാടിവന്ന് തൂവല് പിടിച്ചുവലിച്ചു.

''ചേട്ടായീ നമുക്കിതിനെ എലിവാണത്തിൽ കെട്ടിയിട്ട് ആകാശത്തേക്കയച്ചാലോ റോക്കറ്റ് പോലങ്ങനെ. ഹാ ഹാ''

അവൻ ഓർത്തോർത്ത് ചിരിക്കുന്നതു കണ്ടപ്പോൾ അവന്റെ മൂക്കിനിട്ട് ഒരു കൊത്തു കൊടുക്കണമെന്ന് കാക്കയ്ക്ക് കലശലായ ആഗ്രഹമുണ്ടായി.

''ങ്ആ... വേഗം എടുത്തോണ്ടു വാ.'' അവൻ അനിയനെ പ്രോത്സാഹിപ്പിച്ചു.

''ഒരു ചെറിയ ചരടും കൂടി എടുത്തോ.''

പിടിച്ചിരിക്കുന്നവൻ വിളിച്ചുപറഞ്ഞു.



പിന്നെയെന്തത്ഭുതമാണ് സംഭവിച്ചതെന്ന് ഇപ്പോഴും കാക്കയ്ക്ക് മനസ്സിലായിട്ടില്ല. ഒരു കുതിപ്പായിരുന്നു മാനത്തേക്ക്. എലിവാണവും കൊണ്ട് പിള്ളേർ ഭൂമിയിൽ നിന്നും മിഴിച്ചുനോക്കി.


''ആ മൊട്ടത്തലയനെ അതിലേറ്റി വിടടാ'' എന്ന് വിളിച്ചുകൂവാൻ തോന്നി കാക്കയ്ക്ക്.

തിരിച്ചുകിട്ടിയ ജീവനും കയ്യിൽപ്പിടിച്ച് നീലാകാശത്തിനു കുറുകേ പറന്നുപറന്ന് പോകുമ്പോൾ ആശ്ചര്യത്തോടെ കാക്ക ഒരു കാര്യം മനസ്സിലാക്കി. വാലിന്റെ നീളക്കൂടുതലോ, ചിറകിന്റെ വേദനയോ ഒന്നും തന്നെ ഇപ്പോൾ അനുഭവപ്പെടുന്നില്ല! ചെരിയുന്നില്ല, തത്തുന്നില്ല, ചിറക് കുഴയുന്നില്ല...

ഹൗ അത് സന്തോഷത്തോടെ വാനം മുഴുവൻ പറന്നുകൊണ്ടേയിരുന്നു.

# 1089 ഒരു അത്ഭുത സംഖ്യ

**പള്ളിയറ ശ്രീധരൻ**




1089 എന്ന സംഖ്യയെ ഒന്ന് സൂക്ഷിച്ചുനോക്കൂ. എന്തൊക്കെയാണിതിന്റെ പ്രത്യേകത? ഇതിലെ അക്കങ്ങളുടെ തുക 9 ആണ്. അതിനാൽ 9 കൊണ്ടും 3 കൊണ്ടും നിശ്ശേഷം ഹരിക്കാം. മറ്റെന്തു പ്രത്യേകത നിങ്ങൾക്ക് കണ്ടെത്താൻ കഴിയും?

വ്യത്യസ്ത അക്കങ്ങളുള്ള ഒരു മൂന്നക്ക സംഖ്യ നിങ്ങൾ ഒരു കടലാസിൽ എഴുതുക. ഈ സംഖ്യയെ 'തലതിരിച്ച്' എഴുതുക. ഒന്നാം സ്ഥാനത്തെ അക്കം നൂറാം സ്ഥാനത്തും നൂറാം സ്ഥാനത്തെ അക്കം ഒന്നാം സ്ഥാനത്തും മാറ്റിയെഴുതുന്നതാണ് ഇവിടെ തലതിരിക്കുക എന്നർഥമാക്കുന്നത്. അപ്പോൾ പത്താംസ്ഥാനത്തെ അക്കത്തിന് മാറ്റമില്ല.

നിങ്ങൾ ആദ്യം എഴുതിയ സംഖ്യയും 'തലതിരിച്ചെഴുതിയ' സംഖ്യയും പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഒരു സംഖ്യ വലുതും മറ്റേ സംഖ്യ ചെറുതുമായിരിക്കും. ഈ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം കാണുക. അതായത് വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യ കുറയ്ക്കുക. നമുക്ക് വീണ്ടും ഒരു മൂന്നക്ക സംഖ്യ ലഭിക്കും.

ഈ മൂന്നക്കസംഖ്യയെ വീണ്ടും തല തിരിച്ചെഴുതുക. ഈ രണ്ട് സംഖ്യകളുടെയും തുക കാണുക. അത്ഭുതം! അത് 1089 ആയിരിക്കും.

ഉദാഹരണമായി നിങ്ങൾ ആദ്യം എഴുതിയ സംഖ്യ 841 എന്നിരിക്കട്ടെ. ഇത് തലതിരിച്ചെഴുതിയാൽ 148 കിട്ടും. വ്യത്യാസം = 841–148 =693

693 നെ തലതിരിച്ചെഴുതിയാൽ 396 കിട്ടും.

693+396=1089

മിക്കവാറും ഏത് മൂന്നക്കസംഖ്യയിൽ നിന്ന് ആരംഭിച്ചാലും നാം 1089 ൽ എത്തിച്ചേരും. പക്ഷെ അപൂർവം സന്ദർഭങ്ങളിലെങ്കിലും 1089 ൽ എത്താതെ വരാം. അവ എപ്പോഴൊക്കെയെന്ന് നിങ്ങൾ കണ്ടെത്താൻ ശ്രമിക്കുമല്ലോ.

palliyarasreedharan@gmail.com



# മാംസഭുക്കുകളായ സസ്യങ്ങൾ

**ജന്തുക്കളെ പിടിച്ചുതിന്നു ജീവിക്കുന്ന സസ്യങ്ങളെപ്പറ്റി കൂട്ടുകാർ കേട്ടിട്ടുണ്ടോ? ചാൾസ് ഡാർവിനാണ് ആദ്യമായി ഇത്തരം സസ്യങ്ങളെ കുറിച്ച് വിപുലമായ പഠനങ്ങൾ നടത്തിയത്. കീടങ്ങളേയും ഷഡ്പദങ്ങളേയും മറ്റും പിടിച്ച് ഭക്ഷിക്കുന്ന ഇത്തരത്തിൽപ്പെട്ട ഏതാനും സസ്യങ്ങളെപ്പറ്റിയും അവ ഇരപിടിക്കുന്ന രസകരമായ രീതികളെപ്പറ്റിയും പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിൽ.**

വേരുകൾ മണ്ണിൽനിന്ന് ജലവും പോഷകപദാർത്ഥങ്ങളും വലിച്ചെടുത്ത് ഇലകളിലെത്തിച്ച്, സൂര്യപ്രകാശത്തിന്റെ സഹായത്താൽ ഭക്ഷണം പാകം ചെയ്താണല്ലോ നമുക്കു ചുറ്റും കാണുന്ന ചെടികൾ ജീവിക്കുന്നത്. ചെറിയ പുൽക്കൊടി മുതൽ ഭീമാകാരങ്ങളായ മഹാവൃക്ഷങ്ങൾ വരെ ഇത്തരത്തിൽപ്പെട്ടവയാണ്.

എന്നാൽ ജന്തുക്കളെ പിടിച്ചുതിന്നു ജീവിക്കുന്ന സസ്യങ്ങളെപ്പറ്റി കൂട്ടുകാർ കേട്ടിട്ടുണ്ടോ? ജന്തുക്കളെ തിന്നുന്ന സസ്യങ്ങൾ എന്നു കേൾക്കുമ്പോൾ ആനയേയും കടുവയേയും മനുഷ്യനേയും മറ്റും പിടിച്ചു ഭക്ഷിക്കുന്ന സസ്യങ്ങൾ എന്നു ധരിച്ച് ആരും ഭയപ്പെടേണ്ട. കീടങ്ങളേയും ഷഡ്പദങ്ങളേയും മറ്റും പിടിച്ച് ഭക്ഷിക്കുന്ന ഇത്തരം ചെടികൾ സസ്യലോകത്തിൽ വളരെ അപൂർവമാണ്. ഇത്തരത്തിൽപ്പെട്ട ഏതാനും സസ്യങ്ങളെപ്പറ്റിയും അവ ഇരപിടിക്കുന്ന രസകരമായ രീതികളെപ്പറ്റിയും പ്രതിപാദിക്കാം.



കൂട്ടുകാർ ഒരുകാര്യം നേരത്തെ അറിഞ്ഞിരിക്കണം. ഷഡ്പദങ്ങളെയും കീടങ്ങളെയും പിടിച്ച് ഭക്ഷിക്കുന്നവയാണെങ്കിലും ഇത്തരം സസ്യങ്ങളും വേരുകൾ വഴി ആഹാരം ശേഖരിക്കുന്നവ തന്നെ.

മാംസഭുക്കുകളായ ഈ സസ്യങ്ങൾ വളരുന്നത് ചതുപ്പ് പ്രദേശങ്ങളിലാണ്. വെള്ളക്കെട്ടുള്ള ചതുപ്പു പ്രദേശങ്ങളിൽ നൈട്രജന്റെ അംശം വളരെ കുറവായിരിക്കും. നൈട്രജൻ ചെടികളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. തൻമൂലം ചെറുപ്രാണികളേയും മറ്റും ഭക്ഷിച്ച് അവയുടെ ശരീരത്തിൽ അടങ്ങിയിരിക്കുന്ന പ്രോട്ടീൻ അംശത്തെ നൈട്രജനായി രൂപാന്തരപ്പെടുത്തുകയാണ് ഇത്തരം സസ്യങ്ങൾ ചെയ്യുന്നത്.

### 1. ബട്ടർവർട്ട് (Butterwort)

ചതുപ്പുനിലങ്ങളിലാണ് ഈ സസ്യം വളരുന്നത്. റോസാപുഷ്പത്തിൽ ഇതളുകൾ ക്രമീകരിച്ചിരിക്കുന്ന രീതിയിൽ ചുവട്ടിൽ ക്രമീകരിച്ചിരിക്കുന്ന ഇലകളും മുകളിലേക്ക് ഒന്നുരണ്ടടി ഉയരത്തിൽ വളരുന്ന ഒരു തണ്ടും ചേർന്നതാണ് ഈ ചെടി. തണ്ടിന്റെ അഗ്രഭാഗത്തായി ചെടി പുഷ്പിക്കുന്നു. ഇലകൾക്ക് രണ്ടുമൂന്നിഞ്ച് നീളമുണ്ട്. ഇലയുടെ ഉപരിതലം ഇളംമഞ്ഞനിറത്തിലുള്ളതും തൊട്ടാൽ ഒട്ടിപ്പിടിക്കുന്നതുമായ ഒരുതരം ദ്രാവകത്താൽ ലേപനം ചെയ്തിട്ടുള്ളതാണ്. സൂര്യപ്രകാശം ഇലകളിൽ പതിക്കുമ്പോൾ മഞ്ഞനിറമുള്ള ഈ ദ്രാവകം വെട്ടിത്തിളങ്ങുന്നു. ഇലകളിൽ നിന്നും പ്രസരിക്കുന്ന ഈ പ്രകാശരശ്മികളാണ് ഷഡ്പദങ്ങളെ അവയിലേക്ക് ആകർഷിക്കുന്നത്. ഷഡ്പദങ്ങൾ ഇലയിൽ സ്പർശിക്കുന്ന നിമിഷത്തിൽ തന്നെ


ബട്ടർവർട്ട്

ബട്ടർവർട്ടിന്റെ ഇലകൾക്ക് ഒരു പ്രത്യേകതയുണ്ട്. അവയുടെ പാർശ്വഭാഗങ്ങൾ ഉള്ളിലേക്ക് വളഞ്ഞാണിരിക്കുന്നത്. ഒരു ഇര ഇലയിൽ കുടുങ്ങിക്കഴിഞ്ഞാലുടൻ ഇലയുടെ വശങ്ങൾ ഉള്ളിലേക്ക് മടങ്ങി ഒരു പൂമൊട്ടിന്റെ ആകൃതി സ്വീകരിക്കുന്നു. ഇലയിലുള്ള ചില പ്രത്യേക ഗ്ലാന്റുകൾ പുറപ്പെടുവിക്കുന്ന ദഹനരസങ്ങൾ ഇലയിൽ കുടുങ്ങിയ പ്രാണിയുടെ മേൽ പ്രയോഗിക്കുന്നു.



സൺഡ്യു

അവ അതിൽ ഒട്ടിപ്പിടിക്കുന്നു.

ബട്ടർവർട്ടിന്റെ ഇലകൾക്ക് ഒരു പ്രത്യേകതയുണ്ട്. അവയുടെ പാർശ്വഭാഗങ്ങൾ ഉള്ളിലേക്ക് വളഞ്ഞാണിരിക്കുന്നത്. ഒരു ഇര ഇലയിൽ കുടുങ്ങിക്കഴിഞ്ഞാലുടൻ ഇലയുടെ വശങ്ങൾ ഉള്ളിലേക്ക് മടങ്ങി ഒരു പൂമൊട്ടിന്റെ ആകൃതി സ്വീകരിക്കുന്നു. ഇലയിലുള്ള ചില പ്രത്യേക ഗ്ലാന്റുകൾ പുറപ്പെടുവിക്കുന്ന ദഹനരസങ്ങൾ ഇലയിൽ കുടുങ്ങിയ പ്രാണിയുടെ മേൽ പ്രയോഗിക്കുന്നു. ഇരയെ കൊന്ന് അതിന്റെ ശരീരത്തിൽ നിന്ന് പ്രോട്ടീൻ അംശങ്ങൾ വലിച്ചെടുത്തതിനുശേഷം ഇല വീണ്ടും പൂർവസ്ഥിതിയിലെത്തുന്നു. തുടർന്ന് മറ്റൊരു ഇരയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പ് ആരംഭിക്കുന്നു.

## 2. സൺഡ്യു (Sundews)

ബട്ടർവർട്ടിനെപ്പോലെ പ്രാണികളെ കെണിവച്ച് പിടിച്ച് ഭക്ഷിക്കുന്ന മറ്റൊരു സസ്യമാണ് സൺഡ്യു. ബട്ടർവർട്ടിനേക്കാൾ രസകരമാണ് ഇതിന്റെ ഇരപിടിത്തം. നീളമുള്ള ഞെട്ടുകളുടെ അഗ്രഭാഗത്ത് സ്ഥിതിചെയ്യുന്ന ഇതിന്റെ ഇലകൾക്ക് നല്ല പച്ചനിറമുണ്ട്. പച്ചനിറമുള്ള ഇലകളിൽ അങ്ങിങ്ങ് ചുവപ്പ് പുള്ളികൾ കാണാം. ഇലയുടെ ഉപരിതലത്തിൽ നീണ്ട രോമങ്ങൾ പോലെയുള്ള ടെൻറിക്കിളുകളുണ്ട്. ഈ ടെൻറിക്കിളുകളുടെ ഉരുണ്ട അഗ്രഭാഗം ഒട്ടിപ്പിടിക്കുന്ന ഒരുതരം ദ്രാവകം സ്രവിപ്പിക്കുന്നു. ടെൻറിക്കിളുകളുടെ അഗ്രഭാഗത്ത് പറ്റിയിരിക്കുന്ന ചെറിയ ദ്രാവകത്തുള്ളികൾ സൂര്യപ്രകാശത്താൽ വെട്ടിത്തിളങ്ങുന്നതുകൊണ്ടാണ് ഈ ചെടിയെ സൺഡ്യു എന്നു വിളിക്കുന്നത്.

സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന ഇലകളിലേക്ക് പ്രാണികൾ അനായാസേന ആകർഷിക്കപ്പെടുന്നു. അടുത്തെത്തുന്ന പ്രാണികൾ ടെൻറിക്കിളുകളുടെ അഗ്രഭാഗത്തുള്ള ദ്രാവകത്തിൽ ഒട്ടിപ്പിടിക്കുമ്പോൾ ടെൻറിക്കിളുകൾ ചെറുപ്രാണിയെ ചുറ്റിവരിഞ്ഞ് താഴോട്ട് അമർത്തുന്നു. ടെൻറിക്കിളുകളുടെ അഗ്രഭാഗത്തുള്ള ഗ്ലാന്റുകൾ പുറപ്പെടുവിക്കുന്ന ദഹനരസങ്ങൾ പ്രാണിയുടെ



മേൽ പ്രയോഗിക്കപ്പെടുന്നു.

ഇരയുടെ ദേഹത്തുനിന്നും പ്രോട്ടീൻ അംശം വലിച്ചെടുത്തുകഴിഞ്ഞാലുടൻ ടെൻറിക്കിളുകൾ പൂർവ്വസ്ഥിതിയിലെത്തുകയും ദഹിക്കാത്ത അവശിഷ്ടങ്ങൾ കാറ്റിൽ പറത്തിക്കളയുകയും ചെയ്യുന്നു. ടെൻറിക്കിളുകൾ വീണ്ടും അടുത്ത ഇരയ്ക്കു വേണ്ടി തപസ്സു തുടങ്ങുകയായി.

## 3. വീനസ് ഫ്ളൈ ട്രാപ്പ് (Venus fly trap)

ഈ ചെടിയുടെയും ഇലകളാണ് ഇരപിടിക്കുന്നത്. ഇലകൾ നീളം കൂടിയവയും വീതി വളരെ കുറഞ്ഞവയുമാണ്. അഗ്രഭാഗത്തെത്തുമ്പോൾ ഇലഞരമ്പുകൾക്ക് ഇരുവശത്തുമായി ഇലകൾ രണ്ട് ഇതളുകൾപോലെ രൂപാന്തരപ്പെട്ടിരിക്കുന്നതു കാണാം. ഈ ഇതളുകളുടെ പാർശ്വഭാഗങ്ങൾ വീതി കൂടിയ മുള്ളുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഓരോ ഇതളിന്റെയും മധ്യത്തിൽ രണ്ടു മൂന്നു നീളം കൂടിയ സ്പർശനാവയവങ്ങളുണ്ട്. ഇലകളിൽ വന്നിരിക്കുന്ന പ്രാണികളുടെ സാമീപ്യം ആ സ്പർശനാവയവങ്ങൾ മനസ്സിലാക്കുന്നു. പ്രാണി ഏതെങ്കിലുമൊരു ഇതളിൽ വന്നിരുന്നാൽ മതി, പെട്ടെന്ന് രണ്ടു വശങ്ങളിലേക്കും മലർന്നിരിക്കുന്ന ഇതളുകൾ ഒന്നിച്ചുചേരുന്നു. നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണുന്ന തൊട്ടാവാടിച്ചെടി കൂട്ടുകാർ ഓർമ്മിക്കുന്നുണ്ടാവുമല്ലോ, ജന്തുക്കളോ മനുഷ്യരോ സ്പർശിച്ചാലുടൻ തൊട്ടാവാടിച്ചെടികളുടെ ഇലകൾ തമ്മിൽ ഒന്നിച്ചുചേരുന്നതുപോലെയാണ് വീനസ് ഫ്ളൈ ട്രാപ്പിന്റെ ഇതളുകളും പെട്ടെന്ന് ഒന്നിച്ചുകൂടുന്നത്.

ഇതളുകളുടെ പാർശ്വഭാഗങ്ങളിലുള്ള മുള്ളുകൾ അന്യോന്യം കോർത്തുനിൽക്കുന്നതു മൂലം ഉള്ളിലകപ്പെട്ടുപോയ പ്രാണിക്ക് രക്ഷപ്പെടാൻ സാധിക്കുന്നില്ല. അപ്പോഴേക്കും ഇലകൾക്കുള്ളിലെ ഗ്ളാന്റുകൾ പുറപ്പെടുവിക്കുന്ന ദഹനരസങ്ങൾക്ക് ഇരയാകുന്ന പ്രാണി വളരെ വേഗം ചാകുന്നു.

## 4. പിറ്റ്ചർ പ്ളാന്റ് (Pitcher plant)

ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് ഈ സസ്യം ധാരാളമായി വളരുന്നത്. വീതിയേറിയ ഇതിന്റെ ഇലകളുടെ അഗ്രഭാഗം ഒരു ബലമുള്ള തണ്ടായി രൂപാന്തരപ്പെടുന്നു. ഈ തണ്ടിന്റെ അഗ്രഭാഗം ഒരു കൂടയുടെ (കലത്തിന്റെ) രൂപം പൂണ്ടിരിക്കുന്നു. ഈ അവയവത്തെ Pitcher എന്നാണ് വിളിക്കുന്നത്. ഇലയുടെ അഗ്രഭാഗത്തുള്ള പിറ്റ്ച്ചറിന്റെ മുകൾവശം ഒരു അടപ്പുകൊണ്ട് മൂടിയിരിക്കുന്നു. പൂർണ്ണവളർച്ചയെത്തിയ ചെടികളിൽ ഈ അടപ്പ് തുറന്നിരിക്കും.

ചെടി വളരുന്നതിനനുസരിച്ച് ഇലകളുടെ അഗ്രഭാഗത്തുള്ള ഈ കൂടയുടെ ആകൃതി (Pitcher) യിലുള്ള ഭാഗവും വളർന്നുവരുന്നു. തുടർന്ന് ഇതിനെ മൂടിയിരിക്കുന്ന അടപ്പ് കുറേശ്ശെയായി തുറന്നുവരുന്നു. വളരെ മനോഹരമായ ഈ കൂടയുടെ സൗന്ദര്യം പ്രാണികളെ ഇതിലേക്കാകർഷിക്കുന്നു. ഈ കൂടയ്ക്കുള്ളിലെ ചില ഗ്ളാന്റുകൾ തേൻ പോലെയുള്ള ഒരു ദ്രാവകം ഉത്പാദിപ്പിക്കുന്നു.

കൂടയുടെ അടപ്പിലും വായ്ഭാഗത്തും പറ്റിയിരിക്കുന്ന നറുമണമുള്ള ഈ ദ്രാവകം പ്രാണികളെ കൂടയിലേക്ക്



വീനസ് ഫ്ളൈ ട്രാപ്പ്



പിറ്റ്ചർ പ്ലാന്റ്



**ഇലകളുടെ അഗ്രഭാഗത്തുള്ള ഈ കൂടയുടെ സൗന്ദര്യം പ്രാണികളെ ഇതിലേക്കാകർഷിക്കുന്നു. ഈ കൂടയ്ക്കുള്ളിലെ ചില ഗ്ളാന്റുകൾ തേൻ പോലെയുള്ള ഒരു ദ്രാവകം ഉത്പാദിപ്പിക്കുന്നു. കൂടയുടെ അടപ്പിലും വായ്ഭാഗത്തും പറ്റിയിരിക്കുന്ന നറുമണമുള്ള ഈ ദ്രാവകം പ്രാണികളെ കൂടയിലേക്ക് കൂടുതൽ ആകർഷിക്കുന്നു. ഇവ കൂടയുടെ വായ്ക്കൽ പറ്റിക്കയറി ദ്രാവകം കുടിക്കാൻ ശ്രമിക്കും. ഈ പരിശ്രമത്തിനിടയിൽ വഴുക്കലുള്ള കൂടയുടെ വായ്ക്കൽ പറ്റിയിരിക്കുന്ന പ്രാണി അതിനുള്ളിലെ ദ്രാവകത്തിൽ തെന്നിവീഴുന്നു**

കൂടുതൽ ആകർഷിക്കുന്നു. ഇങ്ങനെ ആകർഷിക്കപ്പെടുന്ന പ്രാണികൾ കൂടയുടെ വായ്ക്കൽ പറ്റിക്കയറി ദ്രാവകം കുടിക്കാൻ ശ്രമിക്കും. ഈ പരിശ്രമത്തിനിടയിൽ വഴുക്കലുള്ള കൂടയുടെ വായ്ക്കൽ പറ്റിയിരിക്കുന്ന പ്രാണി അതിനുള്ളിലെ ദ്രാവകത്തിൽ തെന്നിവീഴുന്നു.

ഈ ദ്രാവകത്തിൽ ദഹനരസങ്ങൾ കലർന്നിട്ടുണ്ട്. ഇതിൽ വീഴുന്ന പ്രാണി നിമിഷങ്ങൾക്കുള്ളിൽ മുങ്ങിച്ചാകുന്നു. ദഹനരസങ്ങൾ പ്രാണിയുടെ ശരീരത്തിൽനിന്നും പ്രോട്ടീൻ അംശങ്ങൾ വലിച്ചെടുക്കുന്നു.

മുകളിൽ പ്രതിപാദിച്ച സസ്യങ്ങളെല്ലാം തന്നെ സ്വന്തമായി ഭക്ഷണം പാകം ചെയ്യുന്നവയാണ്. വേരുകളിലൂടെ ആഹാരം വലിച്ചെടുത്ത് ഇലകളിലെത്തിച്ച് പാകപ്പെടുത്തി ഉപയോഗിക്കാനും ഇവയ്ക്കു കഴിയും. ജീവിത പരിതസ്ഥിതികളാണ് ഇത്തരം സസ്യങ്ങളെ മാംസഭുക്കുകളായി മാറ്റിയത്. ഇലകളെ വായായ് മാറ്റിയ ഇത്തരത്തിൽപ്പെട്ട മറ്റനേകം ചെടികളും സസ്യലോകത്തിലുണ്ട്.

ചാൾസ് ഡാർവിനാണ് ആദ്യമായി ഇത്തരം സസ്യങ്ങളെ കുറിച്ച് വിപുലമായ പഠനങ്ങൾക്ക് തുടക്കമിട്ടത്. അദ്ദേഹം രചിച്ച *Insectivorous plants* എന്ന ഗ്രന്ഥം ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം പകർന്നു.

ഇന്നും ഇര പിടിക്കുന്ന സസ്യജാലങ്ങളെ കുറിച്ചുള്ള നൂതന ഗവേഷണങ്ങൾ നടന്നുവരുന്നു.

കവിത

# കേരളകർഷകൻ

അജിത് ആശാമഹൽ



വര: സചീന്ദ്രൻ കാറഡുക്ക



കണ്ടിട്ടുണ്ടോ കണ്ടിട്ടുണ്ടോ
കർഷകനെ നീ കണ്ടിട്ടുണ്ടോ
നെല്ലും തെങ്ങും കവുങ്ങുമെല്ലാം
നട്ടൊരു കേരള കർഷകനെ
പുതുനാമ്പുകളിൽ സ്നേഹമിയറ്റി
പരിപാലിക്കും കർഷകനെ
നീരും വളവും ശരിയായ് നൽകി
പോറ്റി വളർത്തും കർഷകനെ
കണ്ണും കരളും പകുത്തു നൽകി
പാടം പോറ്റിയ കർഷകനെ
കണ്ണീരെന്നും മാറാതുഴറിയ
പാവം കേരളകർഷകനെ

പുലർവേളകളിൽ മഞ്ഞുതിരുമ്പോൾ
പോക്കുവെയിൽ തലതാഴ്ത്തുമ്പോൾ
ക്ഷീണിച്ചോരുടൽ നോക്കാതങ്ങനെ
കരുതലൊരുക്കും പെരിയോനെ
പെരുമഴയൊന്നു കനക്കുമ്പോൾ
പൊരിവെയിൽ കത്തിപ്പടരുമ്പോൾ
ഇടനെഞ്ചിടറും കർഷകനെ
മണ്ണിൻ നേരാം കർഷകനെ
നാടിൻ നാഥൻ കർഷകനെ.



# ആർച്ചറി ചാമ്പ്യൻ ലിംബാ റാം

**സനിൽ പി തോമസ്**

**ഇന്ത്യൻ ആർച്ചറിയെ ലോകനിലവാരത്തിൽ എത്തിച്ച താരമാണ് ലിംബാ റാം. മേൽവസ്ത്രം ധരിക്കാത്ത നാട്ടുകാർക്കിടയിൽ ജീൻസും ടീഷർട്ടുമൊക്കെ ധരിച്ചുവരുന്ന ലിംബയും കൂട്ടുകാരും ഏവർക്കും അത്ഭുതമായിരുന്നു. രാജ്യം മുഴുവൻ ആദരിച്ച അമ്പെയ്ത്ത് താരമായി വളർന്നിട്ടും ലിംബ നാടും വീടും മറന്നില്ല.**

രാജസ്ഥാനിലെ ഉദയ്പൂർ ജില്ലയിലെ ചകോറിത് ഗ്രാമത്തിലെ പിന്നാക്ക ജാതിയായ മീനാ ഗോത്രവർഗക്കാർ അന്നു നാലര ലക്ഷത്തോളമുണ്ടായിരുന്നു. ഇക്കൂട്ടർക്ക് അമ്പെയ്ത്ത് വിനോദത്തേക്കാളുപരി നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. അഷ്ടിക്കുവകതേടി മുയലിന്റെയും മുള്ളൻപന്നിയുടെയും പിന്നാലെ പായുന്ന കൗമാരക്കാരിൽ ഒരുവനായിരുന്നു ലിംബാ റാം. ലിംബയുടെ അച്ഛനും മുത്തച്ഛനുമെല്ലാം അമ്പും വില്ലും ഉപയോഗിച്ചിരുന്നു.

പശുക്കളെയും ആടുകളെയും മേയ്ക്കുകയായിരുന്നു ചെറുപ്പത്തിൽ ലിംബാറാമിന്റെ പണി. പിന്നെ ഇടയ്ക്ക് ദിവസക്കൂലിക്ക് (എട്ടു-പത്തുരൂപ) നിർമാണമേഖലയിൽ ജോലിയെടുക്കും. പിതാവ് മന്ത്രവാദിയായിരുന്നു. 1984- ൽ പനിബാധിച്ച് മരിച്ചു. മാതാവ് ഷോക്‌ലിയാണു ലിംബാറാമിനെ വളർത്തിയത്. ലിംബയ്ക്കു രണ്ടു സഹോദരന്മാരും അത്രയും സഹോദരിമാരുമുണ്ട്.

രണ്ടാംക്ലാസ് വരെ മാത്രം പഠിച്ച ഭിലി ഭാഷയും മുറിഹിന്ദിയും മാത്രം സംസാരിക്കുന്ന ലിംബാറാമിന്റെ നാട് വെള്ളവും വൈദ്യുതിയും ഇല്ലാത്ത കാട്ടുപ്രദേശമാണ്. പൊതുവേ പട്ടിണി. ഒരുനാൾ ലിംബാറാമിനെയും കൂട്ടുകാരെയും ഗ്രാമമുഖ്യൻ മുബാറാ ഹുസൈൻ വിളിച്ചുവരുത്തി. അമ്പെയ്ത്തു മത്സരത്തിൽ പങ്കെടുക്കണം. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി എത്തിയ യുവ ഐ എ എസ് ഓഫീസർ ബി വി പി റാവു വിഭാവനം ചെയ്ത 'സ്പെഷ്യൽ ഏരിയ ഗെയിംസ്'പദ്ധതിയനുസരിച്ചായിരുന്നു ഇത്.

ദക്ഷിണ ഉദയ്പൂർ, ദുംഗാർപൂർ, ബൻസ്വാർ എന്നീ ആദിവാസി മേഖലകളാണ് 'സായ്' കേന്ദ്രീകരിച്ചത്. രാജസ്ഥാൻ സ്പോർട്സ് കൗൺസിലിലെ ആർച്ചറി കോച്ച് പ്രേംചന്ദ് ശർമ 15 പേരെ ട്രയൽസിനു വിളിച്ചു. അതിൽ ശ്യാംലാൽ, ധുൽചന്ദ് ധാമർ, ലിംബാ റാം എന്നിവരെ തിരഞ്ഞെടുത്തു. ബി വി പി റാവു ഇവരെ ഡൽഹിയിലെത്തിച്ചപ്പോൾ അമ്പെയ്ത്ത് ഒരു കായിക ഇനമാണെന്ന് ഇവർക്ക് അറിയില്ലായിരുന്നു. എന്തോ കുറ്റം ചെയ്തതിനു പിടിച്ചു




2012 ൽ പത്മശ്രീ പുരസ്കാരം അന്നത്തെ പ്രസിഡന്റ് പ്രതിഭാപാട്ടീലിൽ നിന്നും ലിംബാ റാം സ്വീകരിക്കുന്നു.



കൊണ്ടുപോയതാണെന്നു നാട്ടുകാർ ഭയപ്പെട്ടു.

സായ് കോച്ച് ആർ എസ് സോധിയും സൗമെൻ ദാസും റഷ്യൻ കോച്ച് അലക്സാന്ദ്രെ നിക്കോളയും ആർച്ചറി അഭ്യസിപ്പിച്ചു. 200 രൂപ പ്രതിമാസ സ്റ്റൈപെൻഡിൽ 100 രൂപ ലിംബ വീട്ടിലേക്കയച്ചു. ഒരുവർഷം തികയുംമുമ്പ് ലിംബാറാം ദേശീയ ചാമ്പ്യനായി.

ലിംബയ്ക്ക് ആദ്യം ഇട്ട പേര് അർജുനൻ എന്നായിരുന്നു. ഉദരസംബന്ധമായ രോഗങ്ങൾ അവനെ വലച്ചപ്പോൾ ശമനം നൽകിയത് ‘സാധു ലിംബ’ എന്ന പ്രശസ്തനായ സന്ന്യാസിയായിരുന്നു. ലിംബസ്ദേവതയുടെ ശക്തിയായി അതിനെ വീട്ടുകാർ കണ്ടു. അവർ അവന്റെ പേരു മാറ്റി ലിംബാ റാം എന്നാക്കി.

1989 ൽ മോസ്കോയിൽ സ്പ്രിങ് ആരോ ഇൻവിറ്റേഷൻ മീറ്റിൽ ഇന്ത്യയ്ക്കു കിരീടജയം ഒരുക്കിയ ലിംബാറാം അടുത്ത വർഷം ബെയ്ജിങ്ങിൽ ഏഷ്യാകപ്പിൽ കരുത്തരായ ദക്ഷിണ കൊറിയയെ അട്ടിമറിച്ച് ഇന്ത്യയ്ക്കു കിരീടമൊരുക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. ഇതോടെ ലിംബയും കൂട്ടുകാരും രാജ്യത്തിന്റെ ഹീറോകളായി. 88 ലെ സോൾ ഒളിംപിക്സിൽ 32-ാം സ്ഥാനവും 90 ലെ ബെയ്ജിങ് ഏഷ്യാഡിൽ 11 -ാം സ്ഥാനവും നേടിയ ലിംബ 1992 മേയിൽ ബെയ്ജിങ്ങിൽ രാജ്യാന്തര ആർച്ചറിയിൽ 30 മീറ്ററിൽ ലോക റെക്കോർഡിന് ഒപ്പമെത്തി. 87 ൽ ജപ്പാന്റെ മത്സുഷിക്കാ തകെയ്ഷി സ്ഥാപിച്ച ലോക റെക്കോർഡിന് (360 ൽ 357 പോയിന്റ്) ഒപ്പമാണു ലിംബ എത്തിയത്. ഒപ്പം വ്യക്തിഗത സ്വർണവും ടീം ഇനത്തിൽ വെള്ളിയും കരസ്ഥമാക്കി.

1992 ലെ ബാഴ്സലോണ ഒളിംപിക്സിൽ ലിംബാ റാം ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായിരുന്നു. ടീം ഇനത്തിൽ ഇന്ത്യ ഫൈനൽ റൗണ്ടിൽ കടന്നു. വ്യക്തിഗത വിഭാഗത്തിൽ ലിംബാറാം പ്രീക്വാർട്ടറിൽ പരാജയപ്പെട്ടു. ക്വാളിഫൈയിങ് റൗണ്ടിൽ തന്നേക്കാൾ 10 സ്ഥാനങ്ങൾക്കു പിന്നിലായിരുന്ന കനേഡിയൻ താരത്തോടായിരുന്നു ലിംബയുടെ അപ്രതീക്ഷിത പരാജയം. ലിംബാറാം പിന്നീട് പരിശീലകനായി.

ഇന്ന് ഇന്ത്യ ആർച്ചറിയിൽ ലോകശക്തിയായി വളർന്നെങ്കിൽ അതിനു വഴിമരുന്നായത് ലിംബാറാമിന്റെ പ്രകടനങ്ങളാണ്. തന്നെ രോഗവിമുക്തനാക്കിയ ലിംബസ് ദേവിയോടു പ്രാർഥിച്ചിട്ടേ ലിംബാ റാം വില്ലു കുലച്ചിട്ടുള്ളൂ. വീട്ടിൽ നിന്ന് അഞ്ചു കിലോമീറ്റർ അകലെ മാദ്രിയിൽ ആയിരുന്നു ബസ്റ്റോപ്പ്. അവിടെ ബസ് ഇറങ്ങി നാട്ടുകാരോടൊക്കെ ക്ഷേമമന്വേഷിച്ചുകൊണ്ടാകും ലിംബ തന്റെ വീട്ടിലേക്കു മടങ്ങുക. നാട്ടിൽ കിണർ കുഴിക്കാൻ സഹായം നൽകി. രാജ്യം മുഴുവൻ ആദരിച്ച അമ്പെയ്ത്ത് താരമായി വളർന്നിട്ടും ലിംബ നാടും വീടും മറന്നില്ല. നാട്ടുകാരെയും വീട്ടുകാരെയും സഹായിച്ചു.

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

അന്നുരാത്രിയും ടോം വീട്ടിൽ നിന്ന് ജനലിലൂടെ പുറത്തുപോകയും അതുവഴി തന്നെ തിരികെ അകത്തു പ്രവേശിക്കുകയും ചെയ്തു. അന്ന് അവൻ അടക്കാനാകാത്ത ആവേശത്തിലും സന്തോഷത്തിലും ആയിരുന്നു.

അടുത്ത പ്രഭാതത്തിൽ ഗ്രാമം ഒന്നടങ്കം കോടതിയിൽ ഹാജരായി. അന്നാണ് കേസിന്റെ വിധി പ്രസ്താവിക്കുന്നത്. അല്പസമയത്തിനുള്ളിൽ ജൂറി അംഗങ്ങൾ പ്രവേശിച്ചു. അതിനുശേഷം കൈവിലങ്ങുമായി പോർട്ടറെ അവിടേക്കു കൊണ്ടുവന്നു. പാവം വിളറി വെളുത്ത് ഭയചകിതനായി അവിടെ നിന്നു. എല്ലാ കണ്ണുകളും അവനിൽ തറച്ചുനിന്നു. റെഡ് ഇന്ത്യൻ ജോയും എല്ലാവർക്കും കാണത്തക്കതുപോലെ അവിടെ ഉണ്ടായിരുന്നു. അതിനുപിന്നാലെ ജഡ്ജിയും പോലീസ് അധികാരിയും കയറിവരികയും കോടതിനടപടികൾ ആരംഭിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു.



വര: റോണി ദേവസ്യ

കുറ്റവാളിക്ക് എതിരായി പ്രസ്താവിക്കപ്പെട്ട സാഹചര്യ തെളിവുകൾ അവിടെ വായിച്ചു. കൊലപാതകം നടന്ന അന്ന് അതിരാവിലെ മഫ്പോർട്ടർ അരുവിയിൽ നിന്ന് ശരീരം കഴുകുന്നതായി കണ്ടു എന്ന് ഒരു സാക്ഷി മൊഴി നൽകി. മഫ് സാധാരണ കുളിക്കാറില്ല. പ്രോസിക്യൂഷൻ മറ്റൊരു സാക്ഷിയെ വിളിക്കാൻ ആവശ്യപ്പെട്ടു.

പുതിയ സാക്ഷി, ശവശരീരത്തിനരികിൽ നിന്ന് കത്തി കണ്ടെടുത്തതായും മറ്റൊരാൾ ആ കത്തി പോർട്ടറുടെ കൈയിൽ പലപ്പോഴും കണ്ടിട്ടുള്ളതായും പറഞ്ഞു.

അയാളെയും പോർട്ടറുടെ വക്കീൽ ചോദ്യം ചെയ്തില്ല. അയാൾ തന്റെ കക്ഷിയെ മരണത്തിന് വിട്ടുകൊടുക്കുകയാണോ എന്ന് ജനം സംശയിച്ചു.

“നമ്മുടെ പൗരന്മാരുടെ സത്യസന്ധമായ വാക്കുകളിലൂടെ ഈ കൊലപാതകം സംശയത്തിനിടം നൽകാത്ത വിധം തെളിയിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ തടവുകാരൻ കുറ്റക്കാരനാണെന്ന് ഞങ്ങൾ

കരുതുന്നു''എന്ന് പ്രോസിക്യൂഷൻ പ്രസ്താവിച്ചു.

പോർട്ടർ ഒരു ദീർഘനിശ്വാസത്തോടെ മുഖം പൊത്തിക്കരഞ്ഞു. കോടതിയിലാകെ ഒരു വിഷാദാത്മകത. പുരുഷന്മാരിൽ പലരും മൂകരായി. സ്ത്രീകളുടെ കണ്ണുകളിൽ നനവ് പടർന്നു.

എതിർഭാഗം വക്കീൽ എഴുന്നേറ്റുനിന്നു.

''യുവർ ഓണർ, ഈ കേസിന്റെ ആദ്യ ദിവസവാദങ്ങളിൽ ഞങ്ങളുടെ കക്ഷി, ക്രമാതീതമായി മദ്യം അകത്താക്കിയതിന്റെ ഫലമായി ഉണ്ടായ ഉന്മാദാവസ്ഥയിലാണ് ഈ കുറ്റകൃത്യം നടന്നതെന്ന് സ്ഥാപിക്കാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. ഇപ്പോൾ കോടതി മുമ്പാകെ അത്തരമൊരപേക്ഷ ഞങ്ങൾ സമർപ്പിക്കുന്നില്ല. പകരം മറ്റൊരു സാക്ഷിയെ വിസ്തരിക്കാനുള്ള അനുവാദം നൽകണം.''

ഗുമസ്തനോട് ''തോമസ് സോയറെ വിളിക്കൂ'' എന്ന് കൽപ്പിച്ചു.

മഫ് പോർട്ടർ ഉൾപ്പെടെ കോടതിമുറിയിൽ ഉണ്ടായിരുന്നവരുടെയെല്ലാം മുഖത്ത് അമ്പരപ്പ്. സാക്ഷി പറയാനായി എഴുന്നേറ്റുനിന്ന ടോമിന്റെ മുഖത്ത് അവർ എല്ലാവരും അതിശയത്തോടെ നോക്കി. അവൻ വല്ലാതെ ഭയപ്പെട്ടിരുന്നു. അവൻ സത്യവാചകം ചൊല്ലി.

''തോമസ് സോയർ, ജൂൺ ഏഴാം തീയതി പാതിരാത്രിയിൽ നീ എവിടെ ആയിരുന്നു?''

ടോം റെഡ് ഇന്ത്യൻ ജോയുടെ മുഖത്തേക്ക് ഒന്നു നോക്കി. അവന്റെ നാവ് വരണ്ടുപോയി. ജനം ശ്വാസമടക്കി കാത്തുനിന്നു. പക്ഷേ അവന്റെ വായിൽ നിന്ന് വാക്കുകളൊന്നും

**മഫ് പോർട്ടർ ഉൾപ്പെടെ കോടതിമുറിയിൽ ഉണ്ടായിരുന്നവരുടെയെല്ലാം മുഖത്ത് അമ്പരപ്പ്. സാക്ഷി പറയാനായി എഴുന്നേറ്റുനിന്ന ടോമിന്റെ മുഖത്ത് അവർ എല്ലാവരും അതിശയത്തോടെ നോക്കി. അവൻ വല്ലാതെ ഭയപ്പെട്ടിരുന്നു. അവൻ സത്യവാചകം ചൊല്ലി.**

വീണില്ല. അൽപ്പനേരത്തിനുള്ളിൽ അവൻ സ്വല്പം കരുത്ത് നേടിയെടുത്തു. കോടതിയിൽ കേൾക്കത്തക്കവിധം ഏതാനും വാക്കുകൾ പറയാനായി.

''ശവക്കോട്ടയിൽ.''

''അൽപ്പംകൂടി ഉറക്കെ പറയൂ. പേടിക്കണ്ട.''

''ശവക്കോട്ടയിൽ.'' ടോം ഉറക്കെ പറഞ്ഞു. റെഡ് ഇന്ത്യൻ ജോയുടെ മുഖത്ത് പുച്ഛം.

''നീ ഹോഴ്സ് വില്യംസിന്റെ ശവക്കുഴിയുടെ അടുത്തുണ്ടായിരുന്നോ?''

''അതെ...''

''ഉറക്കെ പറയൂ... എത്ര അടുത്ത്?''

''സാറിന്റെ അടുത്ത് ഇപ്പോൾ നിൽക്കുന്നതുപോലെ.''

''നീ ഒളിച്ചിരിക്കുകയായിരുന്നോ?''

''അതെ...''

''എവിടെ?''

''ശവക്കുഴിയുടെ അടുത്തുള്ള എൽമ മരത്തിന്റെ പിന്നിൽ.''

റെഡ് ഇന്ത്യൻ ജോ അറിയാതെ ഞെട്ടിപ്പോയി.

''നിന്റെ കൂടെ വേറെ ആരെങ്കിലും ഉണ്ടായിരുന്നോ?''

''ഉണ്ടായിരുന്നു... എന്റെ കൂടെ...''

''നിർത്തൂ... നിന്റെ കൂട്ടുകാരന്റെ പേര് പറയണ്ട. അവനെ ആവശ്യമുള്ളപ്പോൾ വിളിച്ചുവരുത്താം. നീ എന്തെങ്കിലും അവിടേക്ക് കൊണ്ടുപോയിരുന്നോ?''

ടോം ഒന്നു പതറി. പിന്നീട് അങ്കലാപ്പോടെ ചുറ്റും നോക്കി.

''പേടിക്കണ്ട... സത്യം പറയൂ...''

''ഒരു ചത്ത പൂച്ച...''

കോടതിയിൽ ചിരി പടർന്നെങ്കിലും പെട്ടെന്ന് അത് നിയന്ത്രണവിധേയമായി.

''ഞങ്ങൾ പൂച്ചയുടെ അസ്ഥിപഞ്ജരം ഇവിടെ ഹാജരാക്കാം. ഇനി അന്ന് സംഭവിച്ചതെല്ലാം പറയൂ. ഒന്നും വിട്ടുപോകരുത്. പേടിക്കണ്ട പറഞ്ഞോളൂ...''

ടോം സംഭവങ്ങൾ വിവരിക്കാൻ തുടങ്ങി. തുടക്കത്തിൽ അല്പം പരിഭ്രമം ഉണ്ടായിരുന്നെങ്കിലും പിന്നീട് അവന്റെ വാക്കുകൾ തടസ്സമില്ലാതെ ഒഴുകി. സകല കണ്ണുകളും അവനിൽ തറച്ചുനിന്നു. കേൾവിക്കാർ ശ്വാസം വിടാതെ ഓരോ വാക്കും വിഴുങ്ങി.

''ഡോക്ടർ പലകക്കഷണം എടുത്ത് മഫ് പോർട്ടറെ തല്ലുകയും അയാൾ താഴെ വീഴുകയും ചെയ്തപ്പോൾ റെഡ് ഇന്ത്യൻ ജോ കത്തിയുമായി ചാടിവീണു...''

എന്തോ 'പടോ' എന്നു വീണ ശബ്ദം. മിന്നൽപ്പിണർപ്പോലെ റെഡ് ഇന്ത്യൻ ജോ ജനലിലൂടെ പുറത്തേക്കു ചാടി.

അവനെ തടയാൻ ശ്രമിച്ചവരെ തള്ളിമാറ്റി അവർക്കിടയിലൂടെ ഓടിമറഞ്ഞു. അയാൾ രക്ഷപ്പെട്ടു.

ടോം വീണ്ടും ഹീറോ ആയി. വൃദ്ധജനങ്ങൾ അവനെ താലോലിച്ചു. യുവജനങ്ങൾ അവനെ അസൂയയോടെ നോക്കി.

**കേസ് വിസ്താരത്തിന്റെ തലേദിവസം ടോം സകല വിവരങ്ങളും വക്കീലിനോട് തുറന്നുപറഞ്ഞപ്പോൾ ഹക്കിന്റെ പേരും വെളിപ്പെടുത്തിയിരുന്നു. അതുകൊണ്ട് ഹക്കും പേടിച്ചാണ് നടന്നിരുന്നത്. അവന്റെ പേര് പുറത്തുപറയില്ലെന്ന് വക്കീൽ ഉറപ്പ് നൽകിയിരുന്നെങ്കിലും പാവം ഹക്കിന് മനുഷ്യരുടെ വാക്കുകളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരുന്നു.**

അവന്റെ പേര് പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ലോകത്തിന്റെ പതിവുരീതിയിൽ മഫ് പോർട്ടറെ അവഹേളിച്ചതിലും ഇരട്ടിയായി ജനങ്ങൾ അവനെ ഹൃദയത്തോടെ ചേർത്തുപിടിച്ചു.

ടോമിന്റെ പകലുകൾ സന്തോഷത്തിന്റെയും ആരാധനയുടേയും ആയിരുന്നു. പക്ഷേ അവന്റെ രാത്രികൾ പേടിപ്പെടുത്തുന്നവയായിരുന്നു. റെഡ് ഇന്ത്യൻ ജോ അവന്റെ സ്വപ്നങ്ങളിൽ ഭീഷണി ഉയർത്തി ഒരു ഭീകരജീവിയായി നിറഞ്ഞുനിന്നു. എത്ര വലിയ പ്രകോപനം ഉണ്ടായാലും ആരൊക്കെ നിർബന്ധിച്ചാലും ഇരുട്ടുവീണ് കഴിഞ്ഞാൽ ടോം വീട്ടിൽ നിന്ന് പുറത്തിറങ്ങാറില്ല.

കേസ് വിസ്താരത്തിന്റെ തലേദിവസം ടോം സകല വിവരങ്ങളും വക്കീലിനോട് തുറന്നു പറഞ്ഞപ്പോൾ ഹക്കിന്റെ പേരും വെളിപ്പെടുത്തിയിരുന്നു. അതുകൊണ്ട് ഹക്കും പേടിച്ചാണ് നടന്നിരുന്നത്. അവന്റെ പേര് പുറത്തുപറയില്ലെന്ന് വക്കീൽ ഉറപ്പ് നൽകിയിരുന്നെങ്കിലും പാവം ഹക്കിന് മനുഷ്യരുടെ വാക്കുകളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരുന്നു.

മഫ് പോർട്ടറുടെ നന്ദിപ്രകടനം ടോമിനെ സന്തുഷ്ടനാക്കിയെങ്കിലും ഒന്നും പറയേണ്ടിയിരുന്നില്ല എന്ന് രാത്രികളിൽ അവൻ പേടിയോടെ ചിന്തിച്ചു. ജോയെ ചിലപ്പോൾ ഒരിക്കലും പിടികൂടാനാകില്ലായിരിക്കുമെന്നും മറ്റു ചിലപ്പോൾ അവനെ പിടികൂടുമെന്നും ടോം ആശങ്കപ്പെട്ടു. അവൻ മരിച്ച് ഒരു ശവമായി എന്ന് ഉറപ്പുവരുത്താതെ തനിക്ക് ഒരിക്കലും സ്വസ്ഥമായി ജീവിക്കാനാകില്ലെന്നും ടോമിന് അറിയാമായിരുന്നു.

റെഡ് ഇന്ത്യൻ ജോയെ പിടികൂടുന്നവർക്കുള്ള പാരിതോഷികം പ്രഖ്യാപിക്കപ്പെട്ടു. നാടുമുഴുവൻ അരിച്ചു പെറുക്കി അന്വേഷിച്ചു. ജോയെ പിടികൂടാനായില്ല. ദിവസങ്ങൾ മെല്ലെ നീങ്ങി.

ഓരോ ദിവസം കഴിയുന്തോറും ആകാംക്ഷയും ഭയവും അല്പാല്പമായി കുറഞ്ഞു വന്നു. (തുടരും)





# ചെമ്പരത്തി

**ജിംന കെ മൊകേരി**



എനിക്കൊരിടം തരൂ...
മണ്ണിലെങ്ങും വേണ്ട...
ആകാശത്തിന്റെ കോണിലൊരിടം...
മേഘമോ മഴയോ ചോദിക്കില്ല...
നിലാവും നക്ഷത്രങ്ങളും വേണ്ട...
എനിക്കൊന്നു ചുവന്നു പൂക്കാനൊരിടം...
ഗന്ധമില്ലെങ്കിലും ചുവന്നുതന്നെ
പൂക്കാനൊരിടം...

ഭ്രാന്തെന്നു വിളിച്ചവരൊക്കെ തലയുയർത്തി
നോക്കണം...
കയ്യെത്താദൂരത്തെന്നോർക്കണം...
വെറുതെ വാടി വീണൊന്ന് കരയണം...
കരഞ്ഞതോർത്തു ചിരിക്കണം...
പൊട്ടി പൊട്ടി ചിരിക്കണം...



# ടാഗോർ കഥകളിലെ കുട്ടികൾ


സുമംഗല

ടാഗോർ കഥകളിലെ കുട്ടികളെക്കുറിച്ചാലോചിക്കുമ്പോൾ ആദ്യമായി ഓർമവരിക 'കാബൂളിവാല'യിലെ കൊച്ചു മിനിയെയാണ്. അച്ഛന്റെ മുറിയിൽ കയറിച്ചെന്ന് അച്ഛനെ എഴുതാനനുവദിക്കാതെ നാവിട്ടടിക്കുന്ന വികൃതിപ്പെണ്ണ്. ടാഗോറിന്റെ മിനി ഭാരതീയ ബാലികാത്വത്തിന്റെ പ്രതീകമാണ്. ഭൃത്യരുടെയും കളിത്തോഴരുടെയും പക്കൽ നിന്നും കിട്ടുന്ന വിജ്ഞാനശകലങ്ങളും കൊണ്ട് അച്ഛന്റെയോ അമ്മയുടെയോ അടുത്തു ചെന്ന് സംശയം തീർക്കുന്ന മിനിമാർ ഓരോ വീട്ടിലുമുണ്ടാവും. ടാഗോർ കഥകളിലെ ഏതാനും ബാലകഥാപാത്രങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിൽ.




മിനിക്ക് അഞ്ചു വയസ്സേ ആയിട്ടുള്ളൂ. ഒരൊറ്റ നിമിഷവും മിണ്ടാതിരിക്കാൻ വയ്യ. അവളുടെ അച്ഛൻ എഴുതുമ്പോൾ അവൾ അടുത്തു ചെന്ന് വർത്തമാനം തുടങ്ങുകയായി. എന്തെല്ലാമെന്തെല്ലാം വിഷയങ്ങളുണ്ടെന്നോ അവളുടെ സംസാരത്തിൽ! കാക്കയെ 'കക്ക' എന്നുച്ചരിക്കുന്ന തോട്ടക്കാരൻ രാമദയാലിന് ഒന്നുമറിഞ്ഞുകൂടന്ന് അച്ഛൻ സമ്മതിക്കണം. അതിനു മുമ്പ് വിഷയം മാറിക്കഴിഞ്ഞു. ആകാശത്തിൽ മേഘങ്ങൾക്കിടയിൽ ഒരാന യുണ്ടെന്നും, അത് തുമ്പിക്കൈയിൽ കൂടി കോരിയൊഴിക്കുന്ന വെള്ളമാണ് മഴയെന്നും അവളുടെ കളിത്തോഴൻ ഭോല പറഞ്ഞുവത്രെ. അച്ഛൻ അതിനൊരുത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോഴേക്കും അവൾ കാര്യമായി അന്വേഷിക്കുകയായി, അച്ഛനും അമ്മയും കൂടെ എന്താണ് ചർച്ചയെന്ന്.

ടാഗോർ കഥകളിലെ കുട്ടികളെക്കുറിച്ചാലോചിക്കുമ്പോൾ ആദ്യമായി ഓർമവരിക 'കാബൂളിവാല'യിലെ ഈ കൊച്ചു മിനിയെയാണ്. അച്ഛന്റെ മുറിയിൽ കയറിച്ചെന്ന് അച്ഛനെ എഴുതാനനുവദിക്കാതെ നാവിട്ടടിക്കുന്ന ആ വികൃതിപ്പെണ്ണ്, പക്ഷെ, ഒരു പേടിത്തൊണ്ടിയാണ്. ഉണക്ക പഴങ്ങൾ വിറ്റു നടക്കുന്ന കാബൂളിവാലയെ അവൾക്കു വലിയ ഭയമാണ്. അയാളുടെ പൊന്തൻ മാറാപ്പിൽ അവളെപ്പോലെയുള്ള രണ്ടു മൂന്നു കുട്ടികളുണ്ടെന്നും തരം കിട്ടിയാൽ അവളെയും അതിൽ



ടാഗോർ




പിടിച്ചിട്ട് എങ്ങോട്ടെങ്കിലും കൊണ്ടുപോയ്ക്കളയുമെന്നും അവൾ ഉറച്ചു വിശ്വസിക്കുന്നു. അണ്ടിപ്പരിപ്പും പഴങ്ങളും കാബൂളിവാല നീട്ടിയതു വാങ്ങാൻ പോലും അവൾ അന്ന് കൂട്ടാക്കുകയുണ്ടായില്ല.


എന്നാൽ പിന്നീട് കാബൂളിവാല മിനിയെ സ്നേഹം കൊണ്ട് കീഴടക്കി. അവർ ഉറ്റ ചങ്ങാതിമാരായി. കാബൂളിവാലയുടെ മാറാപ്പിൽ-തന്നെപ്പോലെയുള്ള കുട്ടികളെ പിടിച്ചിടാൻ ഉപയോഗിക്കുന്നതെന്നു വിശ്വസിച്ചിരുന്ന പഴയ മാറാപ്പിൽ-എന്താണുള്ളതെന്ന് മിനി ചോദിക്കുമ്പോൾ ആ മുതിർന്ന മനുഷ്യന്റെ മറുപടി: 'ആന!' എന്നായിരുന്നു. 'ഭർത്താവിന്റെ അച്ഛന്റെ വീട്ടിൽ എന്നു പോകും' എന്ന കാബൂളിവാലയുടെ മറുചോദ്യത്തിനുത്തരം പറയാൻ അഞ്ചു വയസ്സു മാത്രം പ്രായമുള്ള മിനിക്കറിഞ്ഞുകൂടാ. 'നിങ്ങൾ അങ്ങോട്ടാണോ പോകുന്നത്' എന്ന് ചോദിച്ച് അവൾ തന്റെ അറിവുകേട് മറയ്ക്കും. ശ്വശുരഗൃഹത്തിന് ജയിൽ എന്നർഥമുണ്ടത്രെ. കാബൂളിവാല ആ അർഥത്തിലാണ് ഉത്തരം പറയുക. 'ഞാൻ എന്റെ ശ്വശുരനെ തല്ലും.' ആ ഫലിതം മിനിയെ പൊട്ടിച്ചിരിപ്പിക്കുകയായി. കൂടെ കാബൂളിവാലയെയും.

ഒരു കത്തിക്കുത്തു കേസ്സിൽപ്പെട്ട് ജയിലിലേക്കു പോകുന്ന കാബൂളിവാലയോട് മിനി ചോദിച്ചു: 'ശ്വശുരഗൃഹത്തിലേക്കു പോകുകയാണോ?' 'അതെ കുഞ്ഞേ, ഇപ്പോൾ ഞാൻ അങ്ങോട്ടു തന്നെയാണ് പോകുന്നത്.' എന്നായിരുന്നു അയാളുടെ മറുപടി. ഇത്തവണ മിനി ചിരിച്ചില്ല. ആ ഉത്തരമല്ലല്ലോ അവൾ പ്രതീക്ഷിച്ചത്.

ബാലികയായ മിനി ഈ കഥയിൽ പിന്നീടു വരുന്നില്ല. അവൾ ക്രമേണ മുതിർന്നു; അച്ഛന്റെ അടുത്തുവന്ന് അതുമിതും പറയുന്ന പതിവില്ലാതായി, പിന്നീട് അവളുടെ വിവാഹ ദിവസമാണ് കാബൂളിവാല ജയിലിൽ നിന്ന് വരുന്നത്. അപ്പോൾ അവൾക്ക് അവളുടെ പഴയ ചങ്ങാതിയെ ഓർമ്മയുണ്ടായതുമില്ല.

ടാഗോറിന്റെ മിനി ഭാരതീയ ബാലികാത്വത്തിന്റെ പ്രതീകമാണ്. ഭൃത്യരുടെയും കളിത്തോഴരുടെയും പക്കൽ നിന്നും കിട്ടുന്ന വിജ്ഞാനശകലങ്ങളും കൊണ്ട് അച്ഛന്റെയോ അമ്മയുടെയോ അടുത്തുചെന്ന് സംശയം തീർക്കുന്ന മിനിമാർ ഓരോ വീട്ടിലുമുണ്ടാവും. അതുപോലെ കാബൂളിവാലയെക്കുറിച്ചുള്ള അവളുടെ അന്ധമായ ഭയം നോക്കൂ. നമ്മുടെ നാട്ടിൽ പൂരക്കാലത്ത് വീട്ടുമുറ്റത്തുവന്നു കളിക്കുന്ന പൂതം, പിടിച്ചുകൊണ്ടു പോവുമെന്നു ഭയപ്പെടാത്ത ഒരൊറ്റക്കുട്ടി പോലും ഉണ്ടാവുകയില്ല. 'പൂതം, പൂതം, ഉണ്ണിയെ വേണോ?' എന്നു ചോദിച്ച് മുതിർന്നവരാണ് ആ പേടിയുണ്ടാക്കുന്നതും വളർത്തുന്നതും. കാബൂളിവാല ചാക്കിൽ കുട്ടികളെ പിടിച്ചിട്ടു കൊണ്ടു പോയ്ക്കളയുമെന്ന് പറഞ്ഞ് ആരെങ്കിലും മിനിയെ പേടിപ്പിച്ചിട്ടുണ്ടാവുമെന്ന് തീർച്ചയല്ലേ?

എന്നാൽ നമ്മുടെ ഉള്ളിൽ ഏറ്റവുമധികം പതിഞ്ഞുകിടക്കുന്ന ചിത്രം 'ശ്വശുരഗൃഹത്തിലേക്കു പോവുകയാണോ?' എന്ന അവളുടെ ചോദ്യത്തിന് കാബൂളിവാല 'അതെ, കുഞ്ഞേ, ഞാനിപ്പോൾ അങ്ങോട്ടുതന്നയാണ് പോകുന്നത്' എന്നുത്തരം പറയുമ്പോൾ കാര്യമറിയാത അമ്പരന്നു നിൽക്കുന്ന മിനിയുടേതാണ്. ആ പിഞ്ചുഹൃദയം നന്നേ അന്ധാളിച്ചിട്ടുണ്ടാവും; പിറ്റേന്നും, അതിന്റെ പിറ്റേന്നും കാബൂളിവാലയെ കാത്തിരുന്നിട്ടുണ്ടാവും; കാണാഞ്ഞ് നൊമ്പരപ്പെട്ടിട്ടുണ്ടാവും; പതുക്കെപ്പതുക്കെ ആ വേദന കുറഞ്ഞു കുറഞ്ഞു വന്ന് അവൾ തന്റെ ഉറ്റ ചങ്ങാതിയെ മറക്കുകയും ചെയ്തു. അക്കാര്യം അവളുടെ അച്ഛൻ പറയുന്നത് ലജ്ജയോടെയാണ്. ശൈശവത്തിന്റെ നിഷ്ക്കളങ്കമായ ആ മറവിക്ക് കാബൂളിവാല മാപ്പു കൊടുത്തിരിക്കണം;






**പതിന്നാലു വയസ്സുള്ള ഫാതിക് ചക്രവർത്തി ഗ്രാമത്തിലെ വികൃതിക്കുട്ടികളുടെ തലവനാണ്. ആർക്കും അവനോടൊരു നല്ല വാക്കു പറയാൻ തോന്നുകയില്ല. അവന്റെ അമ്മയ്ക്കു പോലും. അനുജൻ മാഘൻ ശാന്തശീലനാണ്. അമ്മയ്ക്ക് മാഘനോടാണ് കൂടുതൽ പ്രിയം. പുറമേക്ക് പരുഷസ്വഭാവിയായ ഫാതിക്കിന്റെ ഹൃദയം അമ്മയുടെ ഒരുതുള്ളി സ്നേഹത്തിനുവേണ്ടി ദാഹിക്കുകയാണ്.**

നമുക്കും മാപ്പു കൊടുക്കാം.


മിനി കഴിഞ്ഞാൽ തെളിഞ്ഞു നിൽക്കുന്ന കുട്ടി 'പണ്ടൊരു രാജാവുണ്ടായിരുന്നു' എന്ന കഥയിലെ കഥാപ്രിയനായ ബാലനാണ്. മഴക്കാലത്തെ ഒരു സന്ധ്യ. കൽക്കത്താ നഗരം പെരുമഴയിൽ കുളിച്ചു നിൽക്കുകയാണ്. മുറ്റത്തും വഴിയിലുമെല്ലാം മുട്ടോളം വെള്ളം. അമ്മയും മുത്തശ്ശിയും കൂടി ശീട്ടു കളിക്കുന്നു. ഈ നേരത്ത് ട്യൂഷൻ മാസ്റ്റർ പഠിപ്പിക്കാൻ വരുന്നത് ആർക്കെങ്കിലും ഇഷ്ടപ്പെടുമോ? മടിയുടെ മാധുര്യമാസ്വദിച്ച് മനോരാജ്യം വിചാരിച്ചിരിക്കാനിഷ്ടപ്പെടുന്ന കുട്ടി ചെറിയൊരു വിദ്യ പ്രയോഗിച്ച് തൽക്കാലം ട്യൂഷനിൽ നിന്ന് രക്ഷപ്പെട്ടു. അടുത്ത പരിപാടി കഥയാണ്. മുത്തശ്ശിയെ സ്വൈരം കെടുത്തി കഥ പറയിച്ചു. രാജകന്യകയുടെ പട്ടുമെത്തമേൽ വിരിച്ച നറുമണം വീശുന്ന പൂക്കൾക്കിടയിൽ പാമ്പു കടിയേറ്റു മരിച്ചു കിടക്കുന്ന വരനെയും വിധവയായിത്തീർന്ന രാജകുമാരിയെയും കുറിച്ച് ആലോചിച്ചാലോചിച്ച് മെല്ലെ മെല്ലെ ഉറക്കത്തിന്റെ കയത്തിലേക്കു പോകുന്ന ഭാവനാശാലിയായ ആ കൊച്ചു ബാലൻ, മിനിയെപ്പോലെ ത്തന്നെ ലോക കഥാപാത്രത്തിലെ അനശ്വര കഥാപാത്രങ്ങളിലൊന്നാണ്.

'സൂക്ഷിപ്പാനേൽപ്പിച്ച മുതൽ' എന്ന കഥയിൽ ഒരു വികൃതിപ്പയ്യനുണ്ട്. അറുപിശുക്കനായ മുത്തച്ഛന്റെ മഷി തട്ടി മറിക്കുകയും മുണ്ടു കീറിക്കളയുകയും മറ്റും ചെയ്യും അവൻ. വൃദ്ധന്റെ ലുബ്ധു നിമിത്തം കുട്ടിയുടെ അമ്മ ദീനം പിടിച്ച് ചികിത്സയ്ക്കപ്പെടാതെ മരിച്ചുപോകുന്നു. കുട്ടിയെയും കൊണ്ട് അവന്റെ അച്ഛൻ നാടുവിടുന്നു. മുത്തച്ഛന് വലിയൊരടിയായിപ്പോയി അത്. കുട്ടിയെത്തന്നെ ഉറക്കത്തിലും ഉണർവ്വിലും കിനാവു കണ്ടുകൊണ്ടാണ് മുത്തച്ഛന്റെ ഇരിപ്പും കിടപ്പും നടപ്പും. സമ്പാദിച്ച സ്വത്തു മുഴുവൻ കുഞ്ഞിനുവേണ്ടി സൂക്ഷിച്ചു വെക്കുകയാണ്. അവൻ തിരിച്ചു വരും മുമ്പ് താൻ ചത്തുപോയാലോ എന്നായി വൃദ്ധന് ആധി. ആയിടയ്ക്കാണ് ഗ്രാമത്തിലെ അലഞ്ഞുതിരിയുന്ന ബാലന്മാർക്കിടയിൽ മിടുക്കനായ ഒരു ചെറുക്കനെ കണ്ടെ

ത്തുന്നത്. തന്ത ചെറുക്കനെ വിളിച്ചുവരുത്തി ഭക്ഷണവും മറ്റും കൊടുത്ത് വിശ്വാസവും സ്നേഹവും ജനിപ്പിക്കുന്നു. തന്റെ മുതൽ മുഴുവൻ പൊന്നായും പൊൻപണമായും വൃദ്ധൻ ഒരു ഗുഹയിലാണ് ഒളിപ്പിച്ചുവെച്ചിട്ടുള്ളത്. നിധി കാക്കുന്ന ഒരു ഭൂതത്തെ വൃദ്ധന് ആവശ്യമുണ്ട്. തന്റെ പൗത്രനോ അവന്റെ അവകാശികളോ വന്നാൽ മാത്രമേ ഭൂതം നിധി വിട്ടുകൊടുക്കാവൂ. ഈ തെണ്ടി ച്ചെറുക്കനെ അങ്ങനെയൊരു ഭൂതമാക്കണമെന്ന ഉദ്ദേശത്തോടെ വൃദ്ധൻ ചില പൂജാ കർമ്മങ്ങൾ ചെയ്ത് ബാലനെ ഗുഹയ്ക്കുള്ളിലിരുത്തി ഗുഹ കല്ലിട്ട് മൂടുന്നു. പിന്നീടാണറിയുന്നത്, താൻ ഗുഹയിലിട്ടടച്ചത് സ്വന്തം പൗത്രനെത്തന്നെയായിരുന്നുവെന്ന്. ഗുഹ കല്ലിട്ടു മൂടി നടന്നുനീങ്ങുമ്പോൾ ഗുഹയുടെ അഗാധതയിൽ നിന്നു കേൾക്കുന്ന 'മുത്തച്ഛാ' എന്ന വിളി വൃദ്ധനായ ജഗന്നാഥ ചക്രവർത്തിയുടെ മാത്രമല്ല, അതു വായിക്കുന്ന ഓരോ ആളുടെ ഹൃദയത്തിലും നീറി നീറിക്കിടക്കും. ഭൂമിക്കടിയിൽ ഇരുട്ടത്ത് വീർപ്പുമുട്ടിയും പേടിച്ചും മരിക്കുന്ന ആ ബാലനെ മറക്കാൻ വയ്യ.


പതിന്നാലു വയസ്സുള്ള ഫാതിക് ചക്രവർത്തി ഗ്രാമത്തിലെ വികൃതിക്കുട്ടികളുടെ തലവനാണ്. ആർക്കും അവനോടൊരു നല്ലവാക്കു പറയാൻ തോന്നുകയില്ല. അവന്റെ അമ്മയ്ക്കു പോലും. അങ്ങനെയാണ് അവന്റെ സ്വഭാവം. അനുജൻ മാഘൻ ശാന്തശീലനാണ്. അമ്മയ്ക്ക് മാഘനോടാണ് കൂടുതൽ പ്രിയം. പുറമേക്ക് പരുഷസ്വഭാവിയായ ഫാതിക്കിന്റെ ഹൃദയം അമ്മയുടെ ഒരു തുള്ളി സ്നേഹത്തിനുവേണ്ടി ദാഹിക്കുകയാണ്. അമ്മയ്ക്കതു മനസ്സിലാവുന്നുണ്ടോ? ഇല്ലാതാനും, ശല്യമൊഴിവാക്കാൻ വേണ്ടി അമ്മ അവനെ അമ്മാവന്റെ കൂടെ കൽക്കത്തയ്ക്കു പറഞ്ഞയച്ചു. അവിടെ അവനെ നേരിട്ട പ്രശ്നങ്ങൾ അനവധിയായിരുന്നു. അമ്മാമന്റെ വീട്ടിൽ ആരും അവനെ ഇഷ്ടപ്പെട്ടില്ല, സ്കൂളിൽ ചേർന്നപ്പോൾ ക്ലാസിലെ ഏറ്റവും വലിയ കുട്ടി അവനാണ്. കൂട്ടുകാരായിട്ട് ഒരാളെയും അവനു കിട്ടിയില്ല. ക്ലാസിലെടുക്കുന്ന പാഠങ്ങളൊന്നും അവനു മനസ്സിലായില്ല. മാത്രമല്ല, പാഠപുസ്തകം കാണാനില്ലാതാവുകയും ചെയ്തു. എല്ലാറ്റിനെക്കാൾ മീതെ, പട്ടണത്തിലെ ഇടുങ്ങിയ അന്തരീക്ഷം ഗ്രാമത്തിൽ ജനിച്ചു വളർന്ന അവനെ വീർപ്പുമുട്ടിച്ചു. വീട്ടിലേക്കു തിരിച്ചുപോകാൻ അവന്റെ ഹൃദയം കുതികൊണ്ടു. എന്നാൽ ഒഴിവുകാലത്തല്ലാതെ എങ്ങനെ പോകും? അവസാനം പനി പിടിച്ച് പിച്ചും പേയും പറഞ്ഞു കിടക്കുമ്പോൾ, ആസന്നമരണനായ അവന്റെ അടുത്തേക്ക് അമ്മ ഓടിവന്നപ്പോൾ അവനു തോന്നി, ഒഴിവുകാലം വന്നു, താൻ വീട്ടിലേക്കു തിരിച്ചെത്തി എന്ന്. അവന്റെ തോന്നൽ ശരിയായിരുന്നു. അവനെ നേരിട്ടിരുന്ന എല്ലാ പ്രശ്നങ്ങൾക്കും ദു:ഖങ്ങൾക്കും ഒഴിവു കിട്ടി. എല്ലാവ





രേയും സ്നേഹിക്കുന്ന മരണത്തിന്റെ കൈകൾ അവനേയും പക്ഷഭേദമില്ലാതെ സ്വീകരിച്ചു. ഫാതിക് ചക്രവർത്തിയെപ്പോലെ എത്ര ബാലന്മാരുണ്ട് നമ്മുടെ ഇടയിൽ, ഇത്തിരി സ്നേഹം ആരിൽ നിന്നെങ്കിലും കിട്ടിയിരുന്നുവെങ്കിൽ എന്നാശിക്കുന്നവർ: അച്ഛനും അമ്മയും ബന്ധുക്കളും എല്ലാമുണ്ടായിട്ടും!

'പരിത്യക്ത'നിലെ നീലകണ്ഠന് അച്ഛനും അമ്മയും മറ്റു ബന്ധുക്കളുമില്ല. അനാഥനായ അവൻ ഒരു നാടകസംഘത്തിൽപ്പെട്ടവനായിരുന്നു. യാദൃച്ഛികമായിട്ടാണ് അവൻ കിരണയുടെ ഗൃഹത്തിലെത്തിച്ചേർന്നത്. കിരണ അവനെ വാത്സല്യത്താൽ അഭിഷേകം ചെയ്തു. മാതൃലാളനയുടെ ആനന്ദം അവൻ ആദ്യമായി അറിഞ്ഞതപ്പോഴാണ്. ആ സ്നേഹജലം അനുഭവിക്കുന്തോറും അവനു ദാഹം കൂടിക്കൂടി വന്നു. അപ്പോൾ അതു പെട്ടെന്നു കുറഞ്ഞുപോയാൽ അവൻ എങ്ങനെ പൊറുക്കും? അതും മറ്റൊരാൾ കാരണമാണെന്നു വ്യക്തമായ തെളിവുണ്ടെങ്കിൽ ആ ആളെ വെറുക്കാതിരിക്കുന്നതെങ്ങനെ? കിരണയുടെ ഭർത്തൃസഹോദരൻ സതീശന്റെ പ്രിയപ്പെട്ട മഷിത്തട്ട് നീലകണ്ഠൻ മോഷ്ടിച്ചതായിരുന്നില്ല. കിരണയ്ക്ക് തന്നോടുണ്ടായിരുന്ന സ്നേഹം അപഹരിച്ച സതീശനോടു പകരംവീട്ടാൻ മഷിത്തട്ട് എടുത്തുവെച്ചുവെന്നു മാത്രം. അതു പുഴയിലെറിയാൻ നേരം കിട്ടാതിരുന്നതുകൊണ്ട് പെട്ടിക്കടിയിൽ വെച്ചതായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ കിരണ അതു കണ്ടെത്തി. അവൾ തന്റെ പെട്ടി പരിശോധിച്ചതാണെന്നാണ് നീലകണ്ഠൻ തെറ്റിദ്ധരിച്ചത്. അവൻ അവിടം വിട്ടുപോയി. എങ്ങോട്ട്? ആവോ? സ്നേഹം തേടി എവിടെയെങ്കിലും അലയുന്നുണ്ടാവും, അവന്റെ കുട്ടിക്കുറുമ്പുകളിലും നാടകസംഘത്തിൽ




നിന്നു പഠിച്ച ഗാനങ്ങളിലും നൃത്തങ്ങളിലും കോമാളിക്കളികളിലും രസം കണ്ടെത്തി അവനു വാത്സല്യദുഗ്ദ്ധം പകർന്നുകൊടുക്കുന്ന മറ്റൊരു കിരണയെ അവൻ എന്നെങ്കിലും കണ്ടുമുട്ടിയിരിക്കുമോ?

ടാഗോർ കഥകളിൽ മിന്നൽപോലെ ഒരുനിമിഷത്തേക്കു മാത്രം വന്നു തല കാട്ടി മറയുന്ന അനവധി ബാലകഥാപാത്രങ്ങളുണ്ട്. എല്ലാവരെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നില്ല. എന്നാലും 'വരദക്ഷിണ' എന്ന കഥയിൽ നവരാത്രിക്കാലത്ത് അമ്പലത്തിലേക്ക് ഉടുത്തുപോകാൻ നല്ലൊരു പാവാടയില്ലാതെ വിഷമിക്കുന്ന പെൺകുട്ടി, 'നിക്ഷേപ'ത്തിൽ ദരിദ്രനായ അച്ഛൻ ഉണ്ടാക്കിത്തരുന്ന മരക്കപ്പൽ മാത്രം കളിക്കോപ്പായി കിട്ടിയിട്ടും തുള്ളിച്ചാടിക്കളിക്കുന്ന ബാലൻ, 'നഷ്ടപ്പെട്ട കുട്ടി'യിൽ ഭൃത്യനെ പൂ പറിക്കാനയച്ച് തനിയെ പുഴവെള്ളത്തിൽച്ചെന്ന് കളിച്ച് അപ്രത്യക്ഷനായ ശിശു – ഇങ്ങനെ ചിലരെ പ്രത്യേകം ഓർത്തുപോകുന്നു. ഒരു വരിയിലോ, വാചകത്തിലോ മാത്രമായി ഒതുങ്ങിനിൽക്കുന്ന ആ കുട്ടികളും മിനിയെപ്പോലെയും ഫാതിക് ചക്രവർത്തിയെപ്പോലെയും ജീവനും മിഴിവുറ്റവരുമാണ്.

*(ആദ്യകാല തളിരിൽ നിന്നെടുത്തത്)*

# അക്വേറിയത്തിലെ കൂട്ടുകാരോട്

ശിവപ്രസാദ് പെരിയച്ചൂർ



വര: ഗോപു പട്ടിത്തറ

ചില്ലിട്ട കൂട്ടിലെ
ഇത്തിരി വെള്ളത്തിൽ
നീന്തിക്കളിക്കുവോരെ,

അറിയുമോ നിങ്ങൾക്ക്
പുഴയിലെ കൂട്ടുകാരെ
കേട്ടുവോ നിങ്ങളാ
കടലിലെ തിര പാടും
പാട്ടുകൾ കൂട്ടുകാരേ,

അറിയുമോ നിങ്ങൾക്ക്
കുനു കുനെ പെയ്യുന്ന
മഴയെന്ന സുന്ദരിയെ...!

അറിയുമോ നിങ്ങൾക്ക്
വെയിലെന്ന സുന്ദരനെ...!!
അറിയുമോ നിങ്ങൾക്ക്
കടലെന്ന;
പുഴയുടെ വല്യമ്മയെ...!!

ചില്ലിട്ട കൂട്ടിലെ
താമസം വേണ്ടിനി
കൂട്ടരേ കൂടെ വായോ...

പുഴയിലെ, കടലിലെ
കാഴ്ചകൾ കണ്ടിടാം
കൂട്ടരേ കൂടെ വായോ...!!



വര : ആശ ആർ

# ഇത്തിരിരിയിടം തരൂ

## ബാബുരാജ് മലപ്പട്ടം

മണ്ണിന്റെ മേലെ
ഉയിർക്കുന്ന വിത്തിൻ
ചുണ്ടു മന്ത്രിക്കുന്നു
ഇത്തിരിയിടം തരൂ

ആകാശമോളം
വളരാൻ നെറുകയിൽ
പൂവൊന്നു ചൂടി
ചിരിച്ചേയിരിക്കാൻ
ഇത്തിരിയിടം തരൂ..

വെയിലേറ്റു വാടാതെ
കാറ്റേറ്റിളകുവാൻ
സൗരഭ്യമേറെ
പകർന്നുനൽകീടുവാൻ
ഇത്തിരിയിടം തരൂ...





കണ്ണൂർ ജില്ലയിലെ തളിര് സ്കോളർഷിപ് വിതരണം ഡി ഡി ഇ ശ്രീ മനോജ് മണിയൂർ നിർവഹിക്കുന്നു.

# അന്നുവച്ച വാഴ അന്നു കുലയ്ക്കില്ല

**രേഖ ആർ താങ്കൾ**



വര: ആശ ആർ

എത്ര ശരത്ക്കാല
സന്ധ്യകൾ വന്നുപോയ്
ഹേമന്തവും ശിശിര
വർഷമേഘങ്ങളും
എത്ര വേനലിൻ
വറുതികൾ താണ്ടണം
തോരാമഴകളിൽ
ചേർന്നലിഞ്ഞീടണം
ഒന്നു പൂത്തീടാൻ സു-
ഗന്ധം പരത്തുവാൻ
നല്ല നാളേക്കുള്ള
കാത്തിരിപ്പാകുവാൻ.

## കുറിപ്പ്

വളരെ ദീർഘവീക്ഷണത്തോടുകൂടി ചെയ്യുന്ന പ്രവൃത്തികളാണ് ജീവിതത്തിൽ ഉപകരിക്കുന്നത്. ഒരു തൈ നട്ടാൽ ഉടൻ വിളവെടുക്കാനാവില്ലല്ലോ. പണ്ടാരോ നട്ട തൈയിൽ നിന്നാണല്ലോ ഇപ്പോൾ നാം വിളവെടുക്കുന്നത്. ഉടൻ തന്നെ ഫലം കിട്ടും എന്ന് കരുതി ഒരു പ്രവൃത്തിയും ചെയ്യരുത്. അടുത്ത തലമുറയെ കൂടി മുന്നിൽ കണ്ടുവേണം ഇന്ന് കാര്യങ്ങൾ ചെയ്യാനെന്ന് ഈ ചൊല്ല് ഓർമിപ്പിക്കുന്നു.

## അറിയിപ്പ്

തളിര് മാസികയെ കുറിച്ച് നിങ്ങൾക്കുള്ള വിലയേറിയ അഭിപ്രായം ഞങ്ങളെ അറിയിക്കുക. ഉള്ളടക്കത്തിലും മറ്റും ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ വരുത്തണമെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ അതും ഞങ്ങളെ എഴുതി അറിയിക്കൂ.

**വിലാസം : എഡിറ്റർ,**
**തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34.**
**ഇ മെയിൽ :** thaliru@ksicl.org

# മഹാഭാരതം

സുഗതകുമാരി

115

## കർണ്ണാർജ്ജുന യുദ്ധം

ഇക്കാഴ്ച കണ്ട് തീവ്രകോപം കലർന്ന ദുര്യോധനാനുജന്മാർ പത്തുപേർ തേരേറി വൻപടയോടെ ഭീമനെ വളഞ്ഞു. കൂരമ്പുകളേറ്റ് മെയ് മുറിഞ്ഞ് ക്രോധരക്താക്ഷനായി ഭീമൻ അവരുടെ നേർക്ക് പാഞ്ഞടുത്തു. എന്തിനേറെ വർണിക്കുന്നു! ആ പത്തുപേരെയും ഭീമൻ കൊന്നു വീഴ്ത്തി. യുദ്ധഭൂമിയിൽ ആർത്തനാദം മുഴങ്ങി. കൗരവസേന ഭയാകുലരായി ഓടിപ്പോയി. താൻ കണ്ടുനിൽക്കെ ഈ ആപത്തുകൾ സംഭവിച്ചതിൽ ദു:ഖിതനും ക്രുദ്ധനുമായ കർണൻ മഹാസ്ത്രങ്ങൾ തൂകിക്കൊണ്ട് ഭീമന്റെ നേർക്കടുത്തു. വീരനായ നകുലൻ ജ്യേഷ്ഠന്റെ സഹായത്തിനെത്തി. തീക്ഷ്ണശരങ്ങളാൽ കർണന്റെ കൊടിയും ധ്വജവും മുറിച്ചെറിഞ്ഞു. ഇതുകണ്ട വൃഷസേനനെന്ന കർണപുത്രൻ കോപിച്ചടുത്തു നകുലനോടേറ്റു. നകുലന്റെ കൊടിയും തേരും കുതിരകളും മുറിഞ്ഞുവീണു. തേരുപോയ നകുലൻ വാളും പരിചയും എടുത്തുകൊണ്ട് ഉയർന്നുപൊങ്ങി വെട്ടിത്തുടങ്ങി. വൃഷസേനൻ കൂരമ്പുകളാൽ നകുലനെ മൂടി. അമ്പേറ്റുമുറിഞ്ഞ ഉടലുമായി നകുലൻ ഭീമരഥത്തിൽ ചാടിക്കയറി. അതുകണ്ട് ശ്രീകൃഷ്ണപാർഥന്മാർ കൊടിയിളകി മുഴങ്ങിത്തുള്ളുന്ന അശ്വങ്ങളോടുകൂടിയ തേരിൽ അങ്ങോട്ടെത്തി. അവരെ വൃഷസേനൻ അമ്പു പൊഴിച്ചെതിരേറ്റു. ധനഞ്ജയന്റെ ഇടതുകൈയിലും ശ്രീകൃഷ്ണന്റെ മെയ്യിലും അമ്പുകൾ തറച്ചു. ക്രുദ്ധനായ പാർഥന്റെ നെറ്റിത്തടത്തിൽ മൂന്നു കൊടും ചുളിവുകൾ തെളിഞ്ഞു. ക്രൂരബാണങ്ങൾ പിറകേ പിറകേ പായിച്ച് അർജുനൻ കർണപുത്രനായ വൃഷസേനനെ കൊന്നുവീഴ്ത്തി. പൂമരം കാറ്റേറ്റുമറിയുംപോലെ തേരിൽ നിന്നു വീണ പുത്രനെക്കണ്ട് പൊള്ളുന്ന മനസ്സുമായി അതിക്രുദ്ധനായ കർണൻ കിരീടിയെ വധിക്കുവാൻ ഉറച്ച് മുന്നോട്ടടുത്തു.

പുത്രദു:ഖത്താൽ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടു കർണനും ക്രോധരക്താക്ഷനായി അർജുനനും നേർക്കുനേർ നിന്നു. രണ്ടു സൂര്യന്മാരെപ്പോലെ അവർ ജ്വലിച്ചു. പുലിത്തോൽ മൂടിയ ആ രണ്ടു പൊന്നണിത്തേരുകളും ഇടിമുഴങ്ങുംപോലെ തമ്മിലിടഞ്ഞു പോർ തുടങ്ങി. വിണ്ണിലും മന്നിലും ശങ്കയുയർന്നു– ഇവർ ഇരുവരും തുല്യതേജസ്വികൾ, തുല്യബലവാന്മാർ, ദിവ്യാസ്ത്രവിദഗ്ധർ– തേരുകൾ കൂട്ടിമുട്ടുന്നപോലെ അടുക്കുമ്പോൾ കർണന്റെ ആനച്ചങ്ങലക്കൊടിയും പാർഥന്റെ കപിക്കൊടിയും തമ്മിൽ ചേർന്നുപകർന്ന് ഇടഞ്ഞുകാണായി. ദ്വൈരഥയുദ്ധം ആരംഭിച്ചു. അർജുനനു ഹർഷമിയറ്റുവാൻ പാണ്ഡവർ ശംഖുകളൂതി, വാദ്യങ്ങളും പെരുമ്പറകളും ഘോഷിച്ചു. കൗരവപ്പടയും അതിനൊപ്പം സിംഹാരവം മുഴക്കി പെരുമ്പറകൾ കർണനു വീറുപകർന്നു.

എന്തൊരു കാഴ്ചയായിരുന്നു അത്! ഇരുവരും ഉയർന്ന ശിരസ്സും വിരിമാറിടവും ദീർഘബാഹുക്കളും കനത്തതോളുകളും വിടർന്നു ചുവന്ന കണ്ണുകളുമുള്ളവർ, ഇരുവരും പരമസുന്ദരന്മാർ, ഒരുവൻ ബാലസൂര്യനെപ്പോലെയും മറ്റേയാൾ പൂർണചന്ദ്രനെപ്പോലെയും ശോഭിക്കുന്നു. പൊൻചട്ടയിട്ട്, വാൾ തൂക്കിയിട്ട്, കൈയിൽ പെരുംവില്ലേന്തി പൊന്മാലയണിഞ്ഞ് രക്തചന്ദനംപൂശി വെൺകൊറ്റക്കുടകൾക്കു കീഴിൽ നീണ്ടുനിവർന്നു നിൽക്കുന്ന ദേവതുല്യാകാരർ! കർണനു സാരഥി മഹാവീരനായ ശല്യനൃപനെങ്കിൽ പാർഥനു സാരഥി സാക്ഷാൽ വാസുദേവൻ! വെളുത്ത കുതിരകളെ പൂട്ടിയ വൻതേരുകളിൽ പൊന്നണിഞ്ഞ ചാപങ്ങളേന്തി ശ്രീരാമചന്ദ്രനെപ്പോലെ ശോഭിക്കുന്ന അവർ ഇരുവരെയും ദേവന്മാരും ചാരണന്മാരും ബഹുമാനിച്ചു. കൗരവർ കർണനെച്ചുഴന്നുനിന്നു. ധൃഷ്ടദ്യുമ്നനെ മുൻനിർത്തി പാണ്ഡവർ അർജുനനു തുണനിന്നു. കർണൻ ജയിക്കട്ടേ എന്നു സൂര്യദേവൻ മകനെ ആശീർവദിച്ചു. അർജുനൻ ജയിക്കട്ടേ എന്നു ദേവേന്ദ്രൻ അനുഗ്രഹിച്ചു. വിണ്ണിൽനിന്നു ദിവ്യപുഷ്പങ്ങൾ പൊഴിഞ്ഞു. ദേവദുന്ദുഭികൾ ഘോഷിച്ചു കേൾക്കായി– ധ്വജപതാകകൾ തമ്മിലിടയുംപോലെ പാറിപ്പറന്നു. ശല്യർ പാർഥസാരഥിയെ ഉഗ്രദൃഷ്ടികളാൽ നോക്കി. കൃഷ്ണൻ ശല്യരെയും മന്ദഹാസത്തോടെ ഉറ്റുനോക്കി– ഇരുവരും വെളുത്ത മഹാശംഖങ്ങൾ കൈയിലേന്തി ഉച്ചധ്വനി മുഴക്കി. യുദ്ധം വീണ്ടും ആരംഭിച്ചു.

രണ്ടിലൊരാൾ മരിക്കും വരെയുള്ള, വർഷങ്ങളുടെ പകയും വാശിയുമുള്ള, കഠിനയുദ്ധം!

ഈ ദ്വൈരഥത്തിനു ചുറ്റും കുരുപാണ്ഡവർ ഏറ്റുമുട്ടി. സേനകൾ സ്വയംമറന്ന് ശത്രുക്ഷയം മാത്രം ലക്ഷ്യമാക്കി യുദ്ധംചെയ്തു. ദുര്യോധനൻ, കൃപൻ, ശകുനി, അശ്വത്ഥാമാവ് എന്നിവർ കൃഷ്ണാർജ്ജുനന്മാരെ അമ്പുകളാൽ മൂടുകയായി. അവയെല്ലാം അർജുനൻ അതിവേഗം പായുന്ന ബാണങ്ങളാൽ തടുത്തുമുറിച്ചു. കുരുനായകന്മാർ തുരുതുരെ വീണു. പോരാട്ടം ഭയങ്കരമായിത്തീർന്നു. ഇതിനിടെ ഗുരുപുത്രൻ ദുര്യോധന്റെ കൈപിടിച്ച് ഇങ്ങനെ ഉപദേശിച്ചു. 'പ്രഭോ, മതിയാക്കൂ ഈ യുദ്ധം. മഹാരഥരായ ഭീഷ്മരും ദ്രോണരും വീണുപോയി. അർജുനന്റെ മഹാവിക്രമം അങ്ങു കാണുന്നില്ലേ! ഞാൻ വീഴുകയില്ല. പക്ഷേ നമ്മുടെ സ്വജനങ്ങളെല്ലാം കൊല്ലപ്പെടുന്നു. ദുര്യോധന, ക്ഷമയുണ്ടാവട്ടേ മനസ്സിൽ, വിരോധമൊഴിക്കുക. പാണ്ഡവരൊത്ത് അങ്ങു നാടുവാണാലും, ഞാൻ ചെന്നുപറഞ്ഞാൽ അർജുനൻ അടങ്ങും. ശ്രീവാസുദേവന് ആരോടും വൈരമില്ല. യുധിഷ്ഠിരൻ ശമകാംക്ഷിയാണ്. ഭീമനും അനുജന്മാരും അവർ ഇരുവരും പറയുന്നതു കൈക്കൊള്ളും. മിത്രമേ, യുദ്ധം എല്ലാം നശിപ്പിക്കും. മതിയാക്കിയാലും.'

ദുര്യോധനൻ നെടുവീർപ്പിട്ടു. 'ഗുരുപുത്രാ, ദുശ്ശാസനന്റെ അന്ത്യം ഞാൻ മറക്കുന്നതെങ്ങനെ? അതു ഞാൻ പൊറുക്കുകയില്ല. പാർഥനെ കർണ്ണൻ കാറ്റിനെ മലപോലെ തടഞ്ഞുകൊള്ളും. ഞാൻ ചെയ്ത കഠിനകർമങ്ങളൊന്നും പാണ്ഡവർ ക്ഷമിക്കുകയില്ല. അതിനാൽ യുദ്ധം തുടർന്നേ കഴിയൂ.' ദുര്യോധനൻ സേനകളോടു കല്പിച്ചു. 'കൊല്ലുവിൻ! ആഞ്ഞു പോരാടുവിൻ! അടങ്ങി നിൽക്കുന്നതെന്ത്? കൊല്ലുവിൻ ശത്രുക്കളെ!'

**കർണ്ണൻ തീവ്രവേഗത്തിൽ അർജുനന്റെ നേർക്കു പാഞ്ഞടുക്കുന്നതുക കൗരവന്മാർ 'വേഗം കൊല്ലൂ... പാർഥനെ കൊല്ലൂ...' എന്നലറി വിളിച്ചു. അവർ പരസ്പരം പത്തമ്പുകൾ എയ്തു, പിന്നീടവ നൂറായി, എണ്ണാനാവാത്തപോലെയായി. പുരികം വളഞ്ഞൊടിഞ്ഞ് ക്രോധത്താൽ ജ്വലിച്ച് പാർഥൻ തൊടുക്കുന്ന അമ്പുകളെല്ലാം കർണ്ണബാണങ്ങളാൽ മുറിഞ്ഞുവീണു.**

മദയാനകളെപ്പോലെ, ക്രുദ്ധസിംഹങ്ങളെപ്പോലെ കർണ്ണനും വിജയനും പോരാടി. ഞാണൊലികൊണ്ടു ദിക്കെല്ലാം മുഴങ്ങി. ശരങ്ങൾ പെരുമഴപോലെ തെരുതെരെ പാഞ്ഞെത്തി. സൂതരും കുതിരകളും അമ്പേറ്റു ചോരയൊലിച്ചു കാണായി. കർണ്ണൻ തീവ്രവേഗത്തിൽ അർജുനന്റെ നേർക്കു പാഞ്ഞടുക്കുന്നതുകണ്ട കൗരവന്മാർ 'വേഗം കൊല്ലൂ... പാർഥനെ കൊല്ലൂ...' എന്നലറി വിളിച്ചു. അവർ പരസ്പരം പത്തമ്പുകൾ എയ്തു, പിന്നീടവ നൂറായി, എണ്ണാനാവാത്തപോലെയായി. പുരികം വളഞ്ഞൊടിഞ്ഞ് ക്രോധത്താൽ ജ്വലിച്ച് പാർഥൻ തൊടുക്കുന്ന അമ്പുകളെല്ലാം കർണ്ണബാണങ്ങളാൽ മുറിഞ്ഞുവീണു. അർജുനൻ ദീപ്തമായ ആഗ്നേയാസ്ത്രം കർണ്ണനു നേർക്കയച്ചു. അഗ്നി പടർന്നു, കത്തുന്ന വസ്ത്രങ്ങളുമായി സേനാനികൾ പിടഞ്ഞുപാഞ്ഞു. ആളുന്ന തീജ്വാലകൾ രണഭൂമിയിൽ നാവു നീട്ടിപ്പടർന്നു. പെട്ടെന്നതാ ആകാശത്തു മേഘങ്ങൾ നിറഞ്ഞു. ഇടിവെട്ടി മഴ പെയ്തു തീകെടുത്തി. കർണ്ണന്റെ വരുണാസ്ത്രപ്രഭാവം കണ്ട് വായ വ്യാസ്ത്രത്താൽ അർജുനൻ മേഘങ്ങളെ തുരത്തി. കൊടുങ്കാറ്റടിച്ചു. അർജുനൻ പിന്നീട് അർധചന്ദ്രാകാരമാർന്നതും ജ്വലിക്കുന്നതും ഇന്ദ്രപ്രിയവു



വര: ജയേന്ദ്രൻ

മായ വജ്രം കർണനു നേർക്കയച്ചു. രശ്മികൾ ചിതറിച്ചുകൊണ്ട് പാഞ്ഞുവരുന്ന ആ ഇന്ദ്രായുധത്തെ കണ്ണുരുട്ടി ചൊടിച്ചുകൊണ്ട് കർണൻ ഭാർഗവാസ്ത്രംകൊണ്ടു തടുത്തു. വജ്രായുധത്തിൽ നിന്നു പാഞ്ഞെത്തിയ തീക്ഷ്ണാസ്ത്രങ്ങൾ ഭാർഗവാസ്ത്രത്താൽ തകർന്നുവീണു. കർണന്റെ അമ്പുകളേറ്റ് തേരുകളും ആനകളും കാലാളും ചത്തു ചിതറി. പാഞ്ചാലർ തോറ്റു മടങ്ങി. ശ്രീകൃഷ്ണന്റെ ശ്യാമകളേബരം അമ്പുകളേറ്റുമുറിഞ്ഞ്, ചുവന്ന പൂക്കളണിഞ്ഞപോലെ ശോഭിച്ചു. ഭീമൻ അമർഷത്തോടെ കൈകൾ തിരുമ്മി.

'ഓർക്കൂ അർജുന, പാഞ്ചാലിയുടെ അവമാനമോർക്കൂ. വാശിയോടെ പൊരുതൂ!' എന്നു ഗർജിച്ചു.

കർണന്റെ അമാനുഷശക്തി കണ്ട് കൗരവസേന ആഹ്ലാദത്തോടെ ആർത്തുവിളിച്ചു.

പാർഥസാരഥി തിരിഞ്ഞു നോക്കി. 'സഖേ, എന്തീ വിളംബം? കിരാതമൂർത്തിയെപ്പോലും യുദ്ധത്തിൽ പ്രീതനാക്കിയവനല്ലേ നീ! മോഹം വെടിഞ്ഞ് യുദ്ധം ചെയ്യൂ.'

മനംതെളിഞ്ഞ് അർജുനൻ ഘോരമായ ബ്രഹ്മാസ്ത്രമെടുത്തു മന്ത്രിച്ച് കർണനു നേരെ പ്രയോഗിച്ചു. വീരാധിവീരനായ കർണനാകട്ടെ കുലുങ്ങാതെ ബ്രഹ്മാസ്ത്രാൽത്തന്നെ അതിനെ ശമിപ്പിച്ചു. ഭീമൻ വിളിച്ചുപറഞ്ഞു. 'അർജുന, മഹാബ്രഹ്മാസ്ത്രം നിനക്കധീനമല്ലേ! അതു പ്രയോഗിക്കൂ...'

അർജുനൻ അങ്ങനെ ചെയ്തു. നൂറുനൂറായുധങ്ങൾ സൂര്യപ്രഭയോടെ അതിൽനിന്നു പുറപ്പെട്ടു കർണരഥത്തെ മൂടി. കൗരവസേന കൂട്ടംകൂട്ടമായി അസ്ത്രാഗ്നിയിൽ ദഹിച്ചു വീണു. ആ മഹാസ്ത്രത്തെയും സാക്ഷാൽ പരശുരാമശിഷ്യനായ കർണൻ മഹാബ്രഹ്മാസ്ത്രത്താൽ തന്നെ അടക്കി.

**മനംതെളിഞ്ഞ് അർജുനൻ ഘോരമായ ബ്രഹ്മാസ്ത്രമെടുത്തു മന്ത്രിച്ച് കർണനു നേരെ പ്രയോഗിച്ചു. വീരാധിവീരനായ കർണനാകട്ടെ കുലുങ്ങാതെ ബ്രഹ്മാസ്ത്രാൽത്തന്നെ അതിനെ ശമിപ്പിച്ചു. ഭീമൻ വിളിച്ചുപറഞ്ഞു. 'അർജുന, മഹാബ്രഹ്മാസ്ത്രം നിനക്കധീനമല്ലേ! അതു പ്രയോഗിക്കൂ...'**

ഗർജിച്ചുകൊണ്ട് തന്റെ നേർക്കു വരുന്ന കർണനെ കഠോരബാണങ്ങളാൽ പാർഥൻ തടഞ്ഞു. ഭീമന്റെയും ശ്രീകൃഷ്ണന്റെയും പാർഥന്റെയും ശരീരങ്ങൾ കർണബാണങ്ങളാൽ മുറിഞ്ഞു ചോരചിന്തി. അതു സഹിക്കാഞ്ഞ് അർജുനൻ ക്രൂരശരങ്ങളാൽ സുഷേണന്റെ വില്ലറുത്തു. കൊടിയറുത്തു. സൂതനെ കൊന്നു. കുതിരകളെ കൊന്നു, ഒരു ബാണത്താൽ സുഷേണനെയും കൊന്നു. ശല്യർക്ക് മുറിവേറ്റു. കർണസൈന്യത്തെ ആകമാനം ശരങ്ങളാൽ കൊന്നു ചിതറിച്ചു. കർണൻ ഉഗ്രമായി പ്രത്യാക്രമിച്ചു. അപ്പോൾ, വൈദ്യന്മാർ മരുന്നിട്ടു വേദനശമിപ്പിച്ച മുറിവുകൾക്കുമേൽ പൊൻചട്ടയണിഞ്ഞ് യുധിഷ്ഠിരൻ സേനാസഹിതനായി യുദ്ധഭൂമിയിലെത്തി സഹോദരന്മാർക്കു സന്തോഷം വളർത്തി, രാഹുവിന്റെ പിടിവിട്ട തിങ്കളെപ്പോലെ ആ മഹാരാജാവു വിളങ്ങി, കർണാർജുനയുദ്ധം കണ്ടുനിന്നു. വാഹനങ്ങളെ നിർത്തി ദേവന്മാരും യുദ്ധഭൂമിയിലുള്ളവരും ഈ മഹായുദ്ധം കണ്ടുനിന്നുപോയി. ശരവർഷം ചെയ്യുന്നതിനിടയ്ക്ക് ഗാണ്ഡീവത്തിന്റെ ഞാൺ മുറിഞ്ഞുപോയി. അതുകണ്ട കർണൻ പാർഥനെ നൂറുനൂറമ്പിനാൽ മൂടിയാർത്തു. പാഞ്ചാലർ ആയിരക്കണക്കിനു മരിച്ചുവീണു.

കർണാസ്ത്രങ്ങളാൽ ആകെ മുറിഞ്ഞ മെയ്യോടെ ക്രുദ്ധനായ അർജുനൻ ഉടനടി ഞാൺ മുറുക്കി കൂർത്ത ശരമാരി പെയ്ത് കുരുക്കളെ സംഭ്രാന്തരാക്കി. ആകാശം ഇരുണ്ടു. പക്ഷികൾ വഴിമുട്ടിപ്പറന്നുഴന്നു. പാർഥൻ ശല്യരുടെ ചട്ടമേൽ പത്തുബാണം പ്രയോഗിച്ചു. കർണനാകട്ടെ അമ്പേറ്റുപിളർന്ന സുന്ദരശരീരവുമായി ചോരപുരണ്ടു ശ്മശാനത്തിൽ വിളയാടുന്ന രുദ്രനെപ്പോലെ രണഭൂമിയിൽ വിലസി. കേശവന്റെ പൊൻചട്ട കീറിക്കടന്നു പോയീ കർണന്റെ അമ്പുകൾ. അർജുനാസ്ത്രങ്ങൾ കർണന്റെ രഥചക്രങ്ങൾ കാത്തുനിന്നവരെയെല്ലാം കാലനൂർക്കയച്ചു. ദുര്യോധനനു ശക്തിപകർന്നുനിന്ന രണ്ടായിരം പേരെ അർജുനാസ്ത്രങ്ങൾ വധിച്ചു. കൗരവന്മാർ ഭയപ്പെട്ടു പാഞ്ഞുതുടങ്ങി. പ്രിയപ്പെട്ടവർ വീണു മരിക്കുന്നതുകണ്ട് കരഞ്ഞും പ്രിയപ്പെട്ടവരെ വെടിഞ്ഞും പായുന്നവരുടെ ബഹളത്തിനു നടുവിൽനിന്ന് കർണൻ കുലുങ്ങാതെ പോർചെയ്തു. ബാണങ്ങൾ ചീറിപ്പായുന്നതല്ലാതെ ഒന്നുമേ കാണാനില്ല. ഇടയ്ക്കു കർണൻ ജയിച്ചുകേറും– പിന്നീട് അർജുനനാകും മുന്നേറുക– തേരുകൾ ഭീതിദമായ വേഗത്തോടെ പിന്മാറിയും മുന്നേറിയും മാറിക്കളഞ്ഞും ചുറ്റിത്തിരിഞ്ഞും ചലിക്കുന്നു. യുദ്ധം ചെയ്തു തളരുന്ന ആ മഹായോദ്ധാക്കളുടെ മെയ്യിൽ ചന്ദനച്ചാറു തളിക്കുന്നതാര്? വീശിത്തണുപ്പിക്കുന്നതാര്? വാനിൽ നിന്നു ദേവസ്ത്രീകളോ? ചോരയും വിയർപ്പും ഒലിക്കുന്ന പുത്രമുഖങ്ങൾ സൂര്യനും ഇന്ദ്രനും അദൃശ്യഹസ്തങ്ങളാൽ അലിവോടെ തുടച്ചുതലോടുന്നു. യുദ്ധം ഇരമ്പുകയാണ്. (തുടരും)

# ഇളം തളിർ

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...



## പാഠപുസ്തകം

**നീലാംബരി എസ് പി , ക്ലാസ് 6, എച്ച് എസ് എസ് ഫോർ ഗേൾസ്, വെങ്ങാനൂർ**

പുതുപാഠപുസ്തകത്താൾ തുറന്നു
പുതുമണമെങ്ങും പരന്നുവല്ലോ
വിദ്യാലയത്തിന്നകത്തളത്തിൽ
അക്ഷരപ്പൂക്കൾ വിടർന്നുവല്ലോ
അറിവിന്റെ ആഘോഷവേളയായി
വിദ്യാലയത്തിന്റെ അങ്കണത്തിൽ
പുസ്തകത്തിൽ നിന്നുമക്ഷരങ്ങൾ
കാറ്റിൽ പറന്നു പൂമ്പാറ്റകളായ്
അർഥവത്താകുമോരോ വരിയും
അഴകോടെ മിന്നിത്തിളങ്ങുകയായ്
ലക്ഷ്യത്തിലെത്തുവാൻ കുഞ്ഞുങ്ങൾക്ക്
കൈത്താങ്ങായ്മാറിയിന്നീ കൂട്ടുകാർ.



## പുത്തൻ പ്രതീക്ഷകൾ

**പത്മപ്രിയ എസ് കെ, ക്ലാസ് 8, എസ് പി ബി എച്ച് എസ് എസ്, രാമനാട്ടുകര**

എന്നും കിഴക്കുദിക്കുന്ന സൂര്യൻ
അന്ധകാരത്തെ തുരത്തിടുന്നു
പുത്തൻപുലരി വിരിച്ചിടുന്നു
ചുറ്റും പ്രകാശം പരത്തിടുന്നു
പുതുജീവനുന്മാദമേകിടുന്നു
നഷ്ടസ്വപ്നങ്ങളെ മായ്ച്ചിടുന്നു
പുത്തൻ പ്രതീക്ഷകൾ നൽകിടുന്നു
സ്നേഹമായ് എന്നും ജ്വലിച്ചിടുന്നു.




വര: ഗോപു പട്ടിത്തറ

# വര



കൃഷ്ണമോഹൻ, ക്ലാസ് 9, ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് എച്ച് എസ് എസ്





അയന രാജീവ്
ക്ലാസ് 8
ഡി ബി എച്ച് എസ് എസ് തകഴി.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# ഞങ്ങൾ പകർത്തിയത്







നസ്റ ഖദീജ, ക്ലാസ് 9
ഫാത്തിമ ഗേൾസ് ഹൈസ്കൂൾ,
ഫോർട്ട് കൊച്ചി
ഹൗസ് നമ്പർ 2/972, കൊഞ്ചേരി,
ഫോർട്ട് കൊച്ചി - 682001

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 — May 2021
Regd KL/TV (N)/399/2021-2023 Published on 29-04-2021 Vol:27, Issue:05, ₹20


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276,
Mob : 8547971483
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം, സാഹിതി തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ACCOUNT NUMBER : 67178297569. IFSC : SBIN0000941

ഈ അക്കൗണ്ട് നമ്പരിലേക്ക് പണം അയച്ചാലും
പുസ്തകങ്ങൾഅയച്ചുതരുന്നതാണ്.




തളിര്

കുട്ടികളുടെ മാസിക
വില 20രൂപ
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**